
# ലോകവാണി

LOKAVANI ★ ★ ★ MADRAS.



വാല്യം 1 വില 4 ണ. ലക്കം 11

## അടുത്ത ലക്കത്തിൽ


1 രൂപമോ രൂപയോ (കവിത) ശ്രീ. വെണ്ണിക്കുളം

2 ശ്രീ. കെ. സി. മാമ്മൻമാപ്പിള (ലഘുചിത്രപംക്തി) ശ്രീ. ഈ. എം. കോവൂർ

3 അത്രമാത്രം (കവിത) ശ്രീ. പി. ഭാസ്കരൻ



# WILFRED PEREIRA LTD.

**(Qualified Chemists)**

കാസം (ആസ്ത്മാ), ശ്വാസകോശം സംബന്ധിച്ചുള്ള രോഗങ്ങൾ

ഇവയ്ക്കു കൈകണ്ട ഔഷധം.

## ബ്രോങ്കാസ്ത്മിൻ എലിക്സീർ

വില കുപ്പി ഒന്നിന്ന് 3 ക. 4 ണ.

★

ശിശുക്കൾക്ക് സിദ്ധൌഷധം

ഞെട്ടൽ, അമ്ലപിത്തം, മുതലായ രോഗങ്ങൾക്കും, പല്ലു വരുമ്പോഴുള്ള

അസുഖങ്ങൾക്കും പ്രത്യേകം ഗുണകരമായ

## ഗ്രൈപ്പൻഡ്

വില കുപ്പി ഒന്നിന്ന് 1 ക. 4 ണ.

മൊത്തമായും ചില്ലറയായും വില്ക്കുന്ന സ്ഥലം.

WILFRED PEREIRA LTD. Head Office, MADRAS.

ശാഖകൾ :— കോയമ്പത്തൂർ, ഊട്ടക്കമെണ്ട്, കന്നൂർ,

കൊഡയ്ക്കനാൽ, കൊട്ടഗിരി.

# ലോകവാണി

# സ്വാതന്ത്ര്യദിന

# വിശേഷാൽ പ്രതി

---

## ഉള്ളടക്കം


1. അഞ്ജലി അല്ലെങ്കിൽ വിമോചനം (കവിത) : ഡാക്ടർ ചേലനാട്ട് അച്ചുതമേനോൻ.
2. "വെള്ളക്കാരന്റെ തല" അഥവാ "സ്വരാജിനു വേണ്ടി : കെ. എം. ജോർജ്.
3. വിശ്വാസം (കവിത) : ജി.
4. എന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം : അപണ്ഡിതൻ.
5. ജീവചരിത്രസരണി-'മഹാ ത്യാഗിയായ വേലുത്തമ്പി ദളവാ' : വി. ആർ. പരമേശ്വരൻ പിള്ള.
6. വനിതാസമ്മേളനം (ചെറുകഥ) : എം. എൻ. ഗോവിന്ദൻ നായർ.
7. കൃതഘ്നത (കവിത) : ജോസ്.
8. പുസ്തകങ്ങൾ- 'മുരളി' : ഓ. എം. അനുജൻ.
9. സ്വാതന്ത്ര്യം : ഈശ്വരവാരിയർ.
10. കഷായം : വാഗ്ഭടൻ.
11. ഒന്നു് അല്ലെങ്കിൽ ഓട്ടപ്പൂജ്യം : എം. ഗോവിന്ദൻ.
12. ധൂമാങ്കരചിന്തകൾ : (കരി)
13. തൂലികയോട് (കവിത) : കെ. പ്യാർ.
14. വായനക്കാർ ലോകവാണിയിൽ.


—*—

National Book Stall,
KALARIKAL BAZAAR,
KOTTAYAM.

## THE TRAVANCORE FORWARD BANK LTD.

Incorporated In Travancore, 1929.
*(Liability of Members Limited)*

### A SCHEDULED BANK

**HEAD OFFICE : KOTTAYAM.**

Branches and Agencies at all Important Centres in India.

| | | |
|---|---|---|
| Authorised Capital | ... | Rs. 50,00,000 |
| Issued and Subscribed Capital | ... | Rs. 25.00,000 |
| Paid-up Capital and Reserves | ... | Rs. 17,26,000 |

FIXED DEPOSITS RECEIVED AND
3 YEAR CASH CERTIFICATES
ISSUED ON VERY FAVOURABLE TERMS

All Kinds of Banking Business Transacted

*Madras Branch :*

14-A, STRINGER ST., "Loane Square", BROADWAY.
Telephone No. "2725".

C. M. CHERIAN, M.A.,
*Secretary.*

---

# ലോകവാണി

## ( ഒരു പ്രതിപക്ഷപത്രിക )

മാസന്തോറം 1, 15 എന്നീ തീയതികളിൽ
പ്രസിദ്ധപ്പെടുത്തുന്നതാണ്.

കേരളത്തിലെ പേരുകേട്ട എല്ലാസാഹിത്യകാരന്മാരും ലോകവാണി
യിൽ എഴുതുന്നുണ്ട്.

ഒററ പ്രതി 4 ണ. വരിസംഖ്യ ഒരു വഷത്തേക്ക 6 ക.

കേരളത്തിനുള്ളിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

വ്യവസ്ഥകൾക്ക ഉടനേ എഴുതുക :

*The Manager,*
**Lokavani Office,**
**TAMBARAM.**

# ലോകവാണി

വാല്യം 1 15-8-1948 ലക്കം 11


## ഒരു വർഷത്തെ സ്വാതന്ത്ര്യം

ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ആഗസ്റ്റുമാസത്തിനു ഒരു പ്രത്യേക സ്ഥാനമുണ്ടു്. അതിപ്രധാനങ്ങളും വിപ്ലവപൂർണ്ണങ്ങളുമായ സംഭവങ്ങളേയും തീരുമാനങ്ങളേയും പ്രസവിക്കുന്നതിനുള്ള ഭാഗ്യം ആ മാസത്തിന്നാണു കൈവന്നിട്ടുള്ളതു്. 1942മുതൽ ആഗസ്റ്റു 9–ദേശാഭിമാനവും രാഷ്ട്രീയപ്രബുദ്ധതയുമുള്ള ആളുകളുടെ രക്തം തിളപ്പിക്കുന്ന ഒരു ദവസമായിരുന്നു. പക്ഷേ 1947 ആഗസ്റ്റു വന്നപ്പോഴേക്കും ആ ഒൻപതു് പശ്ചാത്തലത്തിൽ മങ്ങിയും പകരം പതിനഞ്ചു പൊങ്ങിയും നിലകൊണ്ടു. ഇപ്പോഴും ഇന്ത്യാക്കാരനു് ആഗസ്റ്റ് 15ലാണു ആണ്ടു തുടങ്ങുന്നതു്. ഈ തിയ്യതി മലയാം കൊല്ലത്തിന്റെ ആരംഭത്തിൽ വന്നതു നമുക്കു പ്രത്യേകിച്ചും ആനന്ദകരവും അഭിമാനജനകവുമത്രേ.

ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചിട്ടു ഒരു വർഷമായി എന്നോ! ഇത്ര പെട്ടെന്നു ഒരു കൊല്ലം കഴിഞ്ഞു എന്നു വിശ്വസിക്കാൻ പ്രയാസം. ഇതെന്താണു സൂചിപ്പിക്കുന്നതു്? അത്യന്തം സംഭവബഹുലമായ ഒരു കാലഘട്ടമാണു നാം തരണം ചെയ്തതു്. അതിനാൽ സമയം കടന്നുപോയതു നമുക്കറിയാനേ കഴിഞ്ഞില്ല. ഈ ബഹുലസംഭവങ്ങളിൽ പലതും നമുക്കു ഹൃദയവേദനയും, പശ്ചാത്താപവും ഉണ്ടാക്കുന്നതാണു്. സ്വാതന്ത്ര്യസൂര്യന്റെ ഉദയത്തോടുതന്നെ വലിയ ഒരു കാർമേഘപടലം അതിനെ ആവരണം ചെയ്തുകളഞ്ഞു. പക്കിസ്ഥാൻ പ്രത്യേക ഡൊമിനിയനായിത്തീരുന്നതിനു ഭാരതാംബയെ വെട്ടിമുറിക്കേണ്ടതായിവന്നു. ഹിന്ദു മുസ്ലിം ബഹളങ്ങളും അഭയാർത്ഥിപ്രശ്നങ്ങളും ബോധമുള്ളവരുടെയെല്ലാം ഹൃദയത്തെ വല്ലാതെ മഥിച്ചു. ആ മുറിവു കരിയുന്നതിനു മുമ്പേ, ആ രക്തം ഉണങ്ങുന്നതിനു മുമ്പേ ആത്മഹത്യാപരമായ മറെറാരു കൃത്യം നാം ചെയ്തു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ നമ്മുടെ കൂട്ടത്തിൽ ഒരാൾതന്നേ നിഷ്ഠുരണം വധിച്ചു. ഇക്കഴിഞ്ഞ വർഷത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അത്യന്തം ദയനീയങ്ങളായ പ്രസ്തുത സംഗതികൾ സ്മരിക്കാതെ പോകുന്നതു അസാദ്ധ്യംതന്നെയാണു്. അതിനാൽ സ്വാതന്ത്ര്യംകൊണ്ടു നമുക്കു ലഭിച്ചതു്, അല്ലെങ്കിൽ നാം സാധിച്ചതു ഇ

തൊക്കെയാണോ എന്നു അത്ഭുതത്തോടും ആശങ്കയോടും നാം സ്വയം ചോദിച്ചു പോകുന്നു.

ഏറിയേറിവരുന്ന പ്രതീക്ഷകളോടും ആകാംക്ഷകളോടുമാണു നാം സ്വാതന്ത്ര്യത്തെ സ്വാഗതം ചെയ്തതു്. നാട്ടിൽ പൊതുവേ വളരെ അഭിവൃദ്ധി ഉണ്ടാകുമെന്നും, സാധാരണ ജനങ്ങളുടെ ജീവിതത്തോതു് ആശാസ്യമാംവിധം ഉയരുമെന്നും, ആകെപ്പാടെ കൂടുതൽ സമാധാനവും സംതൃപ്തിയും ഉണ്ടാകുമെന്നും നാം പ്രതീക്ഷിച്ചു. പക്ഷേ യാഥാർത്ഥ്യം പ്രതീക്ഷകളിൽനിന്നു വളരെ വിദൂരമായി ഇന്നും നില്ക്കുകയാണു്. ഒരു പക്ഷേ നമ്മുടെ ആശകൾ വേണ്ടത്ര ബുദ്ധിപൂർവ്വമായിരുന്നിരിക്കില്ല. ഒരു കൊല്ലത്തെ സ്വതന്ത്രജീവിതംകൊണ്ടു നാം ഒന്നും നേടിയിട്ടില്ല എന്നു വിചാരിക്കുന്നതും ശരിയല്ല. മറ്റൊന്നുമില്ലെങ്കിൽതന്നെ നമ്മുടെ ആളുകൾതന്നെ ഭരണകർത്താക്കളായിരിക്കുന്നു എന്ന സംഗതിപോലും അഭിമാനകരമല്ലേ? പക്ഷേ സാധാരണ ജനങ്ങൾക്കു രാഷ്ട്രീയസ്വാതന്ത്ര്യത്തെക്കുറിച്ചു വലിയ ശ്രദ്ധയില്ല. സാമ്പത്തികസ്വാതന്ത്ര്യമാണു പാവപ്പെട്ടവന്റെ ലക്ഷ്യം. രാഷ്ട്രീയസ്വാതന്ത്ര്യംമൂലം അതു ലഭിക്കുമെങ്കിൽമാത്രമേ അതിൽ അവൻ താല്പര്യം കാണിക്കയുള്ളു. പട്ടിണി കിടക്കുന്നതിനുള്ള സ്വാതന്ത്ര്യം അവനു പണ്ടേ ഉണ്ടായിരുന്നു. എനിക്കു എന്തുകിട്ടി എന്നു അവൻ ചോദിക്കുമ്പോൾ, 'കൂടുതൽ ദാരിദ്ര്യം, കൂടുതൽ ബുദ്ധിമുട്ടു്' എന്ന മറുപടിയാണു ലഭിക്കുന്നതു്. ഇങ്ങനെ തുടങ്ങിയാൽ പല നൈരാശ്യങ്ങളും പറഞ്ഞുകൂട്ടുന്നതിനുണ്ടാവും. പക്ഷേ പരാതികളും പരിദേവനങ്ങളും അന്തരീക്ഷത്തിൽ അലയടിപ്പിക്കുന്നതിനുള്ള അവസരമല്ല ഇതു്.

മററുള്ളവരേക്കുറിച്ചു വിധി എഴുതാതെ സഹതാപപൂർവ്വം ചിന്തിക്കുന്നതിനും, നമ്മേക്കുറിച്ചു ആത്മപരിശോധന നടത്തുന്നതിനും ഉള്ള ഒരു സമയമാണു് ഇതു്. "എനിക്കു എന്തു കിട്ടി? അവർ എന്തു ചെയ്തു?" എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉപേക്ഷിച്ചിട്ടു്, "നമുക്കു എന്തു കിട്ടി? ഞാൻ എന്തു ചെയ്തു?" എന്നിപ്രകാരം ചിന്തിച്ചു തുടങ്ങിയിരുന്നെങ്കിൽ എത്ര നന്നായേനേ. മാറിനിന്നു വിമർശിക്കാനല്ല, ഉള്ളിൽ കയറി പ്രവർത്തിപ്പാനാണു നമുക്കു സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നതു്. തുലാസ്സിൽ തൂക്കിനോക്കിയാൽ നമ്മിൽ പലരും അക്കാര്യത്തിൽ വളരെ കുറവുള്ളവരായി കാണപ്പെടുന്നതാണു്. അപ്പോൾ നമ്മുടെ നാട്ടിൽ വേണ്ടത്ര ക്ഷേമവും ഐശ്വര്യവും ഉണ്ടായിട്ടില്ലെങ്കിൽ അതിനു ഉത്തരവാദികൾ മുകളിൽ ഇരിക്കുന്ന ഏതാനും വ്യക്തികൾ മാത്രമല്ല, നാമും അതിൽ പങ്കാളികൾ തന്നെയാണു്. എങ്കിലും അധികാരസ്ഥാനത്തിരിക്കുന്ന ആളുകൾക്കു അധികം ഉത്തരവാദിത്വം ഉണ്ടെന്നു പറയാതെ നിവൃത്തിയില്ല.

ഉള്ളിൽ കയറി പ്രവർത്തിക്കണമെന്നു മുമ്പേ സൂചിപ്പിച്ചു. എങ്കിലും ഉള്ളിൽ കയറുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടോ? വളർച്ചയും ഉയർച്ചയും സഹായകമാകും വിധത്തിൽ വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യസ്വാതന്ത്ര്യവും നമ്മുടെ നാട്ടിൽ ഉണ്ടോ? ആശാസ്യമായ വിധത്തിൽ പ്രവർത്തനസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യവും നാം അനുഭ

വിക്കുന്നുണ്ടോ? ഈ ചോദ്യങ്ങളും നമ്മെ നിരാശപ്പെടുത്തുകയാണു ചെയ്യുന്നതു്. ഒരു വ്യക്തിക്കോ ഒരു സംഘടനയ്ക്കോ ഇടതുപക്ഷത്തോടു് ഒരു ചായ്വു കണ്ടാൽ ഉടനേ മർദ്ദനയം കൈക്കൊള്ളുകയായി. ഭരണകൂടത്തിന്റെ ഏതെങ്കിലും നയത്തെ ശക്തിയായ ഭാഷയിൽ ഒരു പത്രം വിമർശിച്ചുപോയാൽ അതിന്റെ പ്രവാഹത്തിനു ചിറ കെട്ടുകയായി. തന്മൂലം "ഇതാണോ സ്വാതന്ത്ര്യം?" എന്ന ചോദ്യം അന്തരീക്ഷത്തിൽ ഉയർന്നുവരുന്നു. അങ്ങനെ ബഹുജന സ്വാതന്ത്ര്യം കക്ഷിസ്വാതന്ത്ര്യമായി ചുരുങ്ങിപ്പോകുന്നു. അധികാരത്തിലിരിക്കുന്ന കക്ഷിയുടെ സ്വാതന്ത്ര്യം മററു കക്ഷികളുടെ പാരതന്ത്ര്യത്തിനു കാരണമാകുന്നു. അതു കൂടാതെ നിവൃത്തിയില്ലേ ?

അങ്ങനെയെങ്കിൽ ഈ 'സ്വാതന്ത്ര്യം' എന്നു പറയുന്നതിന്റെ യഥാർത്ഥസ്വഭാവം എന്താണു്? എന്തും ചെയ്യാനും പറയാനുമുള്ള അവകാശമാണോ സ്വാതന്ത്ര്യം? അങ്ങനെയെങ്കിൽ ആ സ്വാതന്ത്ര്യം രണ്ടു വ്യക്തികൾ ഉള്ള ഒരു ലോകത്തിൽ സാദ്ധ്യമല്ല. എന്റെ സ്വാതന്ത്ര്യം എന്റെ സഹോദരനു പാരതന്ത്ര്യകാരണമാകുന്നുഎങ്കിൽ അതു സ്വാതന്ത്ര്യമല്ല—തോന്ന്യാസമാണു്. അതിനാൽ എനിക്കും എന്റെ ചുററുപാടുമുള്ളവർക്കും സ്വാതന്ത്ര്യം ഒരുപോലെ അനുഭവിക്കണമെങ്കിൽ ഞങ്ങളുടെ സ്വാതന്ത്ര്യത്തിനു പല പരിമിതികളും ഉണ്ടായിരിക്കും. പക്ഷേ ഈ സ്വാതന്ത്ര്യത്തിന്റെ പരിമിതി നിർണ്ണയിക്കുക ഏററവും പ്രയാസമുള്ള ഒരു കാര്യമാണു്. മററു ദേശങ്ങളെ യപേക്ഷിച്ചു കൂടുതൽ വ്യക്തിസ്വാതന്ത്ര്യം ഉള്ള അമേരിക്കയിൽ, സ്വതന്ത്രമനസ്സനായ ഒരാൾ വടി ചുഴററിക്കൊണ്ടു വഴിയേ നടന്നുവെന്നും അതു മറെറാരാളുടെ മൂക്കിൽ കൊണ്ടപ്പോൾ അയാൾ "നിന്റെ സ്വാതന്ത്ര്യം എന്റെ മൂക്കു തുടങ്ങുന്നിടത്തു അവസാനിക്കുന്നു" എന്നു പറഞ്ഞുവെന്നും ഒരു കഥ കേട്ടിട്ടുണ്ടു്. മററുള്ളവന്റെ സ്വാതന്ത്ര്യത്തെ ബാധിക്കാതിരിക്കത്തക്കവണ്ണം നമ്മുടെ സ്വാതന്ത്ര്യത്തിനു അതിരു കല്പിക്കേണ്ടതാണു എന്നു് ഈ കഥ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യൻ ഒരു സാമൂഹ്യജീവി ആയിരിക്കുന്നിടത്തോളംകാലം ഈ പരിമിതികൾ അവൻ സ്വാഗതം ചെയ്തേ മതിയാകൂ.

ഒരു വ്യക്തി മററു വ്യക്തികളെ, ഒരു കക്ഷി മററു കക്ഷികളെ, ഒരു രാജ്യം മററു രാജ്യങ്ങളെ പാരതന്ത്ര്യത്തിലിട്ടു വലച്ചു സ്വാതന്ത്ര്യം നേടാനുള്ള ശ്രമങ്ങളാണു ഇന്നു ലോകത്തിൽ കാണുന്നതു്. ഈ സ്വാർത്ഥതയാണു യഥാർത്ഥ സ്വാതന്ത്ര്യത്തിനു കണ്ടകോടാലിയായിത്തീരുന്നതു്. ഇപ്രകാരമുള്ള മത്സരത്തിൽസ്വാതന്ത്ര്യം പറിച്ചു കീറി വീതം വെയ്ക്കാനുള്ള ശ്രമമാണു ആദ്യം കാണുന്നതു്. അതു പരാജയപ്പെടുമ്പോൾ കലാപങ്ങളും യുദ്ധങ്ങളും ഉണ്ടാകുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിൽ സ്വാതന്ത്ര്യം കൈവന്നപ്പോൾ മതം അതിന്റെ വീതം ചോദിച്ചു. അതു കഴിഞ്ഞപ്പോൾ ചരിത്രവും പാരമ്പര്യവും അവകാശവാദങ്ങൾ മുഴക്കി. ഇപ്പോൾ ഭാഷ പോലും സ്വാതന്ത്ര്യത്തിന്റെ വീതമെവിടെ എന്നു ഗർജ്ജിച്ചുകൊണ്ടു നില്ക്കുന്നു. മുസ്ലീംമതക്കാർ സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗം പറിച്ചെടുത്തു. അതു കഴിഞ്ഞപ്പോൾ ചരിത്രത്തിന്റെ പിൻബലത്തിൽ ചിലനാ

ട്ട രാജാക്കന്മാർ കലശലു കൂട്ടി. ഇപ്പോഴും ഇതാ ഹൈദ്രബാദ് മക്കടെ മുഷ്ടി പിടിച്ചുകൊണ്ടിരിക്കുന്നു. തമിഴ്, തെലുങ്ക്, മലയാളം തുടങ്ങിയ ഭാഷകൾ "ഞങ്ങളുടെ വീതം ഇനി ഒട്ടും താമസിപ്പിക്കരുതു്" എന്നു ശാഠ്യം പിടിക്കുന്നു. കീറി മുറിച്ചു വലിച്ചു പറിച്ചു കിട്ടുന്നിടത്തോളം കൈയ്യിലാക്കാനുള്ള ഈ ആവേശം—ഈ വിയോജിതസ്വഭാവം (Separatist tendency) ഇന്നു നമ്മുടെ നാട്ടിൽ ദയനീയമായ തോതിൽ വളൎന്നു വന്നിരിക്കുന്നു. വസ്തുവകകൾ പങ്കിടാനുള്ള ശ്രമം മാത്രമല്ല സ്വാതന്ത്ര്യം വീതിക്കുന്നതിനുള്ള ഒരു ഉദ്യമമാണ് ഇതിന്നടിയിലുള്ളതു് എന്നു ശ്രദ്ധിച്ചാൽ മനസ്സിലാകും. സ്വാതന്ത്ര്യം ഇങ്ങനെ പങ്കിടാവുന്ന ഒരു സാധനമാണോ?

ഭരണപരമായ സൌകൎയ്യങ്ങൾ ആസ്പദമാക്കി ഒരു രാജ്യത്തെ വിഭജിക്കേണ്ടതാണ്. പക്ഷേ അതു സ്വാതന്ത്ര്യം പങ്കിട്ടു കിട്ടണമെന്നു ആഗ്രഹിക്കുന്നവരെ തൃപ്തിപ്പെടുത്തുകയില്ല. മതത്തിന്റെയും ഭാഷയുടേയും അവകാശവാദങ്ങൾ കഴിഞ്ഞു്, കുലത്തിന്റേയും കുടുംബത്തിന്റേയും അവകാശവാദങ്ങളായും ഒടുവിൽ വ്യക്തിയുടെ തോന്ന്യാസമായും തീരുമെന്നുള്ളതിനു തൎക്കമില്ല. ഒന്നായി നില്ക്കേണ്ടതു് എന്തായാലും പലതായിപ്പോയാൽ നിഷ്പ്രയോജനമാകും. വെള്ളം കുടിക്കുന്നതിനു പകരം ഹൈഡ്രജനും ഓക്സിജനും പമ്പുചെയ്തു കയററിയാൽ ദാഹം കൂടുകയേ ഉള്ളു. ഇതുപോലെ പലതായി തിരിച്ചാൽ സ്വാതന്ത്ര്യം കൊണ്ടു നാലു കാശിന്റെ പ്രയോജനം പോലും ഉണ്ടാകയില്ല. തൊഴുത്തിൽ കുത്തി തലതല്ലി നശിക്കാൻ പോകുന്നതു സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെററായ ബോധം കൊണ്ടാണ്.

സ്വാതന്ത്ര്യം എന്നു പറയുന്നതു് ഒരു വലിയ ശക്തിയാണ്; പക്ഷേ അതു് ഉപയോഗിക്കാൻ അറിയാത്തവരുടെ കൈയ്യിൽ മരണകാരണവുമാണ്. തീയ് ജീവിതത്തിൽ ഏററവും അനുപേക്ഷണീയമായ ഒരു ശക്തി ആണെങ്കിലും അജ്ഞനായ ബാലന്റെ കൈയ്യിൽ അതു വിനാശകരമായിത്തീരുന്നു. അതുപോലെ വരാതെ നമുക്കു ലഭിച്ച സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാൻ നമുക്കു് അറിവുണ്ടോ എന്നു ആത്മപരിശോധന ചെയ്യാം. ഈ സ്വാതന്ത്ര്യസുദിനത്തിൽ വിമലമായ മനോഭാവത്തോടെ, മത്സരത്തിനു പകരം സഹകരണവും സ്വാൎത്ഥതയ്ക്കു പകരം പരഗുണകാംക്ഷയും നമ്മുടെ ഹൃദയത്തിൽ വേരുറയ്ക്കുവാൻ നമുക്കു ഉള്ളഴിഞ്ഞു ആഗ്രഹിക്കുക. "സ്വാതന്ത്ര്യം എന്നു പറയുന്നതു രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതിഗതികളെയല്ല, യഥാൎത്ഥത്തിൽ മനസ്സിനേയും ഹൃദയത്തേയും ആശ്രയിച്ചിരിക്കുന്നു. മനസ്സു സങ്കുചിതമാകുമ്പോൾ, ഹൃദയം വിദ്വേഷവും വെറുപ്പും കൊണ്ടു നിറയുമ്പോൾ സ്വാതന്ത്ര്യം ഇല്ലാതാകുന്നു." എന്നിങ്ങനെ പണ്ഡിററ് നെഹ്രു തന്റെ സ്വാതന്ത്ര്യദിനസന്ദേശത്തിൽ പറഞ്ഞിരിക്കുന്ന വാക്കുകളെ നാം സാദരം സ്മരിക്കുക.

——:o:——

# ഡാക്ടർ പി. വി. ചെറിയാൻ

മദ്രാസ് മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ആയും, സുപ്രസിദ്ധ ഈ. എൻ. ററി. വിദഗ്ദ്ധൻ ആയും സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഡാക്ടർ പി. വി. ചെറിയാൻ, ഇക്കഴിഞ്ഞ വാരത്തിൽ 55 വയസ്സു തികയുകയാൽ, പെൻഷൻ പററി ഉദ്യോഗത്തിൽ നിന്നും ഒഴിഞ്ഞിരിക്കുന്നു. മദ്രാസ് മെഡിക്കൽ സർവ്വീസിൽ സർജൻ ജനറൽ എന്ന സ്ഥാനത്തെ അലങ്കരിച്ച ആദ്യത്തെ ഇന്ത്യാക്കാരനാണ ഡാക്ടർ ചെറിയാൻ എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

കോട്ടയം സ്വദേശിയായ ഇദ്ദേഹം, അഞ്ചൽ സൂപ്രണ്ടായിരുന്ന മി. പി. എം. വർക്കിയുടെ മകനായി 1893-ൽ ജനിച്ചു. കോട്ടയം സി. എം. എസ്സ്. കോളജിലും, തിരുവനന്തപുരം മഹാരാജാസ് കോളജിലുമായി സാമാന്യവിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, 1912-ൽ മദ്രാസ് മെഡിക്കൽ കോളജിൽ ചേർന്നു. 1917-ൽ വിജയി ആയ ഉടനേ തന്നെ യുദ്ധസേവനത്തിന്നായി പോകുകയും 1922 വരെ അവിടെ ഉദ്യോഗം നോക്കുകയും ചെയ്തു. 1922-ൽ മദ്രാസ് മെഡിക്കൽ കോളജിൽ ബയോളജി പ്രഫസറായി നിയമിതനായി.

1925-ൽ ഉപരിപഠനാർത്ഥം യൂറോപ്പിലേക്കു പോയി. ലണ്ടൻ, ഗ്ലാസ്ഗോ, എഡിൻബറോ എന്നീ സർവ്വകലാശാലകളിൽ നിന്നും തൊണ്ട, മൂക്ക്, ചെവി ആദിയായ അവയവങ്ങളുടെ രോഗങ്ങളിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടി. 1927-ൽ തിരിച്ചു വന്നു. അതിനു ശേഷം ജനറൽ ആശുപത്രിയിൽ ഈ. എൻ. ററി. വിദഗ്ദ്ധനായി കഴിഞ്ഞുകൂടി. 1936-ൽ വീണ്ടും ഒരു വിദേശപര്യടനംകൂടെ നടത്തി. 1945-ൽ അദ്ദേഹത്തെ മെഡിക്കൽ കാളജിന്റെ പ്രിൻസിപ്പാളായി നിയമിച്ചു. 1942-ൽ അദ്ദേഹത്തിനു എം. ബി. ഈ. എന്ന ബിരുദം ലഭിച്ചു.

വിദഗ്ദ്ധമായ ചികിത്സയും, പ്രശസ്തമായ ഭരണനൈപുണിയും മൂലം ഡാക്ടർ ചെറിയാൻ തെക്കേ ഇൻഡ്യയിലെ പ്രമുഖവ്യക്തികളിൽ ഒരാളായി കഴിഞ്ഞിരിക്കുന്നു. അരോഗദൃഢഗാത്രനായ ഇദ്ദേഹം ഇനിയും വളരെ നാളുകാം ആതുരശുശ്രൂഷയിൽ ഉത്സുകനായി കഴിയട്ടെ എന്നു ആശംസിച്ചുകൊള്ളുന്നു.

—:o:—

കോരിച്ചൊരിയുന്ന മഴയത്തു്, തോട്ടക്കാരൻ വെറുതെയിരിക്കുന്നതു കണ്ടു കോപിച്ചു്, ഗൃഹനാഥൻ—

ചോ : എന്താടോ, പണിയൊന്നുമില്ലേ ?

ഉത്ത : ഏമാന്നേ, ഈ മഴയത്തു്................

ചോ : മഴയുണ്ടെങ്കിലെന്താ, നിനക്കു് ഒരു കുടയെടുത്തു പിടിച്ചു തോട്ടം നനച്ചു കൂടേ ?

# അഞ്ജലി അല്ലെങ്കിൽ വിമോചനം

ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ.

യൌവ്വനത്തിളപ്പിൻെറ മൂർച്ഛയാലൊരു ഖലൻ
നവ്യചൈതന്യം നമുക്കേകിയ പുണ്യാത്മാവെ,
വയ്യ! വയ്യ! മേ കഥിച്ചീടുവാൻ ശേഷം കഷ്ടം!
ചെയ്യുന്നേൻ നമോവാകം വിധിതൻ ശക്തിക്കെന്നും.
സർപ്പത്തിന്നൊളിക്കുവാൻ ദ്വാരങ്ങളുണ്ടനേകം
ചിൽപ്രകാശത്തെ കാട്ടും വിളക്കോ കെടുത്തുവാൻ
അല്പനാമൊരുത്തൻെറ നിശ്വാസമൊന്നേ പോരും
അത്ഭുതം നിയതി തൻ നീതിപാലനക്രമം.

ചാമ്പലായൊരു നൊടി കൊണ്ടു കല്പകവൃക്ഷം
താൻ പതിയായിനിന്ന നാട്ടിലുമിരുട്ടായി.
സാംപ്രതം കണ്ണീർകൊണ്ടു കഴുകാം നമുക്കിനി
ത്തേൻ പൊഴും ഭാരതത്തിൽ ചേർത്ത മാലിന്യദോഷം
പുഞ്ചിരിപ്പൂനിലാവാൽ ലോകത്തെ കുളിപ്പിച്ചു
വഞ്ചനയൊഴിച്ചീടാൻ ദേഹത്തെ സമർപ്പിച്ചു.
പഞ്ചവർണ്ണങ്ങൾ കൈക്കും നേടുവാൻ പലവട്ടം
സഞ്ചാരം കൈക്കൊണ്ടേററ ദാരിദ്ര്യമാകും ധനം.

നീതിയാലനീതിയും, ഹിംസ താനഹിംസയാൽ
പാതകമുപവാസദീക്ഷയാൽ ജയിച്ചല്ലോ.
ബന്ധനം വരിച്ചതു ലോകബന്ധുവായ്ത്തീരാൻ
ബന്ധുവാ വൈരത്തിന്നു കൊടുത്തു സ്നേഹവായ്പും,
അന്തണവര്യനേയും പഞ്ചമബാലനേയു-
മന്തികേ ഭേദമില്ലാതണയ്ക്കും ബ്രഹ്മതുല്യൻ.
എന്തൊരു വിപത്തിനോ? രക്ഷ കൂടാതെ ചെന്നു
പന്തിയിൽ. മഹാകഷ്ടം പാതകിയതിലേറി
തൊട്ടു സജ്ജനം തലയ്ക്കേററമാത്തിരുമേനി
ചുട്ടു ചാമ്പലാക്കീടാൻ പൊട്ടിച്ചു!! ഹരെ! കൃഷ്ണ!!
മുന്നമേ വാനോർ വിളിച്ചീടുമാപ്പുണ്യാത്മാവു–
മന്നതു ഹേതുവാക്കി വെടിഞ്ഞു നമ്മെയെല്ലാം..
വിശ്രമം വരിച്ചിതു, വിഷമം നമ്മളാർന്നു
വിശ്വമേ! "ഗാന്ധിമാർഗ്ഗം" സേവിക്ക മോചനാർത്ഥം.
നമസ്തേ! ഗാന്ധിദേവ! നമസ്തേ! ഗുരുദേവ!
നമസ്തേ- ലോകോത്തര കാരുണ്യമൂർത്തേ! ജയ.

---

[സ്വാതന്ത്ര്യത്തേക്കുറിച്ചും മഹാത്മാ ഗാന്ധിയേക്കുറിച്ചും ഒന്നായി സ്മരിക്കാനേ നമ്മിൽ പലർക്കും കഴിവുള്ളൂ. അതുതന്നെയല്ലേ ആഗസ്റ്റ് 15-ന് ഈ ചിന്ത കവിഹൃദയത്തിൽ നിന്നും വാർന്നു വീണതിൻെറ രഹസ്യം? —പ.]

# " വെള്ളക്കാരന്റെ തല "

അഥവാ

# " സ്വരാജിനുവേണ്ടി "

കെ. എം. ജോർജ്.

കഥാപാത്രങ്ങൾ :

1. വഞ്ചിഅയ്യർ
2. നീലകണ്ഠൻ (ബ്രഹ്മചാരി)
3. ബാപ്പുപിള്ള
4. രാമസ്വാമി അയ്യർ
5. ആറുമുഖം
6. ശങ്കരകൃഷ്ണയ്യർ etc.........

രംഗം 1.

[പുനലൂരിൽ ബാപ്പുപിള്ളയുടെ ഭവനം. ഒരു ചെറിയ മുറിയിൽ ഒരു പീഠത്തിൽ കാളിയുടെ ച്ഛായാപടം ഭിത്തിയിൽ ചാരിവച്ചിരിക്കുന്നു. അതിന്റെ മുമ്പിൽ ഒരു നിലവിളക്കുണ്ട്. ഒരു ബഞ്ചും രണ്ടുമൂന്നു കസേരകളും ഉപകരണങ്ങളായുണ്ട്. ഒരു കടലാസ്സിൽ കുറച്ചു കുങ്കുമപ്പൊടിയും, മൊന്തയിൽ കുറെ വെള്ളവും ഒരു സ്റ്റൂളിൽ വച്ചിട്ടുണ്ട്. വലിയ കോളാമ്പിയോടുകൂടിയ ഒരു സ്വനഗ്രാഹി മറെറാരു സ്റ്റൂളിൽ ഉണ്ട്. സമയം: 1910 ആഗസ്റ്റ് 20-ാംനു-.

സ്വനഗ്രാഹിയിൽ ഒരു പഴയ തമിഴ പാട്ടോടുകൂടി രംഗം ആരംഭിക്കുന്നു. ബാപ്പുപിള്ളയും രാമസ്വാമി അയ്യരും ഇരുന്നുകൊണ്ടു പ്രവേശിക്കുന്നു.]

ബാപ്പുപിള്ള : ആകട്ടെ നിങ്ങൾ ഇതു് എത്രനാൾ ഉപയോഗിച്ചു ?

രാമസ്വാമി അയ്യർ : ഒരു ആറു മാസമായിട്ടുണ്ടാവും. തിരുവിതാംകൂറിലും കൊച്ചിയിലും പല സ്ഥലത്തും ഇതു ഞാൻ കൊണ്ടുപോയി പ്രദർശിപ്പിച്ചു. ആദ്യം ഇതു കാണുന്ന ആളുകൾക്കു എന്തൊരു ആശ്ചര്യവും ഉത്സാഹവുമാണെന്നറിയാമോ !

ബാ : അതേയതേ — ഒരു പെട്ടിയിൽ നിന്നും മനുഷ്യർ പാടുന്നതുപോലെ തന്നേ പാട്ടു കേൾക്കുന്നതു് എന്തു വിചിത്രം !

രാ : വെറുതേയല്ല പറയുന്നതു് 'വെള്ളക്കാരന്റെ തല' എന്നു്.

ബാ : വെള്ളക്കാരനാണോ കണ്ടുപിടിച്ചതു് ?

രാ : അതേ ഒരു വെള്ളക്കാരൻ. അല്ലാതെ നാട്ടുകാർ നൂറു കൊല്ലം തപസ്സു ചെയ്താൽ ഇതുപോലൊന്നു സ്വപ്നം കാണാൻ സാധിക്കുമോ.

ബാ : അതു ശരി തന്നെ. നാട്ടുകാരനു തപസ്സും സ്വപ്നവുമേ അറിയാവൂ. ചുമ്മാതല്ല രാമസ്വാമീ അവൻ നമ്മേ ഭരിക്കുന്നതു്. അവന്റെ തല വല്ലാത്തതു തന്നെ.

രാ : അപ്പോറം ഒന്നുകിൽ അവന്റെ തല പോകണം അല്ലെങ്കിൽ അവനേക്കാറം നല്ല തല നമുക്കുണ്ടാകണം അല്ലേ ?

ബാ : അതേ, എങ്കിലേ നമുക്കിനി രക്ഷയുള്ളു. ഈ ഗ്രാമഫോൺ കണ്ടു പിടിച്ച വെള്ളക്കാരന്റെ പേരെന്താണ് ?

രാ : എഡിസൺ എന്നു്—വലിയ ഒരു ശാസ്ത്രജ്ഞനാണ്. മോട്ടാർ വണ്ടി നടപ്പിലാക്കിയ സായ്വില്ലേ—ഫോഡ്—അയാളുടെ നാട്ടുകാരൻ.

ബാ : അപ്പോറം അമേരിക്കക്കാരനാണോ ?

രാ : എന്നു തോന്നുന്നു. എവിടുത്തുകാരനായാലെന്താണ്. വെള്ളക്കാരൻ വെള്ളക്കാരൻ തന്നെ.

ബാ : അവന്റെ തല അപാരമാണു താനും....അപ്പോറം രാമസ്വാമി അയ്യർ! നിങ്ങറം പറഞ്ഞ വില അല്പം കൂടുതലല്ലേ ? ഇതു ഭാരതമാതാവിനു വേണ്ടിയാണെന്നു ഞാൻ നിങ്ങളോടു പറഞ്ഞതല്ലോ. ആ രഹസ്യസംഘത്തിന്റെ കാര്യം മറെറാരു ചെവി അറിയരുതു് കേട്ടോ. അതിനു കുറച്ചു പണം ഉണ്ടാകുവാനുള്ള മാർഗ്ഗമാണ്.

രാ : അതു ശരി: അതുകൊണ്ടല്ലേ ഞാൻ ആ വിലയ്ക്കു സമ്മതിച്ചതു്. ഇപ്പോറം ഇതുംകൊണ്ടിറങ്ങി എവിടെങ്കിലും ഒരു പീടികയുടെ തിണ്ണയ്ക്കിരുന്നു രണ്ടു പാട്ടു പാടിയാൽ മതി രണ്ടു ചക്രം, നാലു ചക്രം, രണ്ടണ, നാലണ ഇങ്ങനെ ധാരാളം തുട്ടു കിടയ്ക്കും. ഒരിക്കലും നഷ്ടമുണ്ടാവില്ല. പിന്നെ, എനിക്കും മറേറ സംഘത്തിന്റെ കാര്യത്തിൽ വലിയ താല്പര്യമാണ്. അതല്ലേ ഈ തുച്ഛവിലയ്ക്കു തരാമെന്നു നിശ്ചയിച്ചതു്. അവരൊക്കെ വരുമെന്നു് പറഞ്ഞിട്ടു കാണുന്നില്ലല്ലോ.

ബാ : ഉടനേ വരേണ്ടതാണ്. (അപ്പോറം ഒരു റെക്കാഡു തീരുന്നു) ആകട്ടെ ഈ പ്രാവശ്യം ഞാൻ ശരിയാക്കി വയ്ക്കാം. ഇതെത്ര തവണ തിരിക്കണം ?

രാ : ഒരു പത്തു പതിനഞ്ചു പ്രാവശ്യം വേണ്ടിവരും. സ്പ്രിങ്ങിന്റെ മുറുക്കം കൂടുമ്പോറം നിർത്തണം. വെറുതേ പൊട്ടിച്ചുകളയരുതു്.

ബാ : (സൂക്ഷ്മതയോടും അധൈര്യത്തോടും തിരിക്കുന്നു. നാലഞ്ചുവട്ടം തിരിച്ചിട്ടു) ദാ മതിയായോ എന്നു നോക്കു.

രാ : ഇല്ല- കുറേക്കൂടെ ആവാം. (എന്നു പറഞ്ഞു സഹായിക്കുന്നു. റിക്കാഡിന്റെ മറുവശം വച്ചു സൂചി അതിൽ കൊള്ളിക്കുന്നു.) ദാ ഇങ്ങനെ ചെയ്താൽ മതി. ഇനി സംശയമില്ലല്ലോ.

ബാ : ശരി ശരി. മനസ്സിലായി ...ശിവ! ശിവ! 'വെള്ളക്കാരന്റെ തല'

രാ : അവന്റെ തലയുടെ രുചി അറിയുന്നതിനല്ലേ ഈ രഹസ്യസംഘം. ആകട്ടെ ഭാരതമാതാ സംഘത്തിന്റെ ജീവനാഡി വാസ്തവത്തിൽ ആരാണ് ?

ബാ: അദ്ദേഹമാണു ബ്രഹ്മചാരി, സ്വാമി എന്നൊക്കെ അറിയപ്പെടുന്ന നീലകണ്ഠൻ. ഹൊ! സ്വദേശത്തിനുവേണ്ടി തന്റെ ചുടുചോരയുടെ അവസാനത്തേത്തുള്ളി വരെ ഊററിക്കൊടുക്കാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന ഒരു മഹാഭക്തനാണ് അദ്ദേഹം. എന്തൊരു ജ്ഞാനിയാണെന്നറിയാമോ ?

രാ : ഓഹോ! അദ്ദേഹം തന്നെയാണോ ഈ സംഘത്തിന്റെ ജീവ

നാഡി? ശരി. എന്നാൽ ഒന്നും സംശയിക്കേണ്ട ആവശ്യമില്ല. (സ്വാനഗ്രാഹി നിർത്തുന്നു) ഇതു നിർത്തിക്കളയാം. നമുക്ക് ഇക്കാര്യങ്ങളെക്കുറിച്ച സംസാരിക്കുകയാണ് അതിൽ രസം. പോണ്ടിച്ചേരിയിൽ നിന്നോ മറ്റോ ഒരു പത്രം അടിച്ചിറക്കുന്നതു ഇദ്ദേഹമല്ലേ?

ബാ : അതേ 'സൂര്യോദയം' എന്ന പത്രത്തിൻെറ അധിപരാണ്. മററു ചില പത്രങ്ങൾക്ക മുറയ്ക്കു ലേഖനം കൊടുക്കുന്നുമുണ്ട്. ദാ അവരല്ലേ വരുന്നതു്. അതേ. (എഴുന്നേററു കസേരയുംമററും നേരേ യിടുന്നു.)

രാ : ഞാൻകൂടെ ഇവിടെ ഇരിക്കുന്നതുകൊണ്ടു................

ബാ : ഹേയ്— നിങ്ങൾ ഇരിക്കണം. നമുക്കെല്ലാവക്കും ഒന്നിച്ച കൂടരുതോ? (ഒരു സന്യാസിയുടെ വേഷത്തിൽ നീലകണ്ഠൻ, വഞ്ചി അയ്യർ, ശങ്കരകൃഷ്ണൻ, ആറമുഖം എന്നിങ്ങനെ ആറേഴു പേർ പ്രവേശിക്കുന്നു. രാമസ്വാമിയും, ബാപ്പുപിള്ളയും കൈയ്ക്കൂപ്പി തൊഴുന്നു.)

ബാ : സ്വാമി (നീലകണ്ഠനോടായി) ഇദ്ദേഹത്തെ അറിയുകില്ലേ? രാമസ്വാമി അയ്യർ! ഈ ഉദ്യമത്തിൽ വലിയ ഉത്സാഹിയാണ്.

നീല : വന്ദനം! കണ്ടതിൽ വളരെ സന്തോഷം. (നീലകണ്ഠൻ കസേരയിലും മററുള്ളവർ ബെഞ്ചിലും മററുമായി ഇരിക്കുന്നു. ബാപ്പുപിള്ള മുറുക്കാൻ ചെല്ലം എടുത്തുകൊടുക്കുന്നു. ചിലർ ആ ഉപചാരം ഉടനേ തന്നെ സ്വീകരിക്കുന്നു.)

നീല : ബാപ്പുപിള്ളേ! ഞങ്ങൾ ഉദ്ദേശിച്ചതിൽ അല്പം താമസിച്ചുപോയി. ക്ഷമിക്കണം.

ബാ : സ്വാമികൾ എന്നോടു ക്ഷമ ചോദിക്കയോ! ഞാൻ ഇപ്പോ വന്നേക്കാം. (അടുത്ത മുറിയിലേക്കു പോകുന്നു. ഓട്ടുപാത്രങ്ങളിൽ കാപ്പി പകർന്നു അതിഥികൾക്കു കൊടുക്കുന്നു.)

ശങ്കരകൃഷ്ണൻ : നല്ല ചൂടു കാപ്പി. നമുക്കെപ്പോഴും കാപ്പിയാണിഷ്ടം. വടക്കൻ ദിക്കിലുള്ളവർ ചായപ്രിയന്മാരാണുപോലും.

വഞ്ചി : വലിയ ഉൽസാഹം കാണിച്ചുകൊണ്ടു്) ചായയായാലും കാപ്പിയായാലും എനിക്കാവശ്യം ചൂടാണ്. വായ് പൊള്ളിയെടുക്കണം. അതുതന്നെ കാര്യം.

ആറമുഖം : കാപ്പികുടി നടക്കട്ടെ. എങ്കിലും നാം ഇവിടെ കൂടിയിരിക്കുന്ന കാര്യം മുമ്പിൽ വരണം. സ്വാമികൾ എന്തെങ്കിലും പറഞ്ഞാൽ ഞങ്ങൾ മിണ്ടാതിരിക്കാം.

നീല : എല്ലാവരും കാപ്പി കുടിച്ച് അല്പം ആശ്വസിക്കട്ടെ എന്നു ഞാൻ കരുതി. നാം ഇന്നു് ഇവിടെ കൂടിയിരിക്കുന്നതിൻെറ ഉദ്ദേശ്യം നമ്മിൽ പലക്കും അറിയാവുന്നതാണല്ലോ. നമ്മുടെ സംഘം ഒരു വെറും ശിശുവാണ്. അതിനു ശക്തിയും വളച്ചയും കൊടുക്കേണ്ടതു നമ്മുടെ കടമയാണ്. ഭാരതമാതാസംഘം ഇപ്പോൾ വേരുറച്ചുവരുന്നതേയുള്ളു. അതിൻെറ പ്രവത്തനങ്ങളെക്കുറിച്ച ആലോചിക്കുക, ആദശ്ങ്ങളെ പ്രചരിപ്പിക്കുക, കൂടുതൽ ആളുകളിൽ താല്പയ്യമുണ്ടാക്കുക, താല്പയ്യമുള്ള ത്യാഗബുദ്ധികളെ അംഗങ്ങളായി ചേക്കുക ഇതൊക്കെയാണു നമ്മുടെ പ്രധാന കത്തവ്യം. വഞ്ചീ! 'സൂര്യോദയ'ത്തിലെ ആ ലേഖനത്തിലേ ചില ഭാഗങ്ങൾ ഒന്നു വായിക്കൂ. അതു കേൾക്കുമ്പോൾ നമ്മുടെ ചുററുപാടും നടക്കുന്നതെന്താണെന്നു നമുക്കു കാണാൻ

കഴിയും. ദാ നോക്കുക അതിൽ ചേർത്തിരിക്കുന്ന പടം.

വഞ്ചി : (പത്രവും കൊണ്ടു പെട്ടെന്നു് എഴുന്നേൽക്കുന്നു.) ദാ ഈ കാണുന്ന കപ്പൽ നമ്മുടെ ധാന്യവും നിറച്ചു കയററി ശീമയിലേക്കു പോകയാണു്. ഈ നില്ക്കുന്ന വെള്ളക്കാരൻ ഉദ്യോഗസ്ഥൻ, എല്ലും തോലും മാത്രമുള്ള ഈ സാധുക്കളോടു പറയുന്നു : "ഞങ്ങൾ ഭരിക്കുന്നതുകൊണ്ടാണു നിങ്ങൾക്കു സമാധാനവും സുരക്ഷിതത്വവും ഉണ്ടായിരിക്കുന്നതു്" എന്നു്. അതിനു് ഒരാളുടെ മറുപടി "നിങ്ങൾ വളരെ സമാധാനം തരുന്നുണ്ടു്. പക്ഷേ പകരം ഭക്ഷണസാധനങ്ങൾ മുഴുവൻ എടുത്തു കൊണ്ടു പോകയാണു്.

നീല : ആ ലേഖനം വായിച്ചാൽ കാര്യം കൂറേക്കൂടെ വിശദമാകും.

വഞ്ചി : അങ്ങനെയാവട്ടെ.

" വിദേശ ഭരണ നുകത്തിൻ കീഴിൽ ഭാരതം വല്ലാതെ ഞെരിയുകയും, ഞെരുങ്ങുകയും ചെയ്യുകയാണു്. ഭാരതമാതാവിൻെറ ധനം കണക്കില്ലാതെ ബ്രിട്ടണിലേക്കു ഒഴുകിക്കൊണ്ടിരിക്കയാണു്. അതിൻെറ ഫലമായി നമുക്കു ലഭിച്ചിരിക്കുന്നതു ദാരിദ്ര്യവും, രോഗവും, ക്ഷാമവും, അകാലമരണവുമാണു്. ലോകത്തിലെ നന്ദനോദ്യാനമെന്നു കേൾവി കേട്ട ഭാരതത്തിൽ പട്ടിണി കിടന്നു ചാകുന്ന ജനങ്ങൾ ഒന്നും രണ്ടുമല്ല എട്ടു കോടിയാണു് എന്നറിയുമ്പോൾ ഏതു ഭാരതീയൻെറയും കരൾ ഉരുകാതിരിക്കയില്ല. ഓരോ ആഴ്ച്ചയും നാല്പതിനായിരംആളുകൾ നമ്മുടെ മാതൃഭൂമിയിൽ അകാലചരമം അടയുന്നു എന്നു പറയുന്നതു് പച്ചപ്പരമാത്ഥമാണു്. നമ്മുടെ വ്യവസായങ്ങൾ ഒന്നും തന്നെ അഭിവൃദ്ധിപ്പെടാതിരിക്കാൻ വിദേശികൾ വളരെ ശ്രദ്ധിക്കുന്നുണ്ടു്. നല്ല ഉദ്യോഗങ്ങളൊന്നും ഭാരതീയക്കില്ല. വല്ലതും ഒന്നോ രണ്ടോ പേക്കു ലഭിച്ചിട്ടുണ്ടെങ്കിൽ അവർ ബ്രിട്ടീഷുകാരൻെറ കാലു നക്കി നടക്കുന്ന അടിമപ്രേതങ്ങൾ മാത്രമാണു്. ഈ വിധത്തിൽ നമ്മുടെ നാടു നശിച്ചുകൊണ്ടിരിക്കുന്നു. അതു കാണാതെ നാം മന്ദന്മാരായി, ഉറക്കം തൂങ്ങികളായി കഴിഞ്ഞുകൂടുന്നതു കഷ്ടാൽ കഷ്ടതരം തന്നെ."

നീല : അതെ– തൽക്കാലം അവിടെ നിത്തുക. (അദ്ദേഹം എഴുന്നേററു) അതിൽ ചേത്തിരിക്കുന്ന കാര്യങ്ങൾ നിങ്ങൾക്കു സുഗ്രഹമാകത്തക്കവണ്ണം ഞാൻ അല്പനേരം സംസാരിക്കാം.

ഭാരതീയക്കു പരിഷ്കാരവും, സംസ്കാരവും ഉണ്ടാകുന്നതിനാണു ബ്രിട്ടീഷുകാർ നമ്മെ ഭരിക്കുന്നതെന്നാണു് അവരുടെ നാട്യം. അവർ നമുക്കു പുതിയ വിദ്യാഭ്യാസവും, വ്യവസായങ്ങളും തന്നില്ലേ ? തീവണ്ടിയില്ലേ, അച്ചടി യന്ത്രമില്ലേ, ഇംഗ്ലീഷു പഠിപ്പിച്ചില്ലേ ? അതില്ലേ ഇതില്ലേ– എന്നൊക്കെപ്പറഞ്ഞു നമ്മെ കളിപ്പിക്കാൻ ശ്രമിക്കുന്നു. നമ്മുടെ ഭാഷകൾ പഠിച്ചു നമ്മേ ഭരിക്കുന്നതിനു പോലും അവർ ബുദ്ധി മുട്ടാതെ അവരുടെ ഭാഷ നമ്മേ പഠിപ്പിച്ചു് അവരുടെ കാര്യം നടത്തുന്നു. റയിൽ വണ്ടികൾ നമുക്കു സഞ്ചാരസൗകര്യത്തിനുണ്ടാക്കിയതല്ല. ഇവിടെനിന്നും ഭക്ഷണസാധനങ്ങൾ കയററുമതി ചെയ്യുന്നതിനുള്ള സൗകര്യം നോക്കി പ്രചരിപ്പിക്കുന്നതാണു്. അവരുടെ പ്രധാനോദ്ദേശ്യം ചൂഷണമാണു്, ഭാരതാംബയുടെ രക്തം ഊററിക്കുടി

ക്കക. ഒരു തുള്ളിപോലും വിടാതെ കുടിച്ചു തീർത്ത ശേഷം മാത്രമേ ഈ രാക്ഷസൻ അവളെ ഉപേക്ഷിക്കുകയുള്ളു. പക്ഷേ മക്കളാകുന്ന നാം ഉണരുന്ന പക്ഷം സ്ഥിതിഗതികൾ ഉടനേ മാറാതിരിക്കയില്ല. 'വെള്ളക്കാരൻെറ തല' അസാമാന്യം തന്നെ. അവനെ ഇക്കാര്യങ്ങളിൽ ജയിച്ചു ആട്ടിപ്പായിക്കണമെങ്കിൽ നാട്ടുകാരൻെറ തല അതിനേക്കാൾ മികച്ചു വരണം. അതു ക്ഷിപ്രസാദ്ധ്യമല്ല. അതുകൊണ്ടു പ്രായോഗികകാര്യം ഒന്നു മാത്രമേയുള്ളു. അതു് അവൻെറ തല തകർക്കുകയാണു്.

സൃഷ്ടിപരമായി നാം പ്രവർത്തിക്കേണ്ട എന്ന അർത്ഥം ഇല്ല. നമ്മുടെ വ്യവസായങ്ങൾ അവൻ മന്ദീഭവിപ്പിക്കുന്നു. ഇവിടെനിന്നും ധാരാളം അസംസ്കൃതസാധനങ്ങൾ നിസ്സാര വിലയ്ക്കു തട്ടിയെടുത്തു ശീമയിൽ കൊണ്ടുപോയി പേരും നിറവും രൂപവും മാററി ഇവിടെ കൊണ്ടുവന്നു വലിയ വിലയ്ക്കു വില്ക്കുന്നു. അതു വാങ്ങി ഉപയോഗിക്കുന്നതു കൂടിയ പരിഷ്കാരമാണെന്നു അവൻ പറഞ്ഞു പഠിപ്പിച്ചിട്ടുമുണ്ടു്. ഇങ്ങനെ നമ്മുടെ മുതൽ ക്രമേണ പടിഞ്ഞാട്ടു ഒഴുകുകയാണു്. ഒരു ഇംഗ്ളീഷുകാരൻെറ ശരാശരി ആദായം ആണ്ടിൽ 665 രൂപാ ആണു്. നമ്മുടേതു കേവലം ഒൻപതേകാൽ രൂപാ. ഉള്ള പണം മുഴവൻ പട്ടാളത്തെ പോഷിപ്പിക്കാനും, വെള്ളാനകളെ പ്രസാദിപ്പിക്കാനും ചെലവാകുന്നു. നമ്മുടെ സാധനങ്ങൾ, നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന സാധനങ്ങൾ മാത്രം നാം വാങ്ങുക എന്നു ദൃഢവ്രതം ചെയ്യണം. അതിൽ നാം അഭിമാനിക്കണം. അതു നാം പ്രചരിപ്പിക്കണം. അപ്പോൾ നമ്മുടെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടും. വിദേശിയുടെ വ്യവസായം തകരും. അതാണു സ്വദേശിപ്രസ്ഥാനം എന്നു പറയുന്നതു്. സ്വരാജ്യം ലഭിക്കുന്നതിനുള്ള പററിയ മാർഗ്ഗം ഇങ്ങനെ വിദേശവ്യവസായത്തെ സ്തംഭിപ്പിക്കയാണു്.

വഞ്ചി : (വിഭ്രമത്തോടെ) സ്വാമി, അതുകൊണ്ടുമാത്രം കാര്യമായോ?

നീല : ഇല്ല. അതു് ഒരു സംഗതി മാത്രമാണു്. ഭാരതം വെള്ളക്കാരൻെറ ഒരു അങ്ങാടി മാത്രമല്ല എന്നു അവരേ മനസ്സിലാക്കണം. ഇതിൻെറ ഫലം വളരെ സാവധാനത്തിലേ കാണുകയുള്ളു. എന്നാൽ ഒരു വലിയ വിപ്ലവം തന്നെയാണു് ഉണ്ടാകേണ്ടതു്. വെള്ളക്കാരൻെറ തല കൊയ്യപ്പെടുന്നതിനു ഒരു പദ്ധതി തയ്യാറാക്കണം.

വഞ്ചി : (ഉത്സാഹത്തോടെ ഇളകി മറിഞ്ഞു്) അതു തന്നെയാണു സ്വാമി നല്ലതു്. വെച്ചിരുന്നു വില പറയുന്നതിൽ എനിക്കു വിശ്വാസമില്ല.

ശങ്കരകൃഷ്ണയ്യർ : അയ്യോ അവർ ഭയങ്കരന്മാരല്ലേ? എങ്കിലും വളരെ സൂക്ഷിച്ചു ചെയ്യേണ്ട കാര്യങ്ങളാണു്. അവർക്കു പുതിയ തരം ആയുധങ്ങളൊക്കെ കാണും.

നീല : ആകട്ടെ— വടക്കേ ഇൻഡ്യയിൽ തന്നേ ചില നാടൻബോംബുകൾ ഉണ്ടാക്കിവരുന്നു. ബോംബേ, ബറോഡാ, പോണ്ടിച്ചേരി മുതലായ സ്ഥലങ്ങളിൽ ഇതുപോലെ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടു്. കാര്യം അപകടമുള്ളതാണു്. നമ്മുടെ കൂട്ടത്തിൽ പലരും നശിക്കും. പക്ഷേ ഈ നരകയാതന ഒരു ദിവസംകൊണ്ടു തീർക്കാം. രഹസ്യസംഘംമുഖേന വെള്ളക്കാർ ഉള്ള സ്ഥലത്തെല്ലാം

കാര്യങ്ങൾ ഭദ്രമായും അതിഗൂഢമായും ക്രമീകരിക്കണം. അങ്ങനെ ആ ദിവസം 'വെള്ളക്കാരന്റെ തല' ...പക്ഷെ അതിനു മുമ്പു നാം വളരെ ജോലികൾ ചെയ്യേണ്ടിയിരിക്കുന്നു. ഭാരതമാതാസംഘം വളരണം. ബലപ്പെടണം. പൊതുജനങ്ങളുടെ ഇടയിൽ ഗൂഢപ്രചരണം നടത്തണം. അങ്ങനെ കാര്യങ്ങൾ മൂത്തു മൂത്തു വരണം. അതിനുമുമ്പു വല്ലതും കാട്ടിക്കൂട്ടിയാൽ അവിവേകമാകും. സൂര്യോദയം, ധർമ്മം, വിജയാ ഈ പത്രങ്ങൾ പ്രചരിപ്പിക്കണം. സ്വയം ഭരണമാണു സ്വരാജ്. അതിന്നു വേണ്ടി നമ്മുടെ ജീവനെത്തന്നെയും ബലി കഴിക്കാൻ തയ്യാറാകണം. നിങ്ങളൊക്കെ അതിന്നു തയ്യാറു തന്നെയല്ലേ?

എല്ലാവരും: അതേ- തീർച്ചയായും; ഞങ്ങളുടെ ജീവൻ ഭാരതമാതാവിന്നു വേണ്ടി- വന്ദേ! മാതരം.

നീല : ശരി. ഈ കാളീവിഗ്രഹത്തിന്നു മുമ്പിൽവെച്ചു പ്രതിജ്ഞ ചെയ്യണം—'രക്തപ്രതിജ്ഞ.'

(കുങ്കമപ്പൊടി എടുത്തു വെള്ളത്തിൽ കലക്കുന്നു. കുറേശ്ശെ ഓരോരുത്തർക്കും കൊടുക്കുന്നു.)

നീല : ഈ ചുമന്ന വെള്ളം, വെള്ളക്കാരന്റെ രക്തമാണ്. 'വെള്ളക്കാരന്റെ രക്ത'മെന്നു പറഞ്ഞുകൊണ്ടു് എല്ലാവരും കുടിക്കട്ടെ.

എല്ലാവരും : വെള്ളക്കാരന്റെ രക്തം (കുടിക്കുന്നു)

നീല : താഴെപ്പറയുന്ന വാചകങ്ങൾ ഏറ്റു ചൊല്ലുക. (കടലാസ്സു നോക്കി വായിക്കുന്നു) വന്ദേ മാതരം (ഏറ്റു പറയുന്നു)

1. എല്ലാ വെള്ളക്കാരേയും നാം കൊല്ലണം.
2. ഈ സംഘത്തിനുവേണ്ടി ജീവനും, ധനവും ബലികഴിക്കണം.
3. ഇതിന്റെ രഹസ്യങ്ങൾ പുറത്തു പറയുന്ന ആൾ നരകത്തിൽ പോകും. അയാളെ കിട്ടിയാൽ ഉടൻ വധിക്കണം.
4. ഞങ്ങൾ കുടിക്കുന്ന ഈ കുങ്കമവെള്ളം, വെള്ളക്കാരന്റെ രക്തമായി മാറുന്നു.

(എല്ലാവരും വിരൽ മുറിച്ചു രക്തമുണ്ടാക്കുന്നു.)

നീല : ഈ കടലാസ്സിൽ രക്തം കൊണ്ടു വിരൽ പതിക്കുക. (അങ്ങനെ ചെയ്യുന്നു) കാളീഭഗവതി തുണ! വന്ദേ മാതരം !

എല്ലാവരും : വന്ദേ മാതരം.

## രംഗം 2.

[സ്ഥലം മണിയാച്ചി റയിൽവേ സ്റ്റേഷൻ. പ്ലാററ്ഫോറത്തിന്റെ ഒരു വശം. കുറേ ചെടികളുണ്ടു്. സമയം 17-6-1911 : രാവിലെ.

വഞ്ചി അയ്യരും ശങ്കരകൃഷ്ണനും പ്രവേശിക്കുന്നു.]

വഞ്ചി : (ഇടത്തും വലത്തും നോക്കി ആരുമില്ലെന്നു തിട്ടപ്പെടുത്തിയിട്ടു്) എടേ ശങ്കരകൃഷ്ണാ! ആ ദ്രോഹിയുടെ തല ഇന്നു തകർക്കണം.

ശങ്കര : വഞ്ചി; തന്നേ കണ്ടപ്പോഴേ എനിക്കു തോന്നി . ഏതോ കാട്ടിക്കൂട്ടാൻ പോകുന്നുവെന്നു്. ആ സായ്പല്ലേ തിരുനൽവേലി കളക്ടർ?

വഞ്ചി : അതേ. ആഷേ എന്നു പേരുള്ള ആ വെള്ളാന. ആ ദ്രോഹി. അവനല്ലേ പാവം ചിദംബരം പിള്ളയെ ജയിലിലടച്ചതു്?

ശങ്ക : ആര്! വക്കീല് ചിദംബരം പിള്ളയോ ?

വഞ്ചി : അതേ. സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനിയുടെ ജീവനാഡി അയാൾ ആയിരുന്നില്ലേ. സ്വദേശി പ്രസ്ഥാനം പ്രചരിപ്പിക്കുന്നതിന് അദ്ദേഹം വളരെ പണിപ്പെട്ടിട്ടുണ്ട്. ബ്രിട്ടീഷ് ഇൻഡ്യാ സ്റ്റീം നാവിഗേഷൻ കമ്പനിക്കു ലാഭം കുറയുമെന്നു കണ്ടു സായ്പു നാടൻ കമ്പനി തകർത്തു കളഞ്ഞു.

ശങ്ക : കഷ്ടം! എന്തൊരു ദ്രോഹികൾ!

വഞ്ചി : ഇപ്പോൾ വരും ആ ദ്രോഹി. അടുത്ത വണ്ടിക്കുണ്ടെന്നു ഞാൻ അറിഞ്ഞു. ഒന്നാം ക്ലാസ്സിൽ മലർന്നു കിടക്കും. ഞാൻ ഇന്ന്. ഒരു സൽകൃത്യം ചെയ്യും. വെളുത്തു തടിച്ച ആ ശരീരത്തിൽ ആ വെള്ളത്തല ഒടിഞ്ഞുവീഴും.

ശങ്ക : പക്ഷേ ഇന്നു വേണോ വഞ്ചി? അന്ന് ആലോചിച്ച കാര്യം ഇതുവരെ ഒന്നും ക്രമപ്പെട്ടു വന്നില്ലല്ലോ: ഒരാൾ തന്നേ ഇങ്ങനെ പ്രവർത്തിച്ചാൽ നമുക്കും സംഘത്തിനും ദോഷമല്ലേ ?

വഞ്ചി : പക്ഷേ ഇനി എനിക്കു സഹിക്കവയ്യാ. ധർമ്മവും, അഭിമാനവും, മതവും എല്ലാം പണയത്തിൽ. എന്തിന് ഇങ്ങനെ ജീവിക്കുന്നു. (വണ്ടി വരുന്ന വിസിൽ കേൾക്കുന്നു) ദാ വരുന്നു. ഞാൻ തീരുമാനിച്ചു. നിങ്ങൾ വേണമെങ്കിൽ ഒഴിഞ്ഞുമാറിക്കൊള്ളൂ.

ശങ്ക : (പുറകോട്ടു മാറുന്നു. ചെടികളുടെ പിന്നിൽ ഒളിക്കുന്നു. വണ്ടി പ്ലാറ്റ്ഫോറത്തിൽ നിൽക്കുന്നു.) എങ്ങനെയെങ്കിലും രക്ഷപ്പെടണേ വഞ്ചീ!

വഞ്ചി : ഭഗവതീ കാളീ! ഇതാ നിനക്ക് ഒരു ബലി. "വെള്ളക്കാരന്റെ തല" (റിവോൾവർ എടുത്തു ഒരു വശത്തേക്കു രണ്ടു വെടി വെക്കുന്നു— മറുവശത്തേക്ക് ഓടിക്കളയുന്നു. അപ്പോഴേക്കും ശങ്കരകൃഷ്ണൻ മറഞ്ഞു കഴിഞ്ഞു. ആകപ്പാടെ ഒരു ബഹളം. ചിലരെല്ലാം രംഗത്തു വരുന്നു. അല്പം കഴിഞ്ഞ് ഒരു വെടി കൂടെ കേൾക്കുന്നു. സ്റ്റേഷൻ മാസ്റ്ററുടെ കുട്ടി ആ വഴിയേ വന്നു വഞ്ചി അയ്യർ പോയ സ്ഥലത്തേക്കു പോകുന്നു. ഭയന്നു തിരിച്ചു വരുന്നു. "അച്ഛാ ശവം മൂത്രപ്പുരയിൽ എന്നു പറഞ്ഞു ഓടുന്നു. കളക്ടരുടെ ശിപായിയും ഒരു പോലീസുകാരനും സ്റ്റേഷൻ മാസ്റ്ററും ഓടി വരുന്നു. അവർ വഞ്ചിയുടെ ശവശരീരം എടുത്തു കൊണ്ടു സ്റ്റേജിൽ വരുന്നു.

ശിപായി : യജമാനനെ കൊന്ന ഘാതകൻ! ഹാ കഷ്ടം! ഇവൻ— ഹയ്യോ. ഇതെന്തൊരു മറിമായം!!

പോലീസു : (കൈത്തോക്ക് എടുത്തു നോക്കുന്നു. അതു കഴിഞ്ഞു വഞ്ചി അയ്യരുടെ പോക്കററിൽ കണ്ട എഴുത്ത് എടുത്തു വായിക്കുന്നു. സ്റ്റേഷൻ മാസ്റ്റർ തുടങ്ങിയ ചില ആളുകൾ അവിടെയുണ്ട്)

"ശത്രുക്കളായ ഇംഗ്ലീഷുകാർ നമ്മുടെ മാതൃഭൂമിയേയും അതിന്റെ സനാതനധർമ്മത്തെയും ചവുട്ടിത്തേച്ചു നശിപ്പിക്കുന്നു. എല്ലാ യഥാർത്ഥ ഭാരതീയനും ഇപ്പോൾ ഇംഗ്ലീഷുകാരേ ആട്ടിപ്പായിക്കുന്നതിനും ധർമ്മവും, സ്വാതന്ത്ര്യവും സ്ഥാപിക്കുന്നതിനും ശ്രമിക്കുന്നു. ശ്രീരാമൻ, ശിവജി, കൃഷ്ണൻ, അർജ്ജുനൻ, ആദിയായ മഹാത്മാക്കൾ വാണരുളിയ ഈ പാവനഭൂമിയിൽ, പശുമാംസം തി

# വിശ്വാസം

## ജി.

[വിക്ടറർ ഹ്യൂഗോവിൻെറ The Poet's Simple Faith
എന്ന ഗീതത്തിൻെറ ഛായ]

'എങ്ങു പോകുന്നു ഞാൻ'—നിങ്ങൾ ചോദിക്കയോ
ണെങ്ങനെ യുത്തരം ചൊല്ലും?

നേർവഴിയാവുക മാത്രമേ വേണ്ടു ഞാൻ
പോവതു തെററില്ല തെല്ലും.

ഉള്ളം കവരുമുഷസ്സുമഹസ്സുമാ-
ണുള്ളതെൻ കണ്ണിനു മുൻപേ,

താവും പരിതൃപ്തിയാണെനിക്കാകയാൽ;
രാവും മറയുന്നു പിൻപേ.

ഞാനതിരെല്ലാം തകർക്കുന്നു; കാണുന്നു
ഞാനു,തിൽ കൂട്ടതലില്ല;

അടിയുറപ്പുള്ളോരു വിശ്വാസമുണ്ടെനി-
യ്ക്കുകമേ, യ തിൽക്കുറവല്ല.

ഭാവിയെച്ചൊല്ലി തല പുകയ്ക്കേണ്ടുന്ന
ഭാരമെനിക്കുള്ളതല്ല.

— o —

നുന്ന മ്ലേച്ഛനായ ജോർജ്ജു പഞ്ചമനേ വാഴിക്കാൻ വലിയ ഒരുക്കങ്ങൾ നടക്കുന്നു. അയാൾ ഇവിടെ കാലു കുത്തുന്ന ഉടനേ കൊല്ലണമെന്നു മദ്രാസുകാരായ 3000 പേർ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതു വിളംബരം ചെയ്യുന്നതിനായി അക്കൂട്ടത്തിലേ ഏററവും നിസ്സാരനായ ഞാൻ ഇന്നു ഈ പ്രവൃത്തി ചെയ്യുന്നു. ഇതാണ് ഏതൊരു ഭാരതീയനും ചെയ്യേണ്ട ശരിയായ കർമ്മം."

ശിപായി: നിൻെറ കർമ്മം. അമ്പട ക്രൂരാ! എൻെറ യജമാനൻ! ഹാ! (മറിഞ്ഞുവീഴുന്നു.)

(കർട്ടൻ)

ഈ നാടകത്തിനു് അവലംബം :- The Indian Law Reports, Madras Series Vol. 35.

# എന്നെ ഏററവും ആകൎഷിച്ച ഗ്രന്ഥം

(അപണ്ഡിതൻ)

"എന്നെ ഏററവും ആകൎഷിച്ച ഗ്രന്ഥം" എന്ന തലവാചകത്തിൽ ചില ഉപന്യാസങ്ങൾ ലോകവാണിയിൽ കണ്ടപ്പോൾ, പത്രാധിപരുടെ ആവശ്യത്തിനു കാത്തു നിൽക്കാതെ ആ അച്ചിൽ· ഒരു ലേഖനം വാൎത്തുവിടാനുള്ള വാഞ്ഛ ഈ അപണ്ഡിതനേയും പിടികൂടി. അടക്കവയ്യാത്ത ആ മോഹത്തിന്റെ പ്രേരണയാൽ പേന പ്രസവിച്ച ഈ സദ്യോജാതത്തെ പത്രാധിപരുടെ 'നേർസറി'യിലേക്കയയ്ക്കാൻ ഭാവിക്കയാണു്. ലോകവാണിയുടെ ഈ പംക്തിയിൽ കരേറിയ ഒരു സ്നേഹിതനെ ഏററവും ആകൎഷിച്ചതു എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണമാണു്. മറെറാരു മാന്യമിത്രത്തെ ഹഠാദാകൎഷിക്കാൻ ശക്തമായതു ഭഗവന്മുഖാരവിന്ദഗളിതയായ ഗീതയാണു്. ഇതൊക്കെ വായിച്ചപ്പോൾ ഞാനും ഒരന്തഃകരണപരിശോധന നടത്തി. എന്നെ ഏററം ആകൎഷിച്ച ഗ്രന്ഥമെന്തെന്നൊരു ചോദ്യം കൊങ്ങിണിയുടെ ഭാഷയിൽ ഞാൻ എന്റെ മനസ്സിനു് "ഇട്ടുകൊടുത്തു." ഒരു ഗംഭീരമായ ചോദ്യം – അതിനു് അന്തഃകരണത്തിന്റെ ഓരോ കോണുകളിൽനിന്നു് ഓരോ ഉത്തരം മുഴങ്ങി. അദ്ധ്യാത്മരാമായണം എന്നെ ആകൎഷിച്ചിട്ടുണ്ടോ? ഇല്ലെന്നു പറകവയ്യ. പക്ഷെ അതേ സമയത്തു തന്നെ അതു് എന്നെ ചിലപ്പോൾ നന്നെ മുഷിപ്പിച്ചിട്ടുണ്ടെന്നും സമ്മതിക്കുവാൻ ഞാൻ ലജ്ജിക്കുന്നില്ല. പരമാൎത്ഥം പറകയാണെങ്കിൽ അദ്ധ്യാത്മരാമായണം കിളിപ്പാട്ടെടുത്തു "ശ്രീരാമ രാമരാമ" എന്നു തുടങ്ങിയ 10 ഭാഗം തികച്ചു് ഒരേ സമയത്തു നവരാത്രി പൂജ കഴിഞ്ഞു വിദ്യാരംഭദിനത്തിൽ കൂടി എനിക്കു ക്ഷമയോടെ വായിക്കുവാൻ സാധിച്ചിട്ടില്ല. മുഴുത്ത ഭക്തിഭാവത്തിനുകൂടി എന്നെ അതിലധികം ഭാഗങ്ങളോളം രാമായണത്തിൽ കൂടി വലിച്ചുകൊണ്ടു പോകാൻ സാധ്യമല്ല. ഇതു ഗ്രന്ഥത്തിനു് ആകർഷകത്വം പോരാത്തതുകൊണ്ടാണോ എന്നു ചോദ്യം ഉത്ഭവിക്കുന്നുവെങ്കിൽ അദ്ധ്യാത്മരാമായണം ഏററവും ആകർഷിച്ച മാന്യമിത്രത്തെത്തന്നെ കൂട്ടിൽക്കയററിയാൽ വേണ്ട തെളിവു കിട്ടുമെന്നുള്ളതിനാൽ ഒന്നും മറുപടി പറയേണ്ടതില്ല. ആകർഷണം വസ്തുനിഷ്ഠമല്ല, ആത്മനിഷ്ഠമാണെന്നുള്ള തത്വം പ്രസ്പഷ്ടമാണല്ലൊ. ഒരേ കൃഷ്ണൻ തന്നെ "മല്ലന്മാൎക്കിടിവാളും", "ജനത്തിനരചനും", "ഏണാക്ഷിമാൎക്കു മീനാങ്കനും" ആയതു്, അല്ലെങ്കിൽ എങ്ങിനെ ഘടിക്കും? ഒരു ഗ്രന്ഥം ഒരാളെ ഏററവും ആകർഷിക്കുന്നു എന്നതുകൊണ്ടു മാത്രം

അതു് ഉത്തമമാണെന്നു കരുതുന്നതു
മനഃശ്ശാസ്ത്രദൃഷ്ട്യാ തെററാണു്. നേ
രേ മറിച്ചു് അതിൽനിന്നു വെളിവാ
കുന്നതു് ആ ഗ്രന്ഥത്തിലെ പ്രതിപാ
ദ്യത്തിൽനിന്നു ജനിക്കുന്ന സംസ്കാര
വിശേഷത്തിനർഹനോ, അതിൻെറ
ജിജ്ഞാസുവോ അഭിനന്ദകനോ ആ
ണു് വക്താവായ ആ വ്യക്തി എന്നു
മാത്രമാണു്. ഇരിക്കട്ടെ, പ്രകൃതം
തന്നെ അനുസരിക്കാം. ഭഗവൽഗീത
യാണോ എന്നെ ഏററവും ആകർഷി
ച്ച ഗ്രന്ഥം എന്നായി പിന്നത്തെ എ
ൻെറ സ്വയം പ്രശ്നം. പക്ഷെ "എ
ന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം"
എന്ന തലവാചകത്തെ, പത്രാധി
പർ ക്ഷമിക്കുമെങ്കിൽ "ഞാൻ ഏ
ററം ആകർഷിച്ച ഗ്രന്ഥം" എന്നാ
ക്കിയാൽ 'ഭഗവൽ ഗീത' എന്ന ഉ
ത്തരം ഒരു മാതിരി കൊള്ളിക്കാമെന്നു
തോന്നുന്നു. ഗീതയേപ്പോലെ മറെറാ
രു ഗ്രന്ഥത്തേയും ഞാൻ ഇത്രയധി
കം പിടിച്ചുവലിച്ചിട്ടില്ല. എത്ര ബ
ലപ്രയോഗം ചെയ്താലും ഉള്ള തുറന്നു
കാട്ടാത്ത ഒരു മുട്ടാളൻെറ മട്ടാണു
ഗീതയെന്നു തോന്നുകയാൽ ആ വഴി
ക്കുള്ള യത്നം ഉപേക്ഷിച്ചിരിക്കയാ
ണു്. ഇപ്പോൾ ഗീതയും എനിക്കും
തമ്മിൽ വലിയ ശണ്ഠയില്ലെങ്കിലും
വലിയ ആകർഷണമില്ല. ഇങ്ങനെ
യുള്ള പരമാർത്ഥങ്ങൾ പത്രപംക്തിക
ളിൽ പരസ്യമാക്കിയാൽ പാമരനെ
ന്നു മാത്രമല്ല ശുഷ്ക ചാർവ്വാകനെന്നു
പോലുമുള്ള പരപരിഹാസത്തിനു
പാത്രമാകുമെന്നു് എനിക്കറിയാം. അ
തുകൊണ്ടാണു് ആദ്യം തന്നെ അപ
ണ്ഡിതനെന്ന ഒരു 'ലേബൽ' ഈ
ഉപന്യാസത്തിനു മീതെ ഒട്ടിച്ചതു്.
പണ്ഡിതന്മാർ പലതും പറയു
മ്പോൾ അപണ്ഡിതന്മാർ ചിലതെ
ങ്കിലും പറയുന്നതിലാക്ഷേപം വലിയ
വിരോധമുണ്ടാകയില്ലല്ലോ. ന്യൂന
പക്ഷത്തിനും ഒരു രക്ഷ വേണ്ടേ സാ
ഹിത്യഡൊമിനിയനിൽ? അതിരിക്ക
ട്ടെ, എന്നെ ഏററവും ആകർഷിച്ച
ഗ്രന്ഥം ഏതാണെന്നു കണ്ടുപിടിക്ക
ണമല്ലോ. ഇതു സാധിക്കണമെങ്കിൽ
ആകർഷണ'ഡിഗ്രി'യുടെ താരതമ്യ
വിവേചനം ആവശ്യമായി വരും.
ഇതു കൃത്യമായളക്കുവാനുള്ള ഒരു "മാ
പിനി"യും (ക്ലാസ്സുമുറിഭാഷയിൽ) ഇ
തു വരെ സയൻസ് കണ്ടുപിടിച്ചിട്ടി
ല്ല. പല ഗ്രന്ഥങ്ങളും എന്നെ ആക
ർഷിച്ചിട്ടുണ്ടെന്നു തീർച്ച. അവയിൽ
വെച്ചു് ഏററവും ആകർഷിച്ചതേതെ
ന്നാണല്ലോ ആകാംക്ഷ. ഇരിക്കട്ടെ,
ഏററവുംആകർഷിക്കുക എന്നതിൻെറ
സ്വരൂപലക്ഷണമെന്തു്? ഒരിക്കൽ
തന്നെ മുഴുവൻ വായിക്കാൻ രസം
തോന്നാത്ത ഗ്രന്ഥത്തിനു് ആകർഷ
ണം പൂജ്യം. ഒരിക്കൽ വായിച്ചുകഴി
ഞ്ഞാൽ പിന്നെ തിരിഞ്ഞുനോക്കാൻ
തോന്നാത്തതിനു് ആകർഷണം കുറ
വു്. ഒരിക്കൽ വായിച്ചാൽ ഒരിക്കൽ
കൂടി വായിക്കണം എന്നു തോന്നുന്ന
തിനു് ആകർഷണം കൂടും. എന്നാൽ
എത്ര വായിച്ചാലും തൃപ്തിവരാത്തതാ
ണു് ഏററവും ആകർഷകമായ ഗ്ര
ന്ഥം. ഈ നിർവ്വചനപ്രകാരം നോ
ക്കുമ്പോൾ ഇംഗ്ലീഷിലെ ഒരു ഗ്രന്ഥ
വും എന്നെ ഏററവും ആകർഷിച്ചി
ട്ടില്ല. സംസ്കൃതത്തിലെ ചില ഗ്രന്ഥ
ങ്ങൾ രണ്ടാമതും വായിക്കാൻ തോ
ന്നിയിട്ടുണ്ടു്. എന്നാൽ അവയിലൊ
ന്നുപോലും അപണ്ഡിതനായ എ
ന്നെ ഏററവും ആകർഷിച്ചിട്ടില്ല. മ
ല്ലിനാഥൻെറ നോട്ടുനോക്കി തല പു
ണ്ണാക്കാതെ രക്ഷപ്പെട്ടാൽ മതി എ
ന്ന വിചാരം ചിലപ്പോൾ ഉണ്ടായി
ട്ടുണ്ടുതാനും. "നനോനനന്നോ"
എന്നും "ഭാട്ടട്ടോട്ടട്ടട്ടാഭി" എന്നും

തുടങ്ങിയ മണ്ടപൊളിയൻ ശബ്ദ വെള്ളച്ചാട്ടങ്ങളിൽ കടുങ്ങാതെ രക്ഷ പ്പെട്ടതു ഭാഗ്യമായി എന്നും കരുതാറുണ്ട്. എനിക്കു് എത്ര വായിച്ചാലും തൃപ്തി വരാത്ത—അതായതു് എന്നെ ഏററവും ആകർഷിച്ച-ഒരു ഗ്രന്ഥം, ഒരേ ഒരു ഗ്രന്ഥം (ഏററവും ആകർഷിച്ച അധികം ഗ്രന്ഥങ്ങൾ ഉണ്ടാവാൻ തരമില്ലല്ലോ) വള്ളത്തോളിൻെറ സാഹിത്യമഞ്ജരിയാണ്. ആ പദ്യസമാഹാരങ്ങൾ എൻെറ അന്തഃകരണലോഹത്തിന് അയസ്കാന്തമാണ്. എത്ര പ്രാവശ്യം വായിച്ചാലും എനിക്കു മടുപ്പു തോന്നാത്തതും എപ്പോഴും ഓർമ്മിച്ചു ചൊല്ലുവാൻ ഞാൻ ഇഷ്ടപ്പെടുന്നതും അതു മാത്രമാണ്. സാഹിത്യമഞ്ജരിയാകുന്ന കാന്തക്കമ്പിയിൽ സ്പർശിച്ചാൽ എൻെറ ചിത്തമാകുന്ന ടാം വണ്ടി നില്ക്കാതെ മുന്നോട്ടു നീങ്ങുകയായി. എന്താണിതിനിത്ര ആകർഷണമെന്നെന്നോടു ചോദിച്ചാൽ എനിക്കു സമാധാനം പറയാൻ സാധിക്കുന്നതല്ലെന്നുള്ളതാണ് മറെറാരു രസം. അതിനു സമാധാനം പറയാൻ പണ്ഡിതന്മാർക്കു സാധിച്ചേക്കാം. ആത്മാവിനെ കണ്ടുപിടിക്കാൻ ദേഹത്തിൽ 'ഓപ്പറേഷൻ' നടത്തി ജീവൻ നഷ്ടപ്പെടുത്തുന്ന സജ്ജനെപ്പോലെ,കാവ്യത്തിൻെറ ജീവൻ കണ്ടുപിടിക്കാൻ ശരീരഭൂതങ്ങളായ ശബ്ദജാലങ്ങളെ കീറി മുറിച്ചു് അവസാനം കാവ്യത്തെ നിർജ്ജീവനിലയിലാക്കിത്തീർക്കുന്ന വിദ്യ ഞാനഭ്യസിച്ചിട്ടില്ല. അഭ്യസിക്കണമെന്നുമില്ല. പാരായണത്തിനു കൈയ്യിലെടുത്താൽ അവസാനം വരെ വായിക്കുവാൻ തോന്നുന്നതും അപ്പോൾ തന്നെ സമയമുണ്ടെങ്കിൽ വീണ്ടും വായിക്കുവാൻ ഉത്സാഹം തോന്നുന്നതും യാതൊരധ്വാനവും കൂടാതെ ഹൃദിസ്ഥമാക്കാവുന്നതും ആയി സാഹിത്യമഞ്ജരിപോലെ മറെറാരു ഗ്രന്ഥവും ഞാൻ കണ്ടിട്ടില്ല. ആ മഹാകവിയുടെ തന്നെ ശാകുന്തളം, വാത്മീകിരാമായണം മുതലായ മററു ചില കൃതികൾ വീണ്ടും വായിക്കണമെന്ന വാഞ്ഛകൂടി എന്നിൽ ഉളവാക്കിയിട്ടില്ല. മനഃശാസ്ത്രജ്ഞനായ മഹാകവി എന്നു പറയാൻ പററിയ ഒരാൾ കേരളത്തിലുണ്ടെങ്കിൽ അതു സാഹിത്യമഞ്ജരിയുടെ കർത്താവാണ് എന്നു ഞാൻ തീർത്തുപറയും. സാഹിത്യമഞ്ജരി എന്നെ ഏററവും ആകർഷിക്കാനുള്ള കാരണം വേണമെന്നു നിർബ്ബന്ധമുണ്ടെങ്കിൽ ഒന്നതായു് ക്കൊള്ളട്ടെ എന്നു മാത്രം. കർക്കടകം ലക്കം 'കലാനിധി'യിൽ ശ്രീ. ജി. ശങ്കരക്കുറുപ്പിനെപ്പററി ഒരു മാന്യൻ എഴുതിയ ഒരു ലേഖനത്തിൽ ആശാൻെറ ചിന്താശക്തിയും, വള്ളത്തോളിൻെറ രചനാപാടവവും, ഉള്ളൂരിൻെറ വാക്പ്രൌഢിയും ഒത്തുചേർന്ന മലയാളത്തിലെ ഏക കവി ശ്രീ. ശങ്കരക്കുറുപ്പാണെന്നു പ്രസ്താവിച്ചു കണ്ടു. ഇതു വിസംവദിക്കുവാൻ ഉള്ള ആവശ്യമോ ആകാംക്ഷയോ ആക്കും ഉണ്ടാവില്ലെങ്കിലും ആ ഉപന്യാസകർത്താവിന്, പ്രസ്തുത കവിയിൽ ഈ മൂന്നു ഗുണങ്ങളുടെയും ചേർച്ചയെ സ്പഷ്ടമാക്കാൻ സാഹിത്യമഞ്ജരീകർത്താവിനെത്തന്നെ ശരണീകരിക്കേണ്ടി വന്നു. ആയാളുടെ സ്തുതിഫലകത്തിൽ പൊന്തി നിന്നതും ഏന്തി വന്നതും "എൻെറ ഗുരുനാഥൻ" എന്ന കൃതിയിലെ :

"കൃസ്തുദേവൻെറ പരിത്യാഗശീലവും
സാക്ഷാൽ
കൃഷ്ണനാം ഭഗവാൻെറ ധർമ്മരക്ഷോ–
പായവും"

എന്നു തുടങ്ങുന്ന കുറെ വരികളാണ്. ഇതുപോലെത്തന്നെ "ശ്രീ. ജി. ചിലപ്പോൾ പഴമയുടെ കഴിവുകളെയും ചിലപ്പോൾ പുതുമയുടെ മാധുരിയേയും ചിലപ്പോൾ ആത്മീയ മാഹാത്മ്യത്തേയും പാടിപ്പുകഴ്ത്തുന്നു" എന്നാശയത്തിനു മാററു കൂട്ടാൻ വള്ളത്തോളിൻെറ-

"ചിലപ്പോൾ പുതുകൊണ്ടൽ–
ത്തമാല വിപിനം നീ
ചിലപ്പോൾ സിതമേഘമണലിൽ–
കടപ്പുറം"

എന്നിത്യാദി വരികൾ മാത്രമെ ഉപന്യാസകർത്താവിനു് ഓർമ്മയിൽ തിരഞ്ഞപ്പോൾ പിടി കിട്ടിയുള്ളു. ഇങ്ങനെ അന്തഃകരണത്തിൽ ലയിച്ചു ചേന്നു മരന്ദധാരാമാധുര്യം പൊഴിക്കുവാൻ ശക്തിയുള്ള സാഹിത്യമഞ്ജരിയിലെ കൃതികൾ എന്നെ ഏററം ആകർഷിച്ചതിൽ എനിക്കു യാതൊരത്ഭുതവുമില്ല. ശബ്ദഭംഗിയോ, അത്ഥചമൽക്കാരമോ, അലങ്കാരപ്രൌഢിയോ, ആശയവൈശിഷ്ട്യമോ, രചനാ സൌകുമാര്യമോ, ഇതിവൃത്തനാവത്വമോ, മനസ്തത്വാനുവിധാനമോ മറെറന്തോ കൊണ്ടു് ഒരവാച്യമായ ആനന്ദം അവ അനുവാചകക്കു നല്കുന്നുവെന്നുള്ളതു് അനപലപനീയമാണ്. പക്ഷെ അന്തഃകരണത്തെ ആനന്ദത്തിലാറാടിക്കുന്ന ഈ ശക്തിയുടെ അടിസ്ഥാനമെന്തെന്നു് ആനന്ദാനുഭവ മാത്ര കാംക്ഷികൾ ക്കാലോചിക്കേണ്ട ബാധ്യതയില്ല. പായസത്തിനു് അത്യന്തം സ്വാദുണ്ടെന്നു കണ്ടാൽ അതുണ്ടാക്കിയ തെങ്ങിനെയെന്നു് അന്വേഷിക്കേണ്ട ആവശ്യം അനുഭോക്താക്കളിൽ എല്ലാവക്കും ഉണ്ടായിക്കൊള്ളണമെന്നില്ല. പക്ഷേ പായസമുണ്ടാക്കാൻ ആഗ്രഹിക്കുന്ന ആൾ ഒരു സമയം അന്വേഷിച്ചെന്നു വരാം. മററുള്ളവർ പായസഭക്ഷണത്തിൽ നിന്നു കിട്ടുന്ന സുഖം കൊണ്ടു മാത്രം തൃപ്തിപ്പെടുന്നു. അല്പം കൂടി കിട്ടിയാൽ നന്നെന്നോ എപ്പോഴും കിട്ടിയാൽ കൊള്ളാമെന്നോ മാത്രമായിരിക്കും അവരുടെ മനോഭാവം. ആകർഷകമായ കവിതയുടെ കാര്യവും ഇങ്ങനെ തന്നെ. പാചകരഹസ്യം അറിയാതെ തന്നെ ഏററം രസകരമായ ഭക്ഷ്യമിന്നതെന്നു നമുക്കു പറവാൻ സാധിക്കുന്നതുപോലെ കവികളാകാതെ ഏററവും ആകഷകമായ കവിത ഇന്നതെന്നു പറവാനും നമുക്കു വിഷമമില്ല. പക്ഷെ പ്രകൃതിദത്തമായ രസനേന്ദ്രിയം സവക്കും തുല്യമായിരുന്നിട്ടുകൂടി "ഭിന്നരുചിർഹിലോകഃ" എന്ന തത്വത്തിന്നു് എത്രയോ ഉദാഹരണങ്ങൾ ഭക്ഷണ കാര്യത്തിൽ തന്നെയുള്ള സ്ഥിതിക്കു് ആസ്വാദനത്തിനു പ്രകൃതിദത്തമായ യാതൊരുപകരണവുമില്ലാത്ത കാവ്യരസത്തിൻെറ കാര്യത്തിൽ നിരവധി പക്ഷാന്തരങ്ങൾ ഉണ്ടാവുന്നതിലത്ഭുതമില്ലല്ലോ. അതുകൊണ്ടു ഞങ്ങൾക്കു ഏററം ആകർഷകമായ ഗ്രന്ഥം സാഹിത്യമഞ്ജരിയല്ലെന്നു വല്ലവരും കരുതുന്നുണ്ടെങ്കിൽ അവരുടെ പക്ഷത്തു നിന്നു പറയുമ്പോൾ അതു ശരി തന്നെയെന്നു സമ്മതിക്കാൻ വിരോധമില്ല. പാലു കഴിച്ചാൽ ഛർദ്ദിക്കാൻ വരുന്ന ആൾക്കും പാലില്ലാതെ ജീവിക്കാൻ കഴിയാത്ത ആൾക്കും പാലിനെക്കുറിച്ചുള്ള അഭിപ്രായം ഒന്നായിരിക്കുമോ? അതാണു് ആകർഷണം വസ്തുനിഷ്ഠമല്ല, ആത്മനിഷ്ഠമാണെന്നു ഞാൻ ആദ്യമേ പറഞ്ഞതു്. ഏതായാലും സാഹിത്യമഞ്ജരിയിലെ സുധാസാരമധുരങ്ങളായ ഖ

## ജീവചരിത്രസരണി

# മഹാ ത്യാഗിയായ
# വേലുത്തമ്പി ദളവാ

വി. ആർ. പരമേശ്വരൻ പിള്ള

"വേലുത്തമ്പി, അദ്ദേഹത്തിൻെറ കാലത്തു ജീവിച്ചിരുന്നവരിൽ ഏററവും ശക്തിമാനായിരുന്നു. അധികാരപ്രിയനായിരുന്ന ആ മഹാൻ ജനങ്ങളുടെ അഭിലാഷഗതി നല്ലതുപോലെ ഗ്രഹിച്ചിരുന്നു. അദ്ദേഹം നയിച്ച ഒന്നാമത്തെ വിപ്ളവം അദ്ദേഹത്തെ ഉയർത്തുകയും രണ്ടാമത്തേതു് അദ്ദേഹത്തെ നശിപ്പിക്കുകയും ചെയ്തു. എങ്കിലും പരമശത്രുക്കൾ പോലും വാഴ്ത്തുന്ന ഒന്നായിരുന്നു അദ്ദേഹത്തിൻെറ തൻേറടം." എന്നാണു ഡാക്ടർ എസ്. എൻ. സെൻ പ്രസ്താവിച്ചിരിക്കുന്നതു്. റസിഡണ്ടു മെക്കാളെയുടെ കൊള്ളരുതായ്മയേയും മുഷ്ക്കരത്വത്തേയും എതിർക്കുന്ന കാര്യത്തിൽ കൂട്ടുകാരനായി നിന്ന പാലിയത്തച്ചൻ കുറെ കഴിഞ്ഞപ്പോൾ കീഴടങ്ങി. എന്നാൽ തമ്പി ജീവാവസാനം വരെ യാതൊരു പ്രലോഭനത്തിനും കീഴടങ്ങിയില്ല. അതൃപ്തകക്ഷികളെയെല്ലാം കൂട്ടിയിണക്കി ദ്വീപാന്തരങ്ങളിൽ നിന്നു പോലും സഹായം കൈവരുത്തി തൻെറ ശത്രുവിനെ ധ്വംസിക്കാൻ അദ്ദേഹം സന്നദ്ധനായി. ഇംഗ്ളീഷുകാരെ തുടരെത്തുടരെ യൂറോപ്പിൽ തോല്പിച്ചുകൊണ്ടിരുന്ന ഫ്രഞ്ചുകാരുടെ സഹായം അദ്ദേഹം ആശിച്ചതിൽ തെറെറാന്നുമില്ല. പ്രതീക്ഷിച്ചിരുന്ന സഹായം സമയത്തിനു ലഭിക്കാത്തതിനു ആരും അദ്ദേഹത്തെ പഴിക്കയില്ല. വേലുത്തമ്പിയുടെ സൈന്യത്തിൽ പ്രധാന ഉദ്യോഗങ്ങൾ വഹിച്ചിരുന്ന യൂറോപ്യന്മാരിൽ പലരും അദ്ദേഹത്തിൻെറ സ്വാതന്ത്ര്യസമരത്തിൽ ഏകയംഗമമായി സഹകരിച്ചിരുന്നു. കണ്ണൽ ഡാലിയും മേജർ ഹാമിൽട്ടനും മാത്രമായിരുന്നു പെൻഷൻ കൊതിച്ചു തമ്പിയുടെ ശ്രമങ്ങളിൽനിന്നു പിന്മാറി നിന്നതു്. ഇംഗ്ളീഷുകാരെ എതിർക്കുന്ന കാര്യത്തിൽ നാട്ടുകാർ ഐകകണ്ഠ്യേന അദ്ദേഹത്തോടു സഹകരിച്ചുവെന്നു പറവാൻ തര

---

ണ്ഡകാവ്യങ്ങളേക്കാൾ കൂടുതൽ ആകർഷണം ലോകത്തിൽ ചുരുക്കം കവിതകൾക്കേ ഉള്ളൂ എന്നു ഞാൻ കരുതുന്നു.

മല്ല. തമ്പിയുടെ അചഞ്ചലമായ നീതിനിഷ്ഠ നിമിത്തം അതൃപ്തരായിരുന്ന പലരും വിഷമഘട്ടത്തിൽ അദ്ദേഹത്തെ കൈവിട്ടുകളഞ്ഞു. പോരെങ്കിൽ സ്വജനങ്ങളുടെ തൊഴുത്തിൽകുത്തിനു ഇരവിക്കുട്ടിപ്പിള്ളയുടെ കാലം മുതല്ലു കുപ്രസിദ്ധി നേടിയതാണല്ലോ നമ്മുടെ നാട്. അന്നു ഇന്ത്യയിലും യൂറോപ്പിലും ഉണ്ടായിക്കൊണ്ടിരുന്ന സംഭവവികാസങ്ങൾ അദ്ദേഹം വേണ്ടവണ്ണം അറിയാതിരുന്നില്ല. തമ്പിയുടെ പ്രതീക്ഷകളിലും ധാരണകളിലും ചില തെററുകൾ പററിപ്പോയിട്ടുണ്ട്. എന്നിരുന്നാലും അന്ത്യനിമിഷം വരെ അദ്ദേഹത്തിൽ അധിവസിച്ചിരുന്ന ധൈര്യ്യവും സന്മാൎഗ്ഗനിഷ്ഠയും ജന്മഭൂമിക്കു അഭിമാനപ്രദമായ ദേഹത്യാഗവും ആചന്ദ്രതാരം ശ്ലാഘിക്കപ്പെടുന്നതാണ്. തിരുവനന്തപുരത്തു വച്ചു ഏതാനും കൊല്ലം മുമ്പു നടന്ന ഇന്ത്യൻ ഹിസ്റ്റാറിക്കൽ റിക്കാർഡ്സ് കമ്മിഷൻ സമ്മേളനത്തിൽ വിഖ്യാതനായ ചരിത്രപണ്ഡിതർ സുരേന്ദ്രനാഥ സെൻ പ്രസ്താവിച്ചതുപോലെ "ആ മഹാത്മാവു തൻെറ രാജാവിനും രാജ്യത്തിനും വേണ്ടി പോരാടി വീരചരമം പ്രാപിച്ചു." അദ്ദേഹത്തിൻെറ സഹപ്രവൎത്തകരായ വൈക്കം പത്മനാഭപിള്ള മുതലായ വീരകേസരികളെ റസിഡണ്ടിൻെറ പ്രേരണമൂലം നിഷ്ഠുരന്മം വധിച്ചുവെങ്കിലും അവരുടെ ത്യാഗസംപൂൎണ്ണമായ വിശിഷ്ടാപദാനങ്ങൾ ഇന്നും വഞ്ചിവാസികൾ അഭിമാനത്തോടും കൃതജ്ഞതയോടും കൂടി സ്മരിക്കുന്നു. ഈ കലാപങ്ങൾക്കെല്ലാം ഹേതുഭൂതനായ മെക്കാളെ ധാര, അധികൃതന്മാരുടെ കഠിനമായ വിമൎശത്തിനു ഭാജനമായി ഉദ്യോഗമൊഴിഞ്ഞു. ഈ വെള്ളക്കാരനെ പ്രീണിപ്പിക്കാൻ വേണ്ടി അസംഖ്യം ത്യാഗിവൎയ്യന്മാരേയും അവരുടെ ബന്ധുക്കളേയും പൈശാചികമായി പീഡിപ്പിച്ചു മൃത്യുവക്ത്രത്തിലാഴ്ത്തിയ ഉദ്യോഗസ്ഥദുഷ്പ്രഭുവിൻെറ ജീവിതാവസാനം ഇംഗ്ലീഷുകാരുടെ കൽത്തുറുങ്കിലായിരുന്നു കഴിഞ്ഞുകൂടിയതു്. "താൻ കുഴിച്ച കുഴിയിൽ താൻ ചാടും" എന്നു ആ സ്വജനദ്രോഹി സ്വാനുഭവം മൂലം ലോകത്തെ പഠിപ്പിച്ചു.

ജന്മഭൂമിയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ആത്മാൎപ്പണം ചെയ്ത ആ മഹാൻ ജാതിമതബുദ്ധിക്കു അതീതനായ വിധം തന്നെ ആരാധനീയനായിത്തീൎന്നിട്ടുണ്ട്. ഒരു മാന്യ മുസ്ലീം ലേഖകൻ ഇപ്രകാരം എഴുതിക്കാണുന്നു:-

"ഫ്രഞ്ചു വിപ്ലവവും തദനന്തരം ഉൽഭൂതമായ ചില പ്രത്യേക ചുററുപാടുകളും നെപ്പോളിയനെ അധികാരകേന്ദ്രത്തിലേക്കുയൎത്തിയെങ്കിൽ, രാജാ കേശവദാസൻെറ അപമൃത്യുമൂലം അരാജകമായ നാടും ദുൎഭരണത്താൽ അരാകീയമായിത്തീൎന്ന ഒരു പരിസരവും വേലുത്തമ്പിയുടെ വികാസത്തിനു കളമൊരുക്കി. നെപ്പോളിയൻെറ ഒരിക്കലൂരിയ ഖഡ്ഗം അവസാനമായി വിശ്രമിച്ചതു്, ചെങ്കോൽ വഴുതി വീണ ആ പഞ്ചാസ്യൻ ഒരു തടവുകാരൻ എന്ന നിലയിൽ സെൻറ് ഹെലീനായിലേക്കു നാടുകടത്തപ്പെട്ട ആ അവസരത്തിൽ മാത്രമായിരുന്നു. ആ നിമിഷം വരെ വിശ്രമം എന്തെന്നു അദ്ദേഹം അറിഞ്ഞിരുന്നില്ല. വേലുത്തമ്പിയുടെ ദേശീയസേവനത്തിൽ ആദ്യന്തം അദ്ദേഹത്തിനുണ്ടായ അനുഭവവുമിതാണ്. ദളവാപദം കൈയേററ ആ

നാഴിക മുതൽ മണ്ണടിയിലെ മണൽത്തരികളിൽ സ്വന്തഹൃദ്രക്തം വാർന്നു ചോരുന്നതു വരെ വിശ്രമമെന്തെന്നു തലക്കുളം സ്വപ്നം പോലും കണ്ടിരുന്നില്ല..........ശത്രുവിൻെറ മുമ്പിൽ ഒരു കുററവാളിയെന്ന നിലയിൽ, തടവുകാരനായി പ്രവേശിക്കാൻ വേണ്ടാടോളം വിടൻ അദ്ദേഹത്തിൻെറ ആത്മപൗരുഷം 'തലക്കുളത്തു തമ്പിയെ അനുവദിച്ചിരുന്നില്ല. ഈ ഒരൊററത്തീരുമാനം മൂലം വേലുത്തമ്പി, നെപ്പോളിയനെ കവച്ചുവെക്കുന്നുണ്ട്. അന്യരുടെ കാൽച്ചുവിട്ടേററ തിരുവിതാംകൂർ ഞെരിഞ്ഞമരുന്ന ദയനീയരംഗം കണ്ടു കണ്ട്, ശേഷിച്ച ജീവിതം ഒരു രണ്ടാം ഹെലീനയിൽ കഴിച്ചുകൂട്ടുവാൻ നെപ്പോളിയനെപ്പോലെ അദ്ദേഹം തയാറായില്ല........വിശ്വം വിറപ്പിക്കേണ്ട ആ തേജ:സ്ഫുലിംഗം പെററ വീണതു മലനാട്ടിലായിപ്പോയി! വിപ്ലവമയമായ ഒരന്തരീക്ഷത്തിൽ യൂറോപ്പിൻെറ ഏതൊരു ഭാഗത്തു വേലുത്തമ്പി ജനിച്ചിരുന്നെങ്കിലും നെപ്പോളിയനെ അദ്ദേഹം അതിശയിക്കുമായിരുന്നു.......മരണം കൊണ്ടു പോലും മാതൃഭൂമിയുടെ അപരാധഭാരത്തെ ലഘൂകരിക്കാൻ ശ്രമിച്ച തലക്കുളത്തെപ്പോലെ മറെറാരു വ്യക്തി ലോകചരിത്രത്തിൻെറ ഇതരവശങ്ങളെ അലങ്കരിച്ചിട്ടില്ലെന്നുള്ളതു തർക്കമററ സംഗതിയാണ്."

വഞ്ചിരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനും അഭിമാനത്തിനും വേണ്ടി പ്രാണാർപ്പണം ചെയ്ത ധീരാത്മാവേ, ത്യാഗസുരഭിലവും പൗരുഷപ്രദീപകവുമായ അവിടത്തെ പവിത്രസ്മരണ ഞങ്ങളെ കർത്തവ്യനിരതരാക്കിത്തീർക്കുമാറാകട്ടെ! വന്ദേ മാതരം!

---

കുറിപ്പ്:- അടുത്തു തന്നെ പ്രസിദ്ധപ്പെടുത്തുന്ന "ആത്മാർപ്പണ"മെന്ന ഗ്രന്ഥത്തിൽ നിന്ന്.

——:o:——

ഒന്നാമൻ : ഇന്നെന്താ തീയതി?

രണ്ടാമൻ : ഇതാ ആ പേപ്പർ നോക്കു.

ഒന്നാമൻ : ഛെ! അതു ഇന്നലത്തേ പത്രമാണ്.

* * *

അച്ഛൻ : എടാ രാമാ! നീ ഇന്നലെ സിനിമക്കു പോയില്ലേ?

മകൻ : ഇല്ല അച്ഛാ.

അച്ഛൻ : എടാ നീ ഇരുന്ന സീററിൻെറ പുറകിൽ ഞാൻ ഇരുന്നിരുന്നു.

മകൻ : കളവു പറയുന്നു. ഞാൻ ഇരുന്നതു ഒടുവിലത്തേ വരിയിലായിരുന്നു.

(തട്ടിപ്പ്.)

# വനിതാ സമ്മേളനം

എം. എൻ. ഗോവിന്ദൻ നായർ ബി. എ. ബി. എൽ.

മലയാളത്തിലെ കുട്ടോബ്‌വ്‌സ്കി—സഖാവു പഞ്ചപ്പാടം—അദ്ദേഹത്തെ അറിയാത്തവരായി മലയാളികളിലാരുമില്ല. പുഞ്ചപ്പാടത്തു രാമൻ പിള്ള എന്ന പേരിൽ അദ്ദേഹം ഖണ്ഡകാവ്യങ്ങളും ചെറുകഥകളും എഴുതിത്തുടങ്ങി. കാലക്രമേണ രാമൻ പിള്ള പുഞ്ചപ്പാടത്തിൽ ലയിച്ചു. ശ്രീ. എ. ബാലകൃഷ്ണപിള്ളയുടെ ഒരു നീണ്ട ഗ്രന്ഥനിരൂപണത്തിൽ പുഞ്ചപ്പാടത്തിനു മലയാളത്തിലെ കുട്ടോബ്‌വ്‌സ്കി എന്ന ബഹുമതിയും നൽകപ്പെട്ടു. കൃഷ്ണവാര്യരുടെ ജീവൽസാഹിത്യക്കൂട്ടുകെട്ടിലും കേശവദേവിൻെറ പുരോഗമനസാഹിത്യപ്രസ്ഥാനത്തിലും പുഞ്ചപ്പാടം മുന്നണിയിൽ തന്നെ പ്രശോഭിച്ചിട്ടുണ്ട്. സാഹിത്യസമ്മേളനമായാലും തൊഴിലാളിസമ്മേളനമായാലും പ്ലാറ്റുഫാറത്തിൽ അദ്ദേഹം ഇല്ലെങ്കിൽ അതു സമ്മേളനത്തിനു വലിയൊരു കുറവു തന്നെയാണ്.

ഏകദേശം ഒരു മാസത്തിനു മുൻപാണു "മല്ലാരിക്കുളം വനിതാസമാജ"ത്തിൻെറ വാർഷികയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനുള്ള ക്ഷണം അദ്ദേഹത്തിനു ലഭിച്ചതു്. വനിതകൾ ഹാജരുള്ള പല മീററിംഗുകളിലും അദ്ദേഹം പ്രസംഗിച്ചിട്ടുണ്ടു്; വനിതകളോടൊത്തു ഒരേ പ്ലാറ്റുഫാറത്തിൽ തന്നെ വാദപ്രതിവാദം ചെയ്തിട്ടുമുണ്ടു്. എന്നാൽ വനിതകളുടേതു തന്നെയായ ഒരു മീററിംഗിൽ ഇതിനു മുൻപു പങ്കെടുത്തിട്ടില്ല. തങ്ങളുടെ മീററിംഗിൽ ആദ്ധ്യക്ഷ്യം വഹിക്കാമെന്നു സമ്മതിക്കാമോ? സമ്മതിക്കുന്നുവെങ്കിൽ അദ്ദേഹത്തിനു എന്തെല്ലാം യാത്രാസൗകര്യങ്ങളാണു ചെയ്യേണ്ടതു്? എന്നെല്ലാം ആ ക്ഷണക്കത്തിൽ ചോദിച്ചിരുന്നു. തനിക്കു യാതൊരു പ്രത്യേക സൗകര്യവും ആവശ്യമില്ലെന്നും ലൈൻ ബസ്സിൽ തന്നെ വന്നെത്തിക്കൊള്ളാമെന്നും ആ മഹാമനസ്കൻ സമ്മതിച്ച മറുപടി അയച്ചു. വനിതകളെ ഒരു വിധത്തിലും ക്ലേശിപ്പിക്കാൻ അദ്ദേഹത്തിൻെറ കവിഹൃദയം ധൈര്യപ്പെട്ടില്ല.

ഒരു വനിതാസമാജത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുക! വനിതാസ്ഥാനിലെ ഗവണ്ണർ ജനറലാകുക! അതു അദ്ദേഹത്തെ കോരിത്തരിപ്പിക്കുന്ന ഒരു ചിന്തയായിരുന്നു. ശൃംഗാരവും പ്രണയവും ഓളം തല്ലുന്ന അദ്ദേഹത്തിൻെറ കവിതകൾ കേരളത്തിലെ യുവതീയുവാക്കന്മാർക്കു കാണാപ്പാഠമാണ്. അവർ പ്രണയസല്ലാപം ചെയ്യുന്നതു തന്നെ അദ്ദേഹത്തിൻെറ കവിത വഴിയാണ്. പ്രണയലേഖനത്തിനു പകരം അദ്ദേഹത്തിൻെറ കഥാശകലങ്ങളുടെ കീഴേ വരയിട്ടു അന്യോന്യം കൈമാറുകയാണു ഇന്നത്തെ പതിവു.. അദ്ദേഹത്തിൻെറ റിയലിസം നിറഞ്ഞ ചെറുകഥകൾ വായിച്ചാൽ സ്ത്രീപോലീസുകാർ പോലും ലജ്ജിച്ചു കണ്ണടച്ചുപോകും.

അദ്ദേഹത്തിൻെറ കൃതികൾ രക്ഷകത്താക്കളുടെ കണ്ണിൽ പെടാതെ തലയണയുടെ അടിയിലും ബ്ളൗസിൻെറ ഇടയിലും ഒളിച്ചുവെച്ച് എത്രയോ തരുണീമണികൾ നിത്യവും പാരായണം ചെയ്യുന്നു! യുവഹൃദയങ്ങളിൽ കിക്കിളി ഇളക്കുന്ന അനംഗശരങ്ങൾ വാർത്തു വിടുന്ന ആ സാഹിത്യശില്പിയെ കാണുമ്പോൾ, വനിതാസമാജാംഗങ്ങളുടെ ഇടയിലുണ്ടാകുന്ന ബഹളം എന്തായിരിക്കും? "തോഴീ നീ അന്നേരമെന്തു ചെയ്യും?" ആ വല്ലാത്ത ചോദ്യം അവരുടെ മനസ്സുകളെ മഥിക്കയായിരിക്കണം. പ്രതീക്ഷകൾ മൊട്ടിട്ടു ക്രമേണ വികസിച്ചുവന്നു. അവ പ്രഫുല്ലമായി തുമണം പൊഴിക്കാനുള്ള ആ ദിവസവും വന്നു ചേർന്നു.

അന്നു രാവിലെ നമ്മുടെ സാഹിത്യകാരൻെറ മുഖത്തു ക്ഷൗരകനു അരമണിക്കൂർ നേരത്തെ ദജാലി ഉണ്ടായിരുന്നു. അനംഗൻെറ വില്ലുപോലെ വടിവൊത്ത മേൽമീശയിലെ രോമങ്ങൾ പിടിച്ചു നിരത്തിവെച്ചു കണ്ടിക്കുന്നതിനായിരുന്നു പ്രയത്നം കൂടുതൽ വേണ്ടിവന്നതു്. ആ ചിത്രവേല പൂർത്തിയാക്കിയശേഷം കുളിയും കഴിഞ്ഞു പുറപ്പെടാനുള്ള ധൃതിയിൽ അദ്ദേഹം വീട്ടിൽ ചെന്നു കയറിയപ്പോൾ, തൻെറ ഭാര്യ ഇളയ കുഞ്ഞിനു് മുല കൊടുത്തു കൊണ്ടു വളരെ ബദ്ധപ്പെട്ടു വെളുത്തേടൻെറ പക്കൽ കൊടുക്കുന്ന തുണികൾ തിട്ടപ്പെടുത്തി കണക്കെഴുതുകയാണു്.

ജപർ 4.

കട്ടിടഉപ്പ് 2. (കട്ടിയുടുപ്പ്)

മലമല്ലുമട്ട് 3. (മൽമല്ലു മുണ്ടു്)

എന്നിങ്ങനെ പുഞ്ചപ്പാടത്തിൻെറ ഭാഷാജ്ഞാനത്തെ അവർ കൊഞ്ഞനം കാട്ടുകയാണു്. "എനിക്കൊരു മുണ്ടും ജൂബ്ബായും നേര്യതും ഇങ്ങു എടുത്തു തരൂ" എന്നായി ഭർത്താവ്.

"എന്താ ഇത്ര രാവിലെ ഈ വെപ്രാളം?" എന്നായി ആ ജംപർധാരിണി.

"എനിക്കൊരു മീററിംഗിനു പോകണം."

"വല്ല കമ്മൂണി വീററിങ്ങോ മററോ ആണോ?" ഭാര്യ ആശങ്ക പ്രകടിപ്പിച്ചു.

"അല്ല, ഒരു വനിതാസമാജ വാർഷികമാണു്." അറിയാതെ, ചാക്കിലൊളിച്ചിരുന്ന പൂച്ച വെളിയിൽ ചാടി. പറഞ്ഞു കഴിഞ്ഞപ്പോഴാണു അബദ്ധമായല്ലോ എന്നു ആ സാഹിത്യകാരനു തോന്നിയതു്. അലക്കുകണക്കു താഴെ എറിയപ്പെട്ടു. ഭാഷാജ്ഞാനം എത്ര മോശമായിരുന്നാലും ഒരു ഭൂതോദയം കൊണ്ടെന്നപോലെ വനിതാസമാജത്തിൻെറ അർത്ഥം മിസ്സിസ്സ് പുഞ്ചപ്പാടത്തിനു മനസ്സിലായി.

"പേരും പെരുപ്പുമായി, എന്നെ ഇപ്പോ കണ്ടാൽ മോശമായിത്തുടങ്ങി. ഇനി കണ്ട അവളുമാരുടെ അടുത്തു സമാജത്തിനെന്നും പറഞ്ഞു നാണമില്ലാതെ കൊഴയാൻ നടക്കുകയാണു്. അമ്പോ! അതിനല്ല്യോ കാലത്തേ ആ വേലുമൂപ്പരെക്കൊണ്ടു ഒരു തച്ചുപണിയിച്ചതു്? പോണം, പോയി കൊഴഞ്ഞാടണം!" ഒരു മുണ്ടും ജൂബ്ബായും കൂടി ചുരുട്ടിക്കൂട്ടി അദ്ദേഹത്തിൻെറ മുമ്പിലേക്കു എറിയപ്പെട്ടു. പാവം, അതെടുത്തു നിവർത്തു ചുളിവും ഞൊറിവുമെല്ലാം ഒരു വിധം ശരിപ്പെടുത്തി ഇട്ടു കൊണ്ടു ബസ്സ് സ്റ്റാൻഡിലേക്കു യാത്രയായി.

മല്ലാരിക്കുളം ജങ്ഷൻ അടുക്കാറായി. അവിടെ സമ്മേളനത്തിലെ സ്വീകരണസംഘാംഗങ്ങൾ തന്നെ സ്വീകരിക്കാൻ കാത്തു നില്ക്കുന്നുണ്ടായിരിക്കും. അവർ, തനി ഭാരതീയമായുകയിൽ തന്നെ കുങ്കമം തൊട്ടുവിച്ചു കുരവയിട്ടു സ്വീകരിക്കുമോ, അതോ, നവീന രീതിയിൽ ഇങ്കുിലാബ് സിന്ദാബാദ് വിളിച്ചു രക്തഹാരമണിയിച്ചു സ്വീകരിക്കുമോ എന്നു അദ്ദേഹത്തിനു സംശയമായി. ഏതു വിധത്തിലുമാകട്ടെ, അതൊരു തനി വനിതാസ്വീകരണമായിരിക്കുമല്ലോ. അതു മതി. ഒരു മന്ദാക്ഷത്തോടുകൂടി വന്നു സെക്രട്ടറി തന്നെ മാലയിട്ടു സ്വീകരിക്കും. മാലയിട്ടവളെ അത്ഥഗർഭമായി കുസൃതികളായ കുട്ടിക്കുരങ്ങാക്ഷികൾ നുള്ളിയും തോണ്ടിയും കളിയാക്കും. തന്റെ കവിതകളെല്ലാം പൂവിട്ടു തുമധു പൊഴിക്കുന്ന ആ അനുഗ്രഹീതദിവസം, അന്നത്തെ സ്വീകരണവും, കോലാഹലവും, മീററിംഗും, കൃതജ്ഞതയും ഒരിക്കലും അവസാനിക്കരുതേ! എന്നദ്ദേഹം പ്രാത്ഥിച്ചു.

"നിക്കട്ട്'' കൺഡക്ടർ ആജ്ഞാപിച്ചു. വണ്ടി നിന്നു. "മല്ലാരിക്കുളം എല്ലാം ഇവിടെ ഇറങ്ങണം'' എന്നായി അടുത്ത കമാൻഡ്. സ്വീകരണസംഘത്തെ ആ കവലയിൽ കാണാത്തതുകൊണ്ടു് ശ്രീ. പുഞ്ചപ്പാടം ഒന്നു പരുങ്ങി. ''ആ ജൂബ്ബായിട്ട മല്ലാരിക്കുളം ടിക്കററിനും ഇവിടെയാണിറങ്ങേണ്ടതു്." എന്നുള്ള കണ്ടക്ടരുടെ തീരുമാനത്തെ എതിക്കാൻ നിവൃത്തിയില്ലായിരുന്നു. "പോട്ട്." ബസ്സു പോയിക്കഴിഞ്ഞു.

കവലയിൽ സ്വീകരിക്കാനാളില്ലാത്തതോ പോകട്ടെ; അവിടെ ഒരു ആർക്കോ അലങ്കാരമോ ഒരു വണ്ണക്കടലാസിന്റെ കഷണം പോലുമോ ആ മഹാസമ്മേളനത്തെ പ്രതിനിധീകരിക്കാൻ കവലയിൽ കാണാതിരുന്നതു് അദ്ദേഹത്തിനു ഒട്ടും രസിച്ചില്ല. ഒരു കൊച്ചു വാളൻറീയറെ എങ്കിലും വഴികാട്ടിയായി അവിടെ നിത്താഞ്ഞതു വലുതായ ഒരു കൃത്യവിലോപമായിപ്പോയി. ആ തെററിനു് ഉപക്രമപ്രസംഗത്തിൽ സെക്രട്ടറിക്കു ഒരു കനമുള്ള താക്കീതു കൊടുക്കണം. സങ്കേതത്തിൽ വരാൻ ക്ഷണിക്കപ്പെട്ട കാമുകനെ നേരം വെളുക്കുന്നതു വരെ അവിടെ നിത്തി ഇളിഭ്യനാക്കിയ കാമിനിയെപ്പററിയുള്ള കവിതയുടെ മുള്ളുവെച്ച അവസാനഭാഗം അതിലേക്കായി അദ്ദേഹം കരുതിവെച്ചു.

ബസ്സിൽ നിന്നു കൂടെ ഇറങ്ങിയ ഒരു കാരണവരോടു അദ്ദേഹം ചോദിച്ചു: "ഇവിടെ, വനിതാസമാജമെവിടെയാ?" ചെവി സ്വല്പം "പതുക്കെ"യായ ആ പുരാണപുരുഷൻ, നമ്മുടെ കഥാനായകന്റെ പല പ്രാവശ്യത്തെ ചോദ്യത്തിനു ശേഷമെ കാര്യം മനസ്സിലാക്കിയുള്ളു. "വാ" എന്നുള്ള ഒരു നീണ്ട ശബ്ദവും നിഷേധരൂപത്തിലുള്ള ഒരു തലയാട്ടവുമായിരുന്നു ഉത്തരം. വെടി പൊട്ടിച്ചതൊക്കെ വെറുതെ. അല്ലെങ്കിൽ, ഈ വയസ്സന്മാക്കു സ്ത്രീസ്വാതന്ത്ര്യപ്രസ്ഥാനങ്ങളെപ്പററി എന്തറിയാം! തന്റെ ചോദ്യഭേരി ശ്രവിച്ചു ചെവി കൂപ്പിച്ചു് അടുത്തൊരു കടയിലിരുന്നു ബീഡി തെറുക്കുന്ന ഒരു യുവകോമളൻ. ശ്രീ. പുഞ്ചപ്പാടം ആ സഖാവിനോടു തന്റെ ചോദ്യം ആവത്തിച്ചു. അയാൾ അടുത്തിരുന്ന മൂന്നു നാലു പേരുമായി ആ ഗഹനമായ പ്രശ്നത്തെപ്പററി ആലോചിച്ചു. ഒടു

വിൽ ബുദ്ധമുനിക്കു വെളിപ്പാടുണ്ടാ
യതുപോലെ അവരിലൊരാറം പറ
ഞ്ഞു : "ഇദ്ദേഹത്തിനു നമ്മടെ ആ
മീശസെക്രട്ടറിയുടെ വീട്ടിലായിരി
ക്കും പോകേണ്ടതു്. അയാറംക്കൊരു
വനിതയോ മറേറാ ഉണ്ടല്ലോ" അ
വിടെ നിന്നു വടക്കോട്ടും പിന്നീടു
പടിഞ്ഞാട്ടും കുറേ ദൂരം തെക്കോട്ടും
വയൽ, ഇടത്തോണ്ടു്, കുന്നു മുതലാ
യവ കയറി ഇറങ്ങി രണ്ടുമൂന്നു മൈൽ
ദൂരമുള്ള ഒരു വഴി അവർ നിർദ്ദേശി
ച്ചു. വനിതാസമാജത്തിൽ വെച്ചു
കോരിത്തരിക്കാൻ തയ്യാറായി ഇറ
ങ്ങിയ സാഹിത്യകാരനു വഴി നടപ്പി
നെ ഭയന്നു പിൻതിരിയാൻ സാധി
ക്കുമോ ?

'മീശസെക്രട്ടറി'യോ ? ഒരു പ
ക്ഷെ ഗൗരവക്കാരിയായ സമാജം
സെക്രട്ടറിക്കു, ബുദ്ധിമാനായ രാവ
ണനു പത്തു തല സൃഷ്ടിച്ചതുപോലെ
ഇവരെല്ലാംകൂടി മേൽമീശ കല്പിച്ചു
കൊടുത്തിരിക്കാം. "അയാറംക്കു ഒരു
വനിതയോ മറേറാ ഉണ്ടല്ലോ"എന്ന
ഭാഗം ഒരു കടംകഥ പോലെ ശേഷി
ച്ചു. കാണാൻ പോകുന്ന പൂരം പറ
ഞ്ഞ കേറംപ്പിക്കേണ്ട ആവശ്യമില്ല
ല്ലോ. ഏതായാലും ഈ ഓണംകേററ
മൂലയിൽ കൊണ്ടുചെന്നു വനിതാസ
മാജമുണ്ടാക്കിയവക്കു അതിഥികളെ
പ്പററി തീരെ അനുകമ്പയില്ലെന്നു
ള്ള കാര്യം പ്രത്യക്ഷമാണു്. പ്രസംഗ
ത്തിൽ, "ആഴക്കു വററടിയിലുള്ളതി
ലാശവെച്ചി—ട്ടേഴെട്ടിടങ്ങഴി ജലം
വെറുതേ കുടിച്ച" കാര്യം പ്രസ്താവി
ക്കാതെ തരമില്ല.

ചെളി ചവുട്ടിയും, കാലു തല്ലിയും
വെള്ളം നീന്തിയും ഒരു വിധത്തിൽ
ബീഡി തെറുപ്പുകാർ പറഞ്ഞിട
ത്തോളം വഴി അദ്ദേഹം പിന്നിട്ടു.
എന്നിട്ടും മീററിംഗിൻെറ ലക്ഷണ
മൊന്നും കാണാൻ കഴിഞ്ഞില്ല. മീ
ററിംഗിനു ജാഥകളായി മന്ദഗമനം
ചെയ്യുമെന്നു താൻ മനസ്സിൽ കണ്ടി
രുന്ന തരുണീനികരത്തെയും ഒരിട
ത്തും കണ്ടില്ല. വീണ്ടും വഴി ചോദി
ക്കേണ്ടതായി വന്നു.

"അതാ, ആ കാണുന്ന വീടാണു
സെക്രട്ടറിയുടേതു്. സെക്രട്ടറി കുട്ടൻ
പിള്ളയെ സാറിനറിഞ്ഞുകൂടേ ? അ
താ ഇഷ്ടനവിടെ നില്ക്കുന്നു." അദ്ദേ
ഹം നോക്കി, കറുത്ത പൂച്ചയെ നടു
ക്കു വെച്ചു കടിച്ചുപിടിച്ചതുപോലെ
ഭയങ്കരൻ മീശയുമായി, മുറിക്കയ്യൻ
ഷർട്ടും ഒരു ചൂരൽ വടിയും ധരിച്ചു
ഒരു വീട്ടുപടിക്കൽ നിൽക്കുന്ന ഒരാ
ജാനുബാഹു. അയാറം സെക്രട്ടറിയു
ടെ തന്തയോ കാരണവരോ ആയി
രിക്കാം. എങ്കിലും ആ മീശ ! ശ്രീ.
പുഞ്ചപ്പാടം ധൈര്യമവലംബിച്ചടു
ത്തു ചെന്നു.

"വരണം സാർ, വരണം, സാറ
ല്ലേ നമ്മുടെ ശ്രീ. പുഞ്ചപ്പാടം? ഇ
താണു നമ്മടെ വീടു്. സാറിനെ കാ
ണാഞ്ഞു് ഒന്നന്വേഷിക്കാനിറങ്ങാൻ
തുടങ്ങുകയായിരുന്നു." രണ്ടു പേരും
വീട്ടിലേക്കു കയറി. സാഹിത്യകാ
രൻ ഒരു കസേരയിൽ ഇരുന്നു. താൻ
സങ്കല്പത്തിൽ കണ്ട സെക്രട്ടറിയുടെ
അളകങ്ങളെ തിരഞ്ഞു കണ്ണുകളും,
കങ്കണക്വാണങ്ങളെ തിരക്കി ചെവി
കളും വെമ്പൽകൊണ്ടു. ഒടുവിൽ നി
രാശയിൽ നിന്നൊരു ചോദ്യം പുറ
പ്പെട്ടു "സെക്രട്ടറി എവിടെ ?"

ഒരു പൊള്ളച്ചിരിയോടുകൂടെ ആ
മീശ പറഞ്ഞു "സാറേ! നമ്മളാണു്
ഈ സെക്രട്ടറി. സെക്രട്ടറി എന്നു പ
റയുന്നതു്. ആ കേശവപിള്ളയുണ്ട
ല്ലോ ചെമ്പൻകുളത്തെ ? അവൻെറ
ചരക്കൊരു ഹയർ ടെയിൻറാ. അ

വന്ന സെക്രട്ടറിയാകണമെന്നൊരു വലിയ നിർബ്ബന്ധം. നമ്മള വിട്ട മോ? നമ്മടെ സാധനമൊണ്ടല്ലൊ. അവളൊരു ഏഴാംക്ലാസ്സ ഫെയിലാ. എന്നാലെന്താ? ഈ കുട്ടൻപിള്ളെടെ കൊക്കിൽ ജീവനുള്ള കാലം ഇവി ടെ വേറൊരുത്തൻ സെക്രട്ടറി ആകു കേല." ഈ ശപഥത്തോടുകൂടി വടി കൊണ്ടു അടുത്തുകിടന്ന മേശയ്ക്കിട്ട ഒരടി. പുഞ്ചപ്പാടം ഞെട്ടിപ്പോയി.

പിന്നീടുള്ള അര മണിക്കൂർ നേര ത്തെ സംഭാഷണം കൊണ്ടു ശ്രീ. പു ഞ്ചപ്പാടത്തിനു ആ നാടിൻെറയും പ്രത്യേകിച്ചു കുട്ടൻ പിള്ളയുടെയും, ചരിത്രവും, ഭൂമിശാസ്ത്രവും, രാജ്യഭര ണവും എല്ലാം മനസ്സിലായി. ഈ കുട്ടൻ പിള്ള ആ നാട്ടിലെ ഏററവും വലിയ മേൽമീശയുടെയും അവിട ത്തെ വനിതാസമാജം സെക്രട്ടറിനാ മധാരിയായ ഏഴാംക്ലാസ്സിൽ തോററ പെൺപിറന്നോരുടെയും ഉടമസ്ഥ നാണ്. എക്സൈസ് പ്യൂൺ ഉദ്യോഗ ത്തിൽ നിന്നു ഡിസ്മിസ്സ ചെയ്യ പ്പെട്ടതുമുതൽ അയാളവിടത്തെ നാട്ടു കാര്യസ്ഥനാണ്, കരയോഗം പ്രസി ഡണ്ടാണ്. ഇപ്പോഴം ചെമ്പൻകുള ത്തു കേശവപിള്ളയെ തോല്പിച്ചു ത ൻെറ ഭാര്യയെ വനിതാസമാജം സെ ക്രട്ടറി സ്ഥാനത്തേക്കു അവരോധിച്ചി ട്ടണ്ട്. അങ്ങനെ"നമ്മേം" ആ നാട് അടക്കി ഭരിക്കയാണ്. മീററിംഗിനു ട്ടരെയെങ്ങും പോകണ്ടാ. അവിട ത്തെ തളത്തിലാണു കൂടുന്നതു്. അ യാഠം മുററത്തു നിന്ന് ഒന്നു കൂവി വിളിച്ചാൽ അവിടെ ആളു കൂടുക യായി. നല്ല സദസ്സുണ്ടാകുകയില്ലെ ന്നുള്ള ആശങ്കയ്ക്കവകാശമില്ല.

ശ്രീ. പുഞ്ചപ്പാടത്തെ അദ്ധ്യക്ഷ നായി വിളിച്ചതിനു ഒരു പ്രത്യേക ഉ ദ്ദേശ്യമുണ്ട്. "തന്തയ്ക്കു പാലം വലി ച്ചവൻ" എന്നാണു ചെറുപ്പത്തിൽ കുട്ടൻ പിള്ളയ്ക്കു ആ ദിക്കുകാർ കല്പി ച്ചു കൊടുത്ത പേർ. ഒരിക്കൽ കട യിൽ നിന്നു സാമാനം പൊതിഞ്ഞു കൊണ്ടുവന്ന ഒരു കടലാസിൽ " ത ന്തയ്ക്കു പാലം വലിച്ചു " എന്ന തല ക്കെട്ടിൽ ഒരു ചെറുകഥ ഉണ്ടായിരു ന്നു. അതു ഭാര്യയെക്കൊണ്ടു് അയാഠം പലവുരു വായിപ്പിച്ചു. ആ കഥ അ യാഠംക്കു അങ്ങുപിടിച്ചു. തന്തയെ ത ല്ലുകയും തള്ളയെ കാമിക്കുകയും ചെയ്യു ന്ന ആ കഥയിലെ നായകൻ ഉയൻ വന്നു് ആ രാജ്യത്തെ പ്രധാനമന്ത്രി യാകുന്നതാണ് ഇതിവൃത്തം. അതെ ഴുതിയ പുഞ്ചപ്പാടത്തോടു കുട്ടൻ പി ള്ളയ്ക്കു അത്യധികമായ സ്നേഹം തോ ന്നി. നേരിട്ടു കാണാൻ വേണ്ടി വനി താസമാജത്തിനു ക്ഷണിക്കയുംചെയ്തു. "എത്ര വല്യവനായാലും സാറേ, നമ്മടെ കൈയ്യിൽ ഈ വനിതയുള്ള തു കൊണ്ടു വിളിച്ചാൽ നമ്മടെ ഇരി പ്പടത്തു വരും" അതാണു വിദ്യ.

നമ്മുടെ കഥാനായകൻെറ ആശാ പതംഗം ചിറകററു താഴെ വീണു കി ടന്നു ശ്വാസം വലിച്ചു തുടങ്ങി. അ പ്പോഠം ഒരു കുഞ്ഞിനെ എളിയിൽ എടുത്തും, മറെറാന്നിനെ പിടിച്ചു ന ടത്തിയും, നനഞ്ഞ തലമുടിയോടു തോത്തു കൂട്ടി പിരിച്ചുവളച്ചു കിരീടം പോലെ തലയിൽ വെച്ചും കുളി ക ഴിഞ്ഞു് ഒരു സ്ത്രീരൂപം അതിലേ കട ന്നു പോയി. " അതാണു നമ്മടെ ഭാ ര്യ" കുട്ടൻപിള്ള പരിചയപ്പെടു ത്തി. ആ മീശക്കാരൻ തന്നെ തല്ലി ക്കൊല്ലുമെന്നു ഭയപ്പെടുത്തിയാലും അതിൽ പങ്കു ചേരാൻ പുഞ്ചപ്പാ ടം തയ്യാറില്ലായിരുന്നു. ശ്വാസം വ ലിച്ചു കിടന്ന പക്ഷി ഒന്നു ദീർഘ മായി വലിച്ചു ചത്തു.

മീററിംഗ്ഗ ആരംഭിച്ചു. അദ്ധ്യക്ഷൻ വന്നപ്പോഠം ഇരുന്ന ആ ഏക കസേര തന്നെയായിരുന്നു അദ്ധ്യക്ഷപീഠം. അദ്ധ്യക്ഷൻെറ മുമ്പിൽ കുറെ പിഞ്ചുപൈതങ്ങളും അതിനു പുറകിലായി കുറെ അമ്മൂമ്മമാരും, അതിനു പിന്നിൽ കുഞ്ഞുങ്ങഠംക്കു മുല കൊടുത്തു കൊണ്ടു ചില പ്രൗഢകളും ശൃംഗാരലേശം തൊട്ടുതെറിക്കാത്ത രണ്ടു മൂന്നു യുവതികളുമാണ് ആ സദസ്സിനെ അലങ്കരിച്ചതു്. ഒരൊററ മന്ദാക്ഷമോ മന്ദസ്മിതമോ വഴി തെററിപ്പോലും അതിലെ കടന്നുപോയില്ല. സാരിയണിഞ്ഞ ഒരൊററ രൂപം പോലും ആ കൂട്ടത്തിലില്ലായിരുന്നു. ആദ്യത്തെ ചടങ്ങ് ഈശ്വരപ്രാർത്ഥനയാണ് എന്നദ്ധ്യക്ഷൻ പറഞ്ഞപ്പോഴേക്ക് അതിലേക്കു തയ്യാറെടുത്തു വന്നിരുന്ന രണ്ടു പൈതങ്ങഠം ചാടി വന്നു് വഞ്ചീശമംഗളം പാടി. സ്വാഗതം വേണ്ടെന്നു വെച്ചു. ഉപക്രമപ്രസംഗത്തിനു നമ്മുടെ സാഹിത്യകാരൻ ഉദ്ദേശിച്ചുവന്നതെല്ലാം വ്യർത്ഥമായി. എങ്ങനെയെങ്കിലും ആ വഴിപാടു കഴിച്ചുകൂട്ടാൻ അദ്ധ്യക്ഷൻ എണീററ ഉടൻ ഒരു സ്ത്രീ ഉറക്കെ പറയുകയാണ്: "എടീ നാണീ, ഈയാളു നമ്മടെ കൊച്ചീഷ്ണനെപ്പോലിരിക്കുന്നു." കൊച്ചുകൃഷ്ണൻെറ പെങ്ങളു വിടുമോ, "അവനിങ്ങനത്തെ കോമാളിമീശേം മൊറമില്ല" എന്നായി അവഠം. പുഞ്ചപ്പാടം പുരോഗമനസാഹിത്യത്തെപ്പററി ചിലതു പറയാൻ ആരംഭിച്ചു. അതിനെ വെല്ലുന്ന സ്വരത്തിൽ ഒരു തള്ള മറേറ അററത്തിരുന്ന കൂട്ടുകാരിയോടാവശ്യപ്പെടുകയാണ്— "എടീ! നങ്ങേലി, കൊററച്ചു പൊകല ഇങ്ങോട്ടിട്ടേ" നങ്ങേലിയമ്മ എറിഞ്ഞു കൊടുത്ത പുകയില ഒരു കൊച്ചിൻെറ കണ്ണിൽതന്നെ കൊണ്ടു. അതു നിലവിളി കൂട്ടി. തന്നെ ഉപദ്രവിച്ചതു അടുത്തിരുന്ന കുസൃതിച്ചെറുക്കനാണെന്നു വിചാരിച്ച് ഉപദ്രവമേററ കണ്ണിൻെറ ഉടമസ്ഥൻ ആ ചെറുക്കനിട്ട് ഒരു നുള്ള്. നുള്ളു കൊണ്ട കൊച്ച് വാ തുറന്നു നീലവിളിയായി. "മിണ്ടാതിരി ശവമേ!" എന്നു പറഞ്ഞുകൊണ്ടു അതിൻെറ തള്ള കൊടുത്ത ഒരടി പിഴച്ച് കുട്ടൻ പിള്ളയുടെ സന്താനത്തിൻെറ പിടലിക്കുകൊണ്ടു. പിള്ളേരു് കൂട്ടനിലവിളിയായി. ഈ ബഹളത്തിനിടയിൽ സമാധാനം പുനഃസ്ഥാപിക്കാനും, തൻെറ കുഞ്ഞിനെ തല്ലിയവളെ മര്യാദ പഠിപ്പിക്കാനുമായി അദ്ധ്യക്ഷൻെറ സമീപത്തു അതേവരെ ഇരുന്നു രംഗനിരീക്ഷണം നിർവ്വഹിച്ചിരുന്ന കുട്ടൻ പിള്ള വടിയുമായി സദസ്യരുടെ ഇടയിൽ ചാടിവീണു.

മീററിംഗ്ഗ പിരിച്ചു വിടാതെതന്നെ അദ്ധ്യക്ഷൻ പുറകിലത്തെ വാതിലിൽകൂടി ഓടി. കുട്ടൻപിള്ളയുടെ മീശയും വടിയുംകൂടി തന്നെ അനുഗമിക്കുന്നുണ്ടോ എന്നറിയാൻ കൂടെക്കൂടെ തിരിഞ്ഞു നോക്കിക്കൊണ്ടാണദ്ദേഹം ഓടിയതു്. കാലിൽ മുള്ളു കൊണ്ടതിൻേറയും, വീണു മുട്ടു പൊട്ടിയതിൻേറയും എല്ലാ വേദനയും റോഡിൽ വന്നു് ഉടൻ കിട്ടിയ ബസ്സിൽ കയറി ഇരുന്നപ്പോഠം ഉണ്ടായ ആശ്വാസത്തിനിടയിൽ മറഞ്ഞു പോയി.

— o —

# കൃതജ്ഞത

(വഞ്ചിപ്പാട്ട്)

ജോസ് —വിദ്യാർത്ഥി.



ചെറുപ്പകാലം മുതല്ക്കു മരിപ്പോളമക്രമത്തെ
ച്ചെറുത്തുനിന്നടർ ചെയ്ത മനുഷ്യനാരോ ;
അടിമത്തച്ചങ്ങലയാൽ വരിഞ്ഞാലു മാലസ്യത്തിൻ
മടിത്തടം വിടാത്തൊരു ഭാരതീയരെ,
കൈവിലങ്ങറുത്തെറിഞ്ഞു നമ്മൾക്കു നൽ സ്വതന്ത്രത
കൊയ്തെടുക്കാൻ ശ്രീ യീഭൂവിൽ വിതച്ചതാരോ ;
ദൂരെദിക്കിൽ വസിച്ചോരാ തന്റെ നാട്ടുകാർക്കുവേണ്ടി
നാരകീയ യാതനകൾ സഹിച്ചതാരോ ;
ചവുട്ടേററ പല്ലു പോലും കൊഴിഞ്ഞിട്ടും മടിക്കാതെ—
യവിശ്രമം പൊരുതിയ മഹാത്മാവാരോ ;
സർവ്വ സൈന്യബലത്താലും സാമ്രാജ്യാധിപത്യത്താലും
സർവ്വരേയും ജയിക്കുന്നോ രാംഗ്ലേയന്മാരേ



# പുസ്തകങ്ങൾ

## മുരളി

[ ഗ്രന്ഥകർത്താവു് : ആർ. രാമചന്ദ്രൻ. പ്രസാധകന്മാർ : അരുണോദയം പ്രസ്സ്, വടക്കാഞ്ചേരി. വില : 8 ണ.]

പണ്ടു കാലത്തു് സംസ്കൃതം അറിയുന്നവരെല്ലാം മലയാളപദ്യങ്ങൾ എഴുതിയിരുന്നു. അഷ്ടാംഗഹൃദയത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ സംസ്കൃതം പഠിക്കേണ്ടി വന്ന നാട്ടുവൈദ്യന്മാർ മംഗളശ്ലോകങ്ങളുടെ " സോൾ ഏജൻസി " ഏറ്റെടുത്തിരുന്ന ആ കാലം അധികം മുമ്പല്ല.

---

ഒരു വാളോ തോക്കുണ്ടയോ പ്രയോഗിച്ചിടാതെ തന്നെ-
യടിയറ പറയിച്ച മാന്ത്രികനാരോ ;
സത്യ മത്യാവശ്യമെന്നും നീതി പുലർത്തേണമെന്നും
ഉച്ചൈസ്തര മുദ്ഘോഷിച്ച താത്വികനാരോ ;
രണ്ടര ച്ചാൺ വീതിയുള്ള മുണ്ടു മാത്രമുടുത്തോരു
മുണ്ഡിതമാം ശീർഷമേലും പണ്ഡിതനാരോ ;
ഹിന്ദുമുസ്ലീം മൈത്രിയൊരു നിരാഹാരവ്രതത്തിനാ–
ലെന്നെന്നേയ്ക്കും സാധിപ്പിച്ച യോഗീന്ദ്രനാരോ ;
ആ മഹാത്മാ ഗാന്ധിജിതന്നവിശ്രാന്ത ശ്രമത്തിന്നു
ലോകമേകം പ്രതിഫലം നന്ദികേടാണോ ?
രണ്ടു കൈയ്യും പൌത്രിമാർ തൻ തോളിൽവെച്ചു മാറു കാട്ടി–
ക്കൊണ്ടീശനെ സ്തുതിക്കുവാൻ പോയ മാർഗ്ഗത്തിൽ
നിന്നുകൊണ്ടു വെടിവെച്ചു നെഞ്ചകം പിളക്കുവാനി–
ന്നെന്തിദ്ദേഹം ചെയ്തു കുറ്റ ? മിതോ നിൻ നീതി.
എന്നാലു മൊന്നാണാശ്വാസം സേവനത്തിന്നിന്നോളവും
നന്ദികേടേ തന്നിട്ടുള്ളു കപടലോകം.

പിന്നീടാണ് സാഹിത്യമഞ്ജരി നാലോ അഞ്ചോ തവണ ഉരുവിട്ടു പഠിച്ചതിനു ശേഷം കവിതക്കാരായി അനേകം പേർ അരങ്ങത്തു വന്നതു്. രമണനും ബാഷ്പാഞ്ജലിയും വായിച്ചു കവികളും, പാഠങ്ങൾ വായിച്ചു കഥയെഴുത്തുകാരും നമ്മുടെ ഭാഷയിൽ ഒട്ടേറെ ഉണ്ടായിട്ടുണ്ടു്, ഈയിടെ. ഇവരുടെ കൃതികൾക്കെല്ലാമുള്ള പ്രധാനമായ ന്യൂനത അവയ്ക്കു് അടിയുറപ്പോ വ്യക്തിത്വമോ ഉണ്ടായിരിക്കില്ലെന്നതാണു്. രചന കൊണ്ടും ആശയം കൊണ്ടും ചങ്ങമ്പുഴയുടെ അനുയായിയാണെങ്കിലും, മേൽപ്പറഞ്ഞ ന്യൂനത താരതമ്യേന കുറവാണെന്നതിലാണു് നാം മുരളീകർത്താവിനെ അഭിനന്ദിക്കേണ്ടതു്. ഇതിലെ പതിമൂന്നു കവിതകളും ആരുടേയും പെട്ടിപ്പാട്ടല്ല. മററുള്ളവർ പാടിയ ശ്രുതിയിലും രാഗത്തിലുമാണെങ്കിലും, ആ സ്വരത്തിന്നു് ഒരു പുതുമയുണ്ടു്. ആഴം പോരെങ്കിലും ആ കവിതാ പ്രവാഹത്തിന്നു് അഴകുണ്ടു്, താളാനുസൃതമായ തട്ടും തടവുമുണ്ടു്. പക്ഷെ, ശ്രീ. രാമചന്ദ്രൻ പല സ്ഥലത്തും അശ്രദ്ധകൊണ്ടു മാത്രം സ്വതസ്സിദ്ധമായ രചനാഭംഗിയെ അലങ്കോലപ്പെടുത്തിയിട്ടുണ്ടു്:

"അതുപോരു മംബ, മേ ഞാന-
തോർത്തോ—
രാത്മീയനിർവൃതി പൂശിനില്ല.!"
(ഗായകൻ)

എന്ന മട്ടിൽ വേണമെങ്കിൽ പാടാമിപ്പൊരുത്തം ദീക്ഷിക്കാൻ കവിയ്ക്കു സാധിക്കുകയില്ലെന്നു വിശ്വസിക്കുവാൻ കഴിയുന്നില്ല. ഇതിലെ വരികൾ മിക്കതും വന്നപാടു് എഴുതിയവയാണു്, സൂക്ഷ്മമായി പരിശോധിച്ചും സ്വയം തിരുത്തിയും പുറത്തു വിട്ടവയല്ലെന്നു തോന്നും ഓരോ ആശയത്തിൻേറയും അലക്ഷ്യമായ പോക്കു കണ്ടാൽ.

ഒരു കവിയുടെ ഒരേ കാലഘട്ടത്തിലെ കവിതകളിൽത്തന്നെ ആദർശവൈരുദ്ധ്യങ്ങൾ കാണുന്നതു് അക്ഷന്തവ്യമായ ഒരപരാധമാണു്. ഇതിലെ 'മുരളി'യും 'ക്ഷമാപണ'വും അന്യോന്യവിരുദ്ധങ്ങളായ അഭിപ്രായപ്രകടനങ്ങൾക്കു തെളിവാണു്. "വാസന്തസന്ധ്യ"യും "ഒരു ഗാനവും" ഒരുമിച്ചു വായിച്ചാൽ മുരളിയുടെ കർത്താവിനുള്ള ഈ ന്യൂനത വ്യക്തമായി കാണാം. പിന്നെ, കൂട്ടത്തിൽപ്പറയട്ടെ, ഒരു കവിതയ്ക്കു "ഒരു ഗാനം" എന്നൊക്കെ പേരിടുന്നതിൽ പ്രത്യേകിച്ചു് വല്ല അർത്ഥവുമുണ്ടോ?

ഇതിലെ കവിതകളെല്ലാം ഒരു സവിശേഷരീതിയിലുള്ളതാണു്. പതിമൂന്നെണ്ണമുള്ളതിൽ "പടയാളി" എന്ന കവിതയൊഴികെ മററു പന്ത്രണ്ടെണ്ണത്തിലും ജീവിതത്തിൻെറ ആനന്ദമയമായ ഭാഗം വികാരപ്രധാനമായി വർണ്ണിക്കുവാനാണു കവി പരിശ്രമിച്ചിട്ടുള്ളതു്. പക്ഷെ രാമചന്ദ്രൻ കാണുന്നപോലെയുള്ള ഒരു പൊൻകിനാവല്ല യഥാർത്ഥലോകം. കവികൾ സ്വപ്നം കാണുന്നപോലെ സുഗമമല്ല ജീവിതമാർഗ്ഗം. ജീവിതത്തെ കലാപരവും കലയെ വാസ്തവികവുമാക്കാനാണു കവികൾ ശ്രമിക്കേണ്ടതു്. ജീവിതത്തിൻേറയും സമുദായത്തിൻേറയും വാസ്തവികവശം വർണ്ണിക്കണമെന്നു പറയുമ്പോൾ, കലാകാരന്മാർ സാധാരണ ബഹളം കൂട്ടും: "കവി സൗന്ദര്യാരാധകനാണു്." പക്ഷെ, പ്രതിപാദ്യം അസുന്ദരവസ്തുവെക്കുറിച്ചായാലും പ്രതിപാദനം കലാപരമായാൽ മതി; അതുകൊണ്ടു

# സ്വാതന്ത്ര്യദിനം

ഈശ്വരവാരിയർ.

ആഗസ്റ്റ് പതിനഞ്ച്–സ്വാതന്ത്ര്യദിനം– അതിതാ വീണ്ടും ആശയുടെയും ആശങ്കയുടെയും ചിറകടിച്ചു പറന്നെത്തി. കൂട്ടമണയാൻ വെമ്പുന്ന ഒരു കൊച്ചു കിളി പോലെ ഗദ്ഗദകണ്ഠത്തോടെയെങ്കിലും നാമതിനു സ്വാഗതം പറയുക !

മററു രാഷ്ട്രങ്ങളെപ്പററിച്ചിന്തിക്കുമ്പോഴാണു സ്വാതന്ത്ര്യദിനത്തിന്റെ മഹത്വത്തെപ്പററി നാം മനസ്സിലാക്കുന്നതു്; നമ്മുടെ നാടിനെപ്പററി നാട്ടുകാരുടെ ദയനീയമായ അജ്ഞതയോർത്തു വ്യസനിക്കുന്നതു്. അമേരിക്കയിലോ, ഇംഗ്ലണ്ടിലോ ആഘോഷിക്കപ്പെടുന്ന സ്വാതന്ത്ര്യദിനത്തെപ്പററിയറിയുമ്പോൾ നമ്മുടെ ശിരസ്സു ലജ്ജകൊണ്ടു സ്വയം താഴ്ന്നുപോകും.

കുടിച്ചു മദിക്കണമെന്നല്ല പറയുന്നതു്. നാടിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചു ആശയും ആവേശവും വളർത്തുന്നതിന്നെങ്കിലും സ്വാതന്ത്ര്യദിനാഘോഷം ഉപകരിക്കണം. ഓരോ പൌരന്റേയും, അഭിമാനത്തിന്റെ ചുടുരക്തം തുടിക്കുന്ന സിരകളാണു് യഥാർത്ഥത്തിൽ സ്വതന്ത്രവൃക്ഷത്തിന്റെ വേരുകൾ. ഉത്തരവാദിത്വബോധവും മാതൃഭൂമിയുടെ ഉത്തമതാല്പര്യങ്ങൾ നേടുവാനുള്ള ഉത്സാഹവും നാട്ടുകാരുൾക്കൊള്ളുന്നില്ലെങ്കിൽ സ്വാതന്ത്ര്യത്തിന്നു യാതൊരർത്ഥവുമില്ല; അതു മധുരഫലങ്ങളേകാൻ പര്യാപ്തമാകയുമില്ല.

ഇന്ത്യയിൽ നാട്ടുകാരിനിയും രാഷ്ട്രീയബോധത്തിൽ വേണ്ടത്ര വളർന്നിട്ടില്ല. സ്വാതന്ത്ര്യത്തിന്റെ സത്യരൂപമെന്തെന്നിനിയുമവർക്കു തെളിഞ്ഞു കാണാൻ കഴിഞ്ഞിട്ടില്ല. കാരണം, കാർമേഘാവരണം മാത്രമല്ല; കണ്ണിന്റെ കാഴ്ചക്കുറവുകൂടെയാണു്. ചോരയൂററിക്കുടിക്കുന്ന കെടുതിപ്പിശാചിന്റെ കൈയ്യിൽക്കിടന്നു പിടയുന്ന ഇന്ത്യയിലെ പാവപ്പെട്ട കർഷകരും തൊഴിലാളരും ഇങ്ങനെ പരിഭ്രാന്തരും അന്ധരുമാകുന്നതിൽ അത്ഭുതപ്പെടാനില്ല. സ്വാതന്ത്ര്യം കിട്ടിയെന്നു കേട്ടുവെന്നല്ലാതെ അവർക്കൊന്നും കിട്ടിയിട്ടില്ല: ചുററുപാടുകളിൽ

---

സൌന്ദര്യാരാധനയ്ക്കു ഭംഗമൊന്നും വരികയില്ല. ഉപദേശങ്ങളും ആദർശാലാപനങ്ങളുംകേട്ടു ചെവി തഴമ്പിച്ച ഇന്നത്തെ ലോകം, കഥകളും ജീവിതപരിണാമങ്ങളും പാടിക്കേൾക്കാനാണിഷ്ടപ്പെടുന്നതു്. അതുകൊണ്ടു ഇനിയെങ്കിലും രാമചന്ദ്രൻ പണ്ടത്തെ ആ താണ ശ്രുതിയിൽ പാടിയാൽ പോര. ജി. ഇതിലെ സുന്ദരമായ അവതാരികയിൽ പറയുന്നപോലെ, "രാമചന്ദ്രന്റെ മധുരങ്ങളും മാദകങ്ങളുമായ ഗീതികൾ കുറെ കേൾക്കാതെ കഴികയുമില്ല. എപ്പോഴാണതു്? "

ഓ. എം. അനുജൻ.

പുതിയൊരു പ്രകാശവും അവർ കണ്ടില്ല— പഴയ കരിനിഴലുകളിന്നും വീശുന്നുമുണ്ട്.

സ്വാതന്ത്ര്യത്തിനു ശേഷം പുതിയൊരു സാമൂഹ്യവ്യവസ്ഥ — ആശാവഹമായൊരു പരിവത്തനം — നാട്ടിലുണ്ടായില്ല എന്നതു മറക്കാൻവയ്യ. അതുകൊണ്ട് - എന്തു സ്വാതന്ത്ര്യം ? എന്തിനാണീ സ്വാതന്ത്ര്യം ? ഇങ്ങനെയൊരലസമനോഭാവമാണ് അവശരായ നമ്മുടെ നാട്ടുകാരിൽ കാണപ്പെടുന്നതു്.

ഓണം, പെരുന്നാൾ, ദീപാവലി, ഹോളി തുടങ്ങിയ ആഘോഷങ്ങൾ നാം കാത്തിരിക്കും. നമ്മുടെ കണ്ണും കരളും കുളൂപ്പിക്കാതെ ഇവയൊന്നും പോയ്മറയാറില്ല. അവ നമ്മുടെ രക്തത്തിലമന്നു ചേന്നു മട്ടുണ്ട്. എത്ര കെടുതികളുടെ കാട്ടുതീ പരന്നാലും, അതിൻെറ നടുവിൽ നിന്നുകൊണ്ടും ഉത്സവദിനങ്ങളേ കൊണ്ടാടാതിരിക്കയില്ല. മഹത്തായ നമ്മുടെ സ്വാതന്ത്ര്യദിനത്തിന്നു അത്ര വില പോലും കല്പിക്കുന്നില്ലെങ്കിൽ അതു കഷ്ടമല്ലേ ?

ഏകദേശം ഒരു നൂററാണ്ടോളം നീണ്ടു നിന്ന നിരന്തരസമരം കൊണ്ടാണ് ഇന്ത്യ സ്വാതന്ത്ര്യത്തിലേക്കു നീങ്ങിയതു്. ആയിരക്കണക്കിൽ ദേശസ്നേഹികൾ ത്യാഗാഗ്നിയിൽ ആത്മാഹുതി ചെയ്തതിൻെറ ഫലമാണു നമുക്കു സ്വാതന്ത്ര്യം ലഭിച്ചതെന്നുള്ളതു മറക്കാൻ കഴിയുമോ ?

ഈ സുദിനമാഘോഷിക്കാൻ നമുക്കു പൊതുയോഗങ്ങളും പതാകാവന്ദനവുമില്ലെന്നല്ല ഞാൻ പറയുന്നതു്. നഗരങ്ങളിൽ ആഘോഷങ്ങൾ വിടത്തുവാനിതെല്ലാം മതിയായിരിക്കാം വ്യാപാരശാലകൾ അടച്ചാൽ, നഗരത്തിൽ പ്രചാരവേലയായി. എന്നാൽ ഇന്ത്യയുടെ ലക്ഷക്കണക്കിലുള്ള ഗ്രാമങ്ങളിൽ എന്തുണ്ട് ? ഗ്രാമീണരുടെയിടയിലെന്തു സ്വാതന്ത്ര്യദിനാഘോഷങ്ങളാണിന്നുള്ളതു് ? ഇതാലോചിക്കുമ്പോഴാണു വ്യസനം തോന്നുന്നതു്.

സാധാരണ ജനങ്ങളുടെയിടയിൽ സ്വാതന്ത്ര്യബോധം ഉണത്താനും ഉയത്താനും ഉതകുന്ന ഏപ്പാടുകൾ ഗവമ്മേണ്ടേപ്പെടുത്തേണ്ടതാണ്. ഇതൊരു വെറും വെച്ചുകെട്ടലാകാൻ പാടില്ല താനും. മാനസികമായൊരു പരിവത്തനം നമ്മുടെ നാട്ടിനുണ്ടായേ കഴിയൂ. ഒരു പുതിയ ഭരണരീതിയുടെ പുലരിയിൽ മാത്രമേ ഈ ചൂടും വെളിച്ചവും പരക്കാൻ വഴിയുള്ളൂ. അതിനിയും താമസിക്കുന്നതു് ആപൽക്കരമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൻെറ സൂയ്യകാന്തിപ്പൂവ് വേണ്ടത്ര വികസിക്കാതെ ചുരുണ്ടു മുരടിച്ചു പോകുന്നതു വേദനാജനകമല്ലേ ?

ഒന്നാമത്തെ സ്വാതന്ത്ര്യസുദിനം മുതൽ ഈ ആഗസ്റ്റ് പതിനഞ്ചുവരെയുണ്ടായ സംഭവവികാസങ്ങളെപ്പററി ഈയവസരത്തിലൊരു വിശകലനം നടത്തി നോക്കേണ്ടതത്യാവശ്യമാണ്; ഭരണകത്താക്കളും ഭരണീയരും.

എത്തരമൊരു ഭരണമാണിന്ത്യയിൽ വാത്തെടുക്കേണ്ടതെന്നു വ്യക്തമായി നാം തീരുമാനിച്ചിട്ടുണ്ടോ ? കാർഷികവും വ്യാവസായികവുമായി കൊടുമ്പിരി കെട്ടിക്കിടക്കുന്ന പ്രശ്നങ്ങളെന്താണ്, എങ്ങനെയാണു പരിഷ്കരിക്കപ്പെടുകയെന്നു നാം നിശ്ചയിച്ചിട്ടുണ്ടോ ? കഴിഞ്ഞ കാലങ്ങളിൽ, ജനങ്ങളോടു ചെയ്ത മധുരമായ വാഗ്ദാനങ്ങൾ, ഇന്നുത്തരവാദമേററിട്ടുള്ളവർ നിറവേററിയിട്ടുണ്ടോ ? ശാരീരികവും മാനസികവുമായി ആശാ

വ്ഹമായ വല്ല മാററവും അടുത്തെങ്ങാനും പ്രതീക്ഷിക്കാമോ? നമ്മുടെ ഭരണശൃംഖലയും പ്രജായത്തരീതിയുടെ എത്ര മാററണ്ട്? ഇത്തരം കുറെ പ്രശ്നങ്ങളെപ്പററി ഉത്തരവാദിത്വബോധത്തോടെ നാമീ സുദിനത്തിൽ ചിന്തിച്ചുതുടങ്ങുന്നതു നന്നായിരിക്കും. ഒരു സ്വാതന്ത്ര്യരാഷ്ട്രത്തിലെ ജനങ്ങളാകുവാൻ നങ്ങൾക്കെന്തെല്ലാം കുറവുകളുണ്ട്—എന്തെല്ലാമാണു തങ്ങൾ നേടേണ്ടതു്— എന്നെല്ലാവരും ചിന്തിച്ചുതുടങ്ങട്ടെ. സംസ്കാരത്തിന്റെ അടിത്തറയിൽ മാത്രം പടുത്തുയർത്താവുന്ന പ്രജാധിപത്യഭരണസൗധം പണിയുവാൻ, സ്വന്തം പങ്കു വഹിക്കുവാൻ ഇന്ത്യക്കാർ തയ്യാറെടുക്കട്ടെ. മലകളിലും മരുഭൂമികളിലുംകൂടി വേണം നമുക്കു പുരോഗതിയുടെ പാത വെട്ടാനെന്ന പരമാർത്ഥം ഇന്ത്യയിലെ പൌരന്മാർ മറക്കാതിരിക്കട്ടെ.

വിഷമങ്ങളുടെ ഭയാനകമായ ചുഴലിക്കാററടിക്കുകയാണിപ്പോൾ ഇന്ത്യയിൽ. ഈ സമയം ഗവമ്മേണ്ടും നാട്ടുകാരും പൂർണ്ണമായ ഐകൃത്തോടും ധൈര്യത്തോടും മുന്നോട്ടു നീങ്ങിയില്ലെങ്കിൽ നാം നശിച്ചുപോയേക്കും.

നമ്മുടെ പ്രതിനിധികൾ, നമ്മുടെ എല്ലാററിന്റേറയും പ്രതിനിധികളാണ്- കൊള്ളരുതായ്മയുടേയും കള്ളത്തരത്തിന്റേറയും കൂടി. അവരുടെ ഭരണസമ്പ്രദായങ്ങൾക്കു നമ്മുടെ ദൂഷ്യങ്ങളുടെ ദുർഗ്ഗന്ധം ഉണ്ടാകും. അവരെ മാത്രം പഴിച്ചിട്ടു കാര്യമില്ല. നാമാദ്യം നമ്മെത്തന്നെയൊന്നു അഴിച്ചുകുട്ടിപ്പണിയുക്കണം.

ഈ സ്വാതന്ത്ര്യസുദിനത്തിൽ നാം ഒരാത്മപരിശോധന നടത്തുക! നാളെയെങ്കിലും നാട്ടിൽ നന്മ തഴപ്പിക്കുന്ന കൊച്ചുതുവികരം, നമ്മുടെ ഹൃദയങ്ങളിൽ നിന്നാണുറഞ്ഞൊഴുകേണ്ടതു്.

പ്രാണനപേക്ഷിച്ചുപോലും സ്വാതന്ത്ര്യത്തിനു പടവെട്ടിയ രക്തസാക്ഷികളേയും, രണം ചെയ്തവരേയും നാം മറക്കരുതു്- അവമാനിക്കരുതു്. അവരതാ- ആശയോടും ആശങ്കയോടും കൂടി നമ്മളെ ഉററു നോക്കുന്നു. അവക്കൊന്നേ പ്രതിഫലമായി വേണ്ടു— നാടിന്റെ നന്മ—ഭാരതത്തിന്റെ ഭാഗധേയം.

നാം ഈ പുണ്യമുഹൂർത്തത്തിൽ ചില ശപഥങ്ങൾ ചെയ്യണം. ഇന്ത്യയിലെ വായുവിൽ വിഷം കലത്തുന്ന വിചാരവീചികൾ നമ്മളിലുണ്ടാകാതെ കഴിക്കണം. മതപരമോ, ഭാഷാപരമോ, ആയ യാതൊരു സങ്കുചിതമനസ്ഥിതിക്കും കൂടുകെട്ടാൻ നമ്മുടെയുള്ളിൽ സ്ഥലമനുവദിക്കാതിരിക്കണം. ആ ശവംതീനിക്കഴുകന്മാരുടെ ചിറകടിയുടെ കരിനിഴലിനി ഭാരതാന്തരീക്ഷത്തിൽ കാണാൻ പാടില്ല.

സ്വാതന്ത്ര്യം നേടിത്തന്ന ബാപ്പുജി—ഇതാ— ഈ രണ്ടാം പിറന്നാളിനു ജീവിച്ചിരുന്നില്ല. ഭാഗ്യഹീനയായ ഭരതാവനിയിതാ— കരംപൊട്ടിക്കരയുകയാണ്.


ചുററുപാടുകളുടെ ഗൌരവം നാമറിയണം. തെററുകൾ ഇനിയാവത്തിക്കപ്പെടരുതു്.

നാം പ്രതിജ്ഞ ചെയ്യുക-

" ഞാൻ സ്വാതന്ത്ര്യഭാരതത്തിന്റെ ഭാവിശ്രേയസ്സിനു വേണ്ടി യെന്തു വേണമെങ്കിലും ത്യജിക്കാൻ സന്നദ്ധനാണ്—സന്നദ്ധയാണ്— "

അതാ— നോക്കൂ— പൂർവ്വചക്രവാളത്തിൽ പനീർപ്പൂക്കൾ പരിലസിക്കുന്നു— സൌഭാഗ്യദേവതയുടെ എഴുന്നള്ളത്തായി—! ജയ്-ഹിന്ദ്.

# കഷായം



# സ്വാതന്ത്ര്യം

‘വാക്കുകൾക്ക് അർത്ഥമുണ്ടു്’ ഏതു വിഡ്ഢ്യാനാണു് ഈ വേദാന്തം പ്രസംഗിച്ചതു്? പപ്പുപിള്ളെ, ശുദ്ധ അസംബന്ധമാണു് അതു്; വെള്ളം കൂട്ടാത്ത പൊള്ളു്. ഈ സത്യം ഞാൻ കണ്ടു പിടിച്ചു, അനുഭവങ്ങളിൽ നിന്നു്, തെളിവുകളിൽ നിന്നു്, ആയിരമായിരം അത്തരം ‘നിന്നു’കളിൽ നിന്നു്!

ഉദാഹരണം വേണമല്ലേ. ശരി. നമുക്കു സ്വാതന്ത്ര്യമെന്ന വാക്കെടുക്കുക. എന്താണിതിനർത്ഥം? ചോദിച്ചു നോക്കു ആരോടെങ്കിലും. അവരൊക്കെയങ്ങു തട്ടിമൂളിക്കും "സ്വാതന്ത്ര്യമെന്നു വെച്ചാലോ? ഓ! അതു ത്യക്ഷരിമന്ത്രമാണു്; രാജ്യതന്ത്രസന്തതിയാണു്; സ്വരാജാണു്; രാമരാജാണു്." ഉലക്കാപ്പിണ്ണാക്കാണു് എന്നുംകൂടി പറയും ചിലർ. എന്നിട്ടും അവർ പറയും: ഞങ്ങൾക്കു സ്വാതന്ത്ര്യം കിട്ടിയൊന്നാ, സ്വാതന്ത്ര്യം വേണമെന്നോ. നമുക്കു സ്വാതന്ത്ര്യത്തിന്റെ ദല്ലാളന്മാരെത്തന്നെ സമീപിക്കാം. വിവാഹദല്ലാളന്മാരെപ്പോലെയുള്ള ഒരു തരക്കാരാണിവരും. വിവാഹദല്ലാളന്മാർ പെണ്ണിനും ചെക്കനും ഗുണം ചെയ്യാൻ നിസ്വാർത്ഥമായി പ്രവർത്തിക്കുന്നുവെന്നു പറയും; സ്വാതന്ത്ര്യദല്ലാളൻ നാട്ടിനും നാട്ടുകാർക്കും വേണ്ടി ത്യാഗം ചെയ്യുന്ന മഹാനാണു് എന്നും. നിങ്ങൾ കണ്ടിട്ടില്ലേ ‘സ്വാതന്ത്ര്യം, ജനാധിപത്യം’ തുടങ്ങിയ ചരക്കുകൾ വില്പന നടത്തുന്ന ഇക്കൂട്ടരെ? തെരുവിൽ, പാർക്കിൽ, മൈതാനത്തിൽ, മേടയിൽ, കുളക്കടവിൽ, അടുക്കളയിൽ എന്നു വേണ്ട എവിടെ നാലാളുകൾ കൂടുന്നുവോ അവിടെയൊക്കെക്കാണാം ഈ പുള്ളിക്കാരെ.

ഞാനിയ്യിടെ ഒരു സ്വാതന്ത്ര്യാ ന്വേഷണപരീക്ഷ നടത്തി. ഇന്ത്യ യ്ക്കു സ്വാതന്ത്ര്യം കിട്ടിയല്ലോ. എന്താണീ സ്വാതന്ത്ര്യമെന്നൊന്നറിയണമെന്നുള്ള വാശി തന്നെ. എനിക്ക അപ്പത്തിന്നു പകരം കല്ല മാത്രമല്ല തല്ലും കിട്ടി, തലങ്ങും വെലങ്ങും തല്ലും തലയ്ക്കു കിഴുക്കും കല്ലേറും; സ്വർഗ്ഗ ബഹളം ! ഞാൻ പ്രവത്തിച്ച അപരാധമെന്താണ്? ആ കഥ പറയാം. ചങ്ങമ്പുഴ പാടിയപോലെ 'കരുണരസം കലരുമൊരു കഥ പറയാം.'

ബഹുജനങ്ങളുടെ വമ്പിച്ച പൊതുയോഗമായിരുന്നു അതു്. തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ, യാതൊരു തരവും തഞ്ചവുമില്ലാത്തവർ, രണ്ടു പശുക്കൾ, മൂന്നു നായ്ക്കൾ ഇങ്ങനെ വമ്പിച്ച സദസ്സ്. കൊടികൾ, വിതാനങ്ങൾ, വലിയൊരു പ്രസംഗമേടയും. അദ്ധ്യക്ഷനിരിക്കുന്നതു കണ്ടാൽത്തോന്നും മുഗൾസാമ്രാട്ട് അരംഗസീബവർകൾ ആസനസ്ഥനായിരിക്കുകയാണ് ആസ്ഥാനത്തെന്ന്! പ്രാസംഗികൻ എഴുനേററു നിന്നു. അയ്യയ്യോ! ആ സ്വരൂപത്തെക്കണ്ടപ്പോൾ 'ശങ്കറി'ൻെറ കാർട്ടൂണിലെ കലാരസം എനിക്കു ബോദ്ധ്യപ്പെട്ടു. പരന്ന മിനുസമുള്ള തല, രാകി മിനുക്കിയ ചെമ്പുതല തന്നെ. ഓടു മേഞ്ഞ മേല്പുരയിൽ മഴത്തുള്ളികൾ പോലെ വാക്കുകൾ അയാളുടെ വായിൽ നിന്നു 'പറപറേ' എന്നു ഉതിരുന്നു. ആ കഷണ്ടിത്തല വൈററക്സ് മരുന്നിൻെറ പരസ്യത്തിൽ ചേത്തിരുന്നെങ്കിൽ എന്തൊരൗചിത്യമായിരിക്കും ! ആയാൾ പ്രസംഗിക്കുകയല്ല. വെടിയുണ്ടകൾ വർഷിക്കുകയാണ്. വായുവിലെ ശബ്ദതരംഗങ്ങളെ ഊർജ്ജിതമാക്കുകയാണ്. അയ്യോ വാഗ്ഭടൻ കവിയല്ലാത്തതിൽ ഖേദിക്കുന്നു.

"ഈ രാജ്യത്തെ മർദ്ദിതകോടികൾ ചോരകുടിയന്മാരും അസ്ഥികടിയന്മാരും മാംസം തിന്നികളുമായ മുതലാളി—ജന്മി—പ്രഭു—നാടുവാഴി—പണക്കാരപ്രഭൃതികളുടെ മുഷ്ടിബന്ധത്തിൽ നിന്നു സ്വതന്ത്രമാവണം. അതാണു യഥാർത്ഥ സ്വാതന്ത്ര്യം. ഞങ്ങൾക്കു ജനകീയസ്വാതന്ത്ര്യം വേണം. മൂരാച്ചികളുടെ സ്വാതന്ത്ര്യം പോരാ" എന്നദ്ദേഹം അടിച്ചുവിട്ടു. "എന്താണു ജനകീയസ്വാതന്ത്ര്യം ? ആരാണു മൂരാച്ചികൾ ? " അറിയാൻ വേണ്ടിയാണേ, ഞാൻ ചോദിച്ചു. പ്രസംഗധാര പെട്ടെന്നു നിലച്ചു. പരുങ്ങലോടെ പ്രാസംഗികൻ ചുററുപാടും നോക്കി. ഡയസ്സിൽ 'കുശുകുശു' പറയൽ, സന്നദ്ധഭടന്മാർ ഓടിയെത്തി വലിയ അത്യാഹിതം സംഭവിച്ചുവെന്ന മനോഭാവത്തോടെ. "യോഗത്തിൽ കുഴപ്പമുണ്ടാക്കരുതു്" വളണ്ടിയർ ക്യാപ്ടൻ ശാസിച്ചു. "ഞാനതിനൊന്നും ഒരുക്കമില്ല. കാര്യമറിയാൻ ചോദിച്ചതാണ്" വിനീത സ്വരത്തിൽ ഞാൻ അഭ്യർത്ഥിച്ചു. ക്യാപ്ടൻ വിസിലടിച്ചു; വളണ്ടിയർമാരെല്ലാം നേതാവിൻെറ ചുററും വളഞ്ഞു- പരുന്തിൻെറ ശബ്ദം കേട്ട കോഴിക്കുഞ്ഞുങ്ങളെപ്പോലെ. അതാ കൈകൾ ഉയരുന്നു ! മുഷ്ടികൾ ചുരുളുന്നു ; ആകാശവുമായി ഗുസ്തി പിടിക്കാൻ അവരൊരുങ്ങുന്നു !

"മുതലാളിത്തത്തിൻെറഏജൻറന്മാർ"

" നശിക്കട്ടെ "

പ്രസിഡണ്ടു ട്രൂമാൻെറ ചാരന്മാരെ

" ചുട്ടുകരിക്കണം "

" മൊട്ടയടിക്കണം "

" മൂർദ്ധാബാദ് "

അവസാനത്തെ വാക്ക് എനിക്ക മനസ്സിലായില്ല. എന്താണതിൻെറ പ്രസക്തി ? അലഹാബാദിന്നോ, ഹൈദരബാദിന്നോ അടുത്തുള്ള വല്ല ഉത്തരേന്ത്യൻ പട്ടണമോ രാജ്യമോ ആയിരിക്കാമെന്നു കരുതി. എൻെറ അടുത്തിരുന്ന ചങ്ങാതി എൻെറ കാതിൽ മന്ത്രിച്ചു"പഹയാ, ഓടിക്കോ."

" എന്തിന്? " പരിഭ്രമത്തോടെ ഞാൻ ചോദിച്ചു.

" കേട്ടില്ലേ മൂർദ്ധാബാദ് '' എന്നു വളണ്ടിയർമാർ മുദ്രാവാക്യം മുഴക്കിയതു്? അതിൻെറ അർത്ഥം എന്താണ് മൂർദ്ധാവിൽ അടിക്കണമെന്നല്ലാതെ.''

ഇനി കേറംക്കേണ്ട താമസം. റേസു കുതിരയെപ്പോലെ വാഗ്ഭടൻ ഓടാൻ തുടങ്ങി. ജീവൻ കിട്ടണം. ഒന്നു രണ്ടു പേർ പിറകെയോടി. പക്ഷെ എൻെറ നീണ്ട കാലുകറംക്ക നന്ദി പറയട്ടെ, ഞാൻ പ`ടി കൊടുത്തില്ല. ധൈര്യപൂർവ്വം ഓടി ജയിച്ചു.

ഇതൊക്കെ അക്രമികളുടെ സംഘമാണ്. അതായിരിക്കണം അവർ തല്ലാൻ പാഞ്ഞെത്തിയതു്. ഞാൻ അഹിംസയിൽ വിശ്വസിക്കുന്നവരുടെ യോഗത്തിൽ സന്നിഹിതനാവാൻ തീരുമാനിച്ചു. ഒരു ദിവസം വയ്യിട്ട് പോയി. അവിടെയും വമ്പിച്ച പുരുഷാരമുണ്ടായിരുന്നു. എല്ലാം വളരെ ശാന്തം ; ഇടയിൽ ചില ഖാദിത്തൊപ്പികളങ്ങിനെ പൊന്തി നില്ക്കുന്നു, വെള്ളത്തിൽ ആമ്പലുകറം പോലെ, വിളക്കിൽ തിരി പോലെ, വയലിൽ കൊററി പോലെ, വങ്കന്മാക്കിടയിൽ കങ്കനെപ്പോലെ !

"ഇപ്പോറം നാം സ്വതന്ത്രരാണ്. നമ്മെ ആലിംഗനം ചെയ്യാൻ സ്വാതന്ത്ര്യദേവി സമാഗതയായി." അങ്ങിനെയാണ് അവിടെ പ്രസംഗത്തിൻെറ ആരംഭം. എല്ലാററിലുമൊരു സാത്വികഗുണം, അല്ലേ ?

" ആ ദേവിയുടെ മട്ടെന്താണ്? " ഞാൻ ചോദിച്ചു.

"കേട്ടില്ലെ വിഢ്ഢാൻെറ ചോദ്യം" സദസ്യരെ അഭിമുഖ്കരിച്ചു പ്രാസംഗികൻ ചോദിച്ചു. "ഇതാ ഒരു റിപ്പ് വാൻ വിങ്കിറം ഉറക്കമുണന്നെത്തിയിരിക്കുന്നു. 1947 ആഗസ്റ്റ് 15-ാംനു കഴിഞ്ഞിട്ടെത്ര നാളായി ? എന്നിട്ടും ചങ്ങാതിക്ക സ്വാതന്ത്ര്യദേവിയുടെ സ്വഭാവം അറിയില്ലപോൽ. ഹേ മാന്യരേ, എവിടെനിന്നാണു താങ്കറം വരുന്നതു് ? ഈസ്റ്റാഫ്രിക്കയിൽ നിന്നോ, ഹോണോലുലു ദ്വീപിൽ നിന്നോ.? ''

" ഞാൻ ഇന്ത്യക്കാരനാണ്. സ്വാതന്ത്ര്യം കിട്ടിയ ലക്ഷണമൊന്നും ഞാൻ കണ്ടില്ല" ഞാൻ മറുപടി പറഞ്ഞു.

" ഇവനൊരു റഷ്യൻ ചാരനാണ്. തനി കമ്യൂണിസ്റ്റ്.'' സദസ്സിൽ നിന്നൊരാറം എഴുന്നേററു പറഞ്ഞു.

" പണ്ഡിററ് നെഹ്റു കീജേ! " തുരുതുരെ വിളികറം.

" പാറപ്പുറത്തു കിഴക്കേതിൽ കുട്ടപ്പമേനോൻ കീജേ ! "

പണ്ഡിററ് നെഹ്റുവിൻെറ പിന്നാലെയുള്ള ഈ കുട്ടപ്പമേനോനാരാണ് ? പപ്പുപിള്ളയ്ക്കതിശയം ഉണ്ടാവും ഇല്ലേ ? മൂപ്പരാണു പ്രാസംഗികൻ.

" സാറിന്നെന്തേ സ്വാതന്ത്ര്യദേവിയെപ്പററി വണ്ണിച്ചു തരാത്തതു് " പപ്പുപിള്ള ചോദിച്ചു.

അതോ, എനിക്ക തോന്നുന്നതു് ആഗസ്റ്റ് 15-നു ശേഷം അവക്ക്

സ്വാതന്ത്ര്യത്തെപ്പററി ഒന്നും പറയാ
നില്ലെന്നാണ്. അതിന്നു മുമ്പാണെ
ങ്കിൽ ഖാദിത്തൊപ്പിക്കാർ തട്ടിവിട്ടേ
ക്കും : സ്വാതന്ത്ര്യമെന്നു വെച്ചാൽ
ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ രക്ത
പങ്കിലമായ മുഷ്ടിബന്ധത്തിൽനിന്നു
ള്ള വിമോചനമാണെന്ന്.

"നാം നമ്മുടെ രാഷ്ട്രപിതാവി
ന്റെ തത്വങ്ങളെ മനസാ വാചാ
കർമ്മണാ അനുസരിക്കുന്നവരാണ്. അ
ഹിംസയിൽ അടിയുറച്ചു വിശ്വസി
ക്കുന്നവർ" പ്രസംഗം തുടർന്നു. കൂട്ട
ത്തിൽ നാലഞ്ചു കല്ലുകൾ എന്റെ
തലയിൽ വന്നു വീണു. ഞാൻ നില
വിളിച്ചു "ഇതെന്തു അക്രമരാഹിത്യ
പ്രദർശനമാണ്? ഒരിടത്തു പ്രസംഗം
അഹിംസയെപ്പററി ; തൊട്ടടുത്തു ക
ല്ലെറിഞ്ഞു തലമണ്ട പൊട്ടിക്കലും."

"പോടാ. പോയി നിന്റെ സ്റ്റാ
ലിനോടു ചോദിക്കു" ഒരു നീളൻ
ജുബ്ബാധാരി എന്റെ പിടലിയിൽ
കടന്നു പിടിച്ചു : "നിനക്കു ചാരവൃ
ത്തിക്ക് എത്ര റൂബിൾ കിട്ടുന്നുണ്ട്?
ചോറിങ്ങും കൂറങ്ങും. നിന്റെ എല്ലു
കഷണിക്കും ഞങ്ങൾ. ചുവപ്പുസേന
യെ വിളിച്ചു നിലവിളിക്കു" അഹിം
സക്കാർ എന്നെ വേദനിപ്പിച്ചു. ഒരു
വിധം ഞാൻ രക്ഷപ്പെട്ടുവെന്നു പ
റയാം. വേദനിച്ചു വലയുമ്പോൾ
ദൂരെ നിന്നു പ്രസംഗം എന്റെ കാ
തിലലച്ചിരുന്നു "അഹിംസയുടെ സ
ന്ദേശം അഖില ലോകത്തിലും പര
ത്തുകയാണു നമ്മുടെ പ്രഖ്യാപിത
ലക്ഷ്യം!"

മേലിൽ പൊതുയോഗങ്ങളിൽ സം
ബന്ധിക്കുന്നതു് ആരോഗ്യത്തിന്നു കേ
ടാണെന്നു് എനിക്കു ബോദ്ധ്യപ്പെട്ടു.
വ്യക്തികളെ സമീപിച്ചാൽ മതിയെ
ന്നു തീരുമാനിച്ചു. അവർ ദേഹ
ദണ്ഡത്തിന്നു വന്നാൽ തിരിച്ചു കരണ
ക്കുററിക്കു രണ്ടു പോട്ട് വെച്ചുകൊടു
ക്കാമല്ലോ. ആദ്യം കണ്ടു മുട്ടിയതു്.
ഊക്കൻ സഖാവിനെയാണ്. മൂപ്പ
രുടെ ശ്വാസോച്ഛ്വാസത്തിൽക്കൂടി
പാർട്ടിപ്രചരണമുണ്ടു്. ദേശീയവും
അന്തർദ്ദേശീയവുമായ കാര്യങ്ങളെ
ക്കുറിച്ചുള്ള പാർട്ടി വിജ്ഞാപനം മുഴു
വനും ഒരേ നില്പിൽ നിന്നു് ഉരുക്കഴി
ക്കാൻ പഠിച്ചിട്ടുണ്ടു്. കൂട്ടത്തിൽ സ
ഖാവും ചില വാക്കുകൾ ചേർക്കും:
"അപ്പോൾ; പിന്നെ, മനസ്സിലാ
യോ, എന്നുവെച്ചാൽ". തെററിദ്ധ
രിക്കണ്ട ; കുറെയൊക്കെ ചിന്താശ
ക്തി ഊക്കൻ സഖാവിന്നുമുണ്ടു്. പ
ക്ഷെ അദ്ദേഹത്തിന്നു സ്വാതന്ത്ര്യത്തെ
പ്പററി പറഞ്ഞുതരുന്നതിന്നു വലിയ
രസമില്ല. ഞാൻ പാർട്ടി പ്രസിദ്ധീ
കരണം വാങ്ങിക്കണം. "സ്വാതന്ത്ര്യ
ത്തിലേക്കു മുന്നോട്ടു് അല്ലെങ്കിൽ
ബോറത്തത്തിലേക്കു പിന്നോട്ടു്" എ
ന്ന ഒരു ഗ്രന്ഥം വായിക്കാൻ പറ
ഞ്ഞു. അതിൽ സ്വാതന്ത്ര്യത്തെക്കുറി
ച്ചു 122½ തത്വങ്ങളുണ്ടുപോൽ. പാ
ർട്ടിയുടെ വലിയ നേതാവു ബോം
ബെയിൽ നിന്നു എഴുതിയ "For-
ward to Freedom or back-
ward to Boredom" എന്ന ഗ്ര
ന്ഥത്തിന്റെ ഒരു പരിഭാഷയാണി
തു്. കേരളത്തിലെ ഒരു രാജാവി
ന്റെ പരിഭാഷയും നമ്പൂതിരിയുടെ
അവതാരികയും ! ബ്രാഹ്മണക്ഷത്രിയ
ന്മാരും ബോംബെക്കാരനും ചേർന്നു
ഉല്പാദിപ്പിച്ച ഉത്തമഗ്രന്ഥത്തിന്റെ
വി യോ? എട്ടണ മാത്രം! ഞാനൊ
രു ഗ്രന്ഥം വാങ്ങി. ഒരു രൂപാനോട്ടു
നീട്ടി. ബാക്കി തരണമെന്നാവശ്യ
പ്പെട്ടു. ചില്ലറയ്ക്കു പകരം മറെറാരു
കൊച്ചു പുസ്തകം നീട്ടിക്കാണിച്ചുകൊ
ണ്ടു് ഊക്കൻ സഖാവു യൂക്കാലിപ്ടസ

സ് പ്രസംഗം തുടർന്നു “നിങ്ങളിതു വായിക്കണം. ‘വൃദ്ധരക്തസാക്ഷി’ എന്നാണിതിൻെറ പേർ. മലയാള സാഹിത്യത്തിലെ വിപ്ലവമാണ് ഈ കവിത. വടക്കേ മലബാറിലെ കുഗ്രാമത്തിലെ ഒരു കർഷകവൃദ്ധയുടെ ധീരസമരത്തെക്കുറിച്ച് ഇന്ത്യൻ മയക്കോവസ്കി എഴുതിയ വീരകാവ്യമാണ് ഇതു്. ഈ വൃദ്ധ എട്ടു ജന്മികളുടെ മീശ പറിച്ചെടുത്തു; പത്തു മുരാച്ചികളുടെ മൂക്കറുത്തു; അറുപത്തേഴു എം. എസ്. പി. ഭടന്മാരുടെ കാലൊടിച്ചു. ഗറില്ലാ നായികയാണവൾ. ഒടിഞ്ഞ അരിവാൾത്തുണ്ടു കൊണ്ടാണ് അവൾ ഇത്രയും പണി പറ്റിച്ചതു്! അവർ മരണസമയത്തു പാർട്ടിക്കു സർവ്വസ്വവും നൽകി: ഒരു കീറത്തലയണ, മുഷിഞ്ഞ തോർത്തുമുണ്ട്, തുപ്പൽക്കോളാമ്പി, രണ്ടു കോഴിക്കുഞ്ഞുങ്ങൾ, ഒരു മുടന്തൻ പട്ടിയും. അവരുടെ അന്ത്യവാചകമിതായിരുന്നു: ‘മക്കളേ ഞാൻ സ്വർഗ്ഗത്തിലെ ബൂർഷ്വകൾക്കെതിരായി സമരത്തിനു പോവട്ടെ’ അങ്ങനെയാവണം നാട്ടിലെ കിഴവികൾ.” സ്വാതന്ത്ര്യത്തിൻെറ കാര്യം യാതൊന്നും മിണ്ടാതെ മുത്തശ്ശിയുടെ കഥ പറഞ്ഞ് ഉഴക്കൻ സഖാവ് ഒഴിഞ്ഞുകളഞ്ഞു. “എനിക്കു് അടിയന്തിരമായി ‘കമ്യൂണി’ലേക്കു പോകണം. അവിടെ സഖാവു കോന്തനെ വിചാരണ ചെയ്യാനുണ്ടു്. മൂപ്പർ ‘ടിറ്റോയിസ’ത്തിൻെറ പാളിച്ചക്കാരനായിരിക്കുന്നു.”

“എനിക്കു പുസ്തകം വേണ്ട. രൂപ മടക്കിത്തന്നാൽ മതി” ഞാൻ ദയനീയസ്വരത്തിൽ അപേക്ഷിച്ചു.

“അതു പറ്റില്ല—പുസ്തകം വിറ്റില്ലെങ്കിൽ എൻെറ പേരിൽ അച്ചടക്കനടപടിയെടുക്കും— സുഹൃത്തേ, ഇതൊന്നും എനിക്കിഷ്ടമല്ല. ഞാനല്ല ഇതൊക്കെ ചെയ്യുന്നതു്— പാർട്ടിയാണ്. പാർട്ടിയാകുന്ന മഹായന്ത്രത്തിലെ ഒരു നുറുങ്ങാണി മാത്രമാണു ഞാൻ.” ആയാളുടെ വിശദീകരണം കേട്ടു എനിക്കു പാവം തോന്നി! ഒരു റുപ്പികയല്ലേ പോയാൽ പോകട്ടെ. ആയാൾക്കു നഷ്ടപ്പെട്ടതു് ഒരു ജീവിതം മുഴുവനുമാണ്!

അവസാനം ഞാനൊരു ‘ബുദ്ധിജീവി’യെക്കണ്ടെത്തി. പപ്പുപിള്ളസ്സാറേ, എന്തൊരു വിചിത്രപ്പേര്! ബുദ്ധിജീവി. അണുപ്രാണി, സസ്യഭുക്ക് എന്ന മാതിരിയിലൊരു അന്തസ്സില്ല. വളരെ മെലിഞ്ഞു വിളർത്ത ശരീരം, കുഴിഞ്ഞ കണ്ണുകളെ മറയ്ക്കുന്ന കണ്ണട, ഒരു ഗോൾഡ്ഫ്ലേക്ക് ടിൻ മേശപ്പുറത്ത് (ഒഴിഞ്ഞ ടിൻ, നിറച്ചും ബീഡിക്കുറ്റിയും കടലാസ്സുതുണ്ടുകളും) ത്രിശങ്കുസ്വർഗ്ഗത്തിലാണ് അങ്ങേരുടെ താമസം— തൊഴിലാളികളുടെയും മുതലാളികളുടെയും ഇടയിൽ സ്വന്തമൊരു മണ്ഡലം സൃഷ്ടിച്ചിരിക്കയാണ്. അദ്ദേഹം എന്നെ കാണേണ്ട താമസം, “ഈ രാഷ്ട്രീയജീവികളുണ്ടല്ലോ അവറ്റ തനി കിറുക്കന്മാരാണ്. ഒരു ചുക്കുമറിയില്ല. എന്തിനു വലിഞ്ഞുകേറുന്നു സാംസ്കാരികത്തുറയിലേക്കു്” എന്നട്ടഹസിച്ചു.

“ഞാൻ രാഷ്ട്രീയക്കാരനല്ല; സത്യാന്വേഷിയാണ്.” എൻെറ പൊടിക്കൈ ഫലിച്ചു. “നിങ്ങൾക്കു യഥാർത്ഥ മനുഷ്യത്വമുണ്ടു്. കലാകാരനും ശാസ്ത്രകാരനുമാണ് യഥാർത്ഥ സത്യാന്വേഷികൾ, സ്വാതന്ത്ര്യപ്രേമികൾ. ബുദ്ധിജീവികൾക്കേ സ്വാതന്ത്ര്യം ആസ്വദിക്കാനുള്ള കഴിവുള്ളൂ. മുദ്രാവാക്യക്കാരൊക്കെ മുഠാളത്തമാണ് ഉച്ചരിക്കുന്നതു്.”

" സ്വാതന്ത്ര്യത്തെപ്പററി അങ്ങയുടെ അഭിപ്രായമെന്താണ്? എന്താണ് അതു്? " ഞാൻ കിട്ടിയ അവസരം വെറുതെ വിട്ടില്ല.

" സ്വാതന്ത്ര്യമോ? അതു വാനംപോലെ വിപുലമാണ്, സമുദ്രംപോലെ പ്രക്ഷുബ്ധമാണ്, കാമധേനുവെപ്പോലെ വരദയാണ്, ചിരംജീവിയാണ്, ചിന്മയയാണ്, ജഗന്മയയാണ്, മായാമയയാണ്." അദ്ദേഹം ഇങ്ങിനെ 'യ, ച' എന്നീ അക്ഷരങ്ങളുള്ള വളരെ വാക്കുകൾ ഉച്ചരിച്ചു. " അല്ലാ, ശരിക്കു സ്വാതന്ത്ര്യത്തിന്റെ നിർവ്വചനം എന്താണ്?" അക്ഷമയോടെ ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം ശ്ലോകം ചൊല്ലിത്തുടങ്ങി:

" സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം"

എന്നു കുമാരകവി ആശാൻ പറഞ്ഞിട്ടില്ലേ? അതാണു സ്വാതന്ത്ര്യം— അമൃതു്, ജീവിതം എന്നീപ്പദങ്ങളുടെ പര്യായമാണു സ്വാതന്ത്ര്യം."

" പീയൂഷം എന്നാൽ സ്വാതന്ത്ര്യമാണ് അല്ലേ?"

" അല്ല, ആശാനങ്ങിനെ പറഞ്ഞിട്ടില്ല. അമൃതും, പീയൂഷവും ഒന്നു തന്നെ. പക്ഷെ അമൃതു സ്വാതന്ത്ര്യമാണെന്നു പറയുമ്പോൾ, പീയൂഷം അങ്ങിനെയായിക്കൊള്ളണമെന്നില്ല. ഇവിടെ 'ലോജി'ക്കാണു പ്രധാനം; പദാർത്ഥമല്ല."

എനിക്കു ഭ്രാന്തു കയറി. " നിങ്ങളെന്തു ചീരത്തലപ്പാണു പറയുന്നതു്! ആശാൻ എഴുതിയതൊക്കെ ഞാനും വായിച്ചിട്ടുണ്ടു്. ബുദ്ധിജീവികൾ കുറെ വിജ്ഞാനികളാണെന്നു കേട്ടാണു നിങ്ങളെ സമീപിച്ചതു്. ഇപ്പോൾ നിങ്ങൾ സാധാരണക്കാരനേക്കാളും താഴ്ന്ന പടിയിലാണ്."

"അതേ, അസാധാരണനായ സാധാരണക്കാരനാണു ബുദ്ധിജീവി"

" ബുദ്ധിജീവി എന്തു മണ്ണാങ്കട്ടയുമാവട്ടെ. സ്വാതന്ത്ര്യമെന്നു വെച്ചാലെന്താണ്? "

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം."

" തേങ്ങേടെ മൂട്! " ഞാൻ ശുണ്ഠിയോടെ എഴുന്നേററു പോന്നു.

*　　*　　*

"പപ്പുപിള്ളെ, എന്താണു സ്വാതന്ത്ര്യമെന്നു വെച്ചാൽ? "

" എനിക്കുറിയത്തില്ല ചേട്ടാ."

" സ്വാതന്ത്ര്യമെന്നുവെച്ചാൽ, പുകയാണ്. വെറും പുക, പുരളിയുടെ പുക."

" എനിക്കു മനസ്സിലാവുന്നില്ല. ഇന്ത്യ സ്വതന്ത്രയായെന്നു വെച്ചാലെന്താണ് അപ്പോൾ അർത്ഥം? ഇന്ത്യയിൽ പുക വർദ്ധിച്ചുവെന്നോ? "

" അതേ, അതു തന്നെ. വെറും പുകയല്ലതു്; നാവിൽ നിന്നു പരക്കുന്ന പുക. നന്നതന്നെ. മനസ്സിലായോ? ഇതൊക്കെ 'ബഡായി' പറച്ചിലുകളാണ്. അന്ധന്മാരന്ധന്മാരെ നയിക്കുകയാണ്."

" അപ്പോൾ സാറു സ്വാതന്ത്ര്യദിനാഘോഷത്തിൽ പ്രസംഗിക്കാമെന്നേററില്ലേ ?"

" ഉവ്വ്. ഞാൻ പ്രസംഗിക്കും. തീയുള്ള വാക്കുകൾ ചൊരിയും; പുക പരത്തും. സ്വാതന്ത്ര്യം കരിമ്പുലിയാണെന്നു പറയും; ചേമ്പിന്റെ കടയാണെന്നു പറയും. ഉപ്പിലിട്ടതാണെന്നു ഉൽഘോഷിക്കും. ഉച്ചത്തിൽ കൈയ് മടക്കിപ്പിടിച്ചുകൊണ്ടു ഉൽ

ഘോഷിക്കും "സ്വതന്ത്രരായ ജനതയുടെ ശരീരത്തിൽ $104\frac{1}{2}$ ഡിഗ്രി ചൂടുണ്ട്. ഒരാറം സ്വതന്ത്രനായോ എന്നറിയാൻ അമേരിക്കയിൽ ഒരു പുതിയ യന്ത്രമുണ്ട്. 'ലിബർട്ടിമീററർ'. തമ്മോമീററ റിൻെറ വലുപ്പത്തിൽ. നിങ്ങളതു വാങ്ങിച്ച് സ്വാതന്ത്ര്യച്ചൂടളന്നു നോക്കണം ശാസ്ത്രീയമായറിവാൻ."

"ഇതു നുണയല്ലേ"

അതേ. വെള്ളം കൂട്ടാത്ത നുണയാണ്. വാഗ്ഭടനും രാഷ്ട്രീയനേതാവാകാൻ പ്രതിജ്ഞയെടുത്തിരിക്കുന്നു. കുറച്ചു 'പോപ്പുലാരിററി' വേണം പപ്പുപിള്ളേ!

— o —

# ചങ്ങമ്പുഴ സ്മാരകം

അകാലചരമമടഞ്ഞ ആ ഗാനാത്മക കവീശ്വരൻെറ— ചങ്ങമ്പുഴയുടെ ശാശ്വതസ്മരണയ്ക്കു അദ്ദേഹത്തിൻെറ കവനതല്ലജങ്ങൾ തന്നെ മതിയാകും എന്നുള്ള അഭിപ്രായം സാഹിത്യലോകത്തെ സംബന്ധിച്ചിടത്തോളം പരമാത്ഥമാണ്. എന്നാൽ ആ കാവ്യപ്രഭാവത്തിൽ അവഗാഹം ചെയ്തു ആനന്ദമടയുന്ന സഹൃദയസമൂഹത്തിന് അദ്ദേഹത്തോടു ഭൌതികമായ ചില കടപ്പാടുകളുണ്ട്. നിത്യദു:ഖത്തിലാണ്ടിരിക്കുന്ന ചങ്ങമ്പുഴയുടെ വൃദ്ധമാതാവിനു സാമ്പത്തികമായ പലേ അവശതകളുമുണ്ട്. നമ്മുടെ സാഹിത്യകാരന്മാരുടെ കുടുംബത്തിനു നേരിടുന്ന ഈ ശോച്യാവസ്ഥയ്ക്കു ഒരു. ചെറിയ പരിഹാരമാഗ്ഗമെങ്കിലും നേടി കൊടുക്കുവാൻ നാം കടപ്പെട്ടവരാണ്. തൻമൂലം വരാനിരിക്കുന്ന തലമുറയ്ക്കു അതു ഒരു പ്രചോദനവും കൂടി നൽകുന്നതായിരിക്കും.

ഇക്കാരണം കൊണ്ടാണ് ഇടപ്പള്ളിയിൽ ചങ്ങമ്പുഴ സ്മാരകക്കമ്മെററി രൂപമെടുത്തിട്ടുള്ളതു്.

കമ്മററിയുടെ പ്രവത്തനകേന്ദ്രമായി ഇവിടെ ഒരു അക്കാഡമിയും ആരംഭിച്ചിരിക്കുന്നു. അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ആദ്യമായി ഒരു സ്മാരകഗ്രന്ഥമാണു പുറപ്പെടുവിക്കുന്നതു്. അനന്തരം അഖിലകേരളവ്യാപകമായ ഒരു ധനശേഖരം കൊണ്ടു ചങ്ങമ്പുഴക്കുടുംബത്തെ സഹായിക്കുകയും വേണം. ഇക്കായ്യത്തിൽ എല്ലാ സഹൃദയന്മാരും കഴിവുള്ള വിധം യത്നിക്കുമെന്നു വിശ്വസിക്കുന്നു.

കായ്യദശി,

ചങ്ങമ്പുഴ അക്കാഡമി, ഇടപ്പള്ളി.

# ഒന്നു് അല്ലെങ്കിൽ ഓട്ടപ്പൂജ്യം!

നാഴികക്കു നാല്പതു വട്ടം രാഷ്ട്രീയചിന്തകന്മാരും ഭരണാധിപന്മാരും പറയുന്ന ഈ അന്താരാഷ്ട്രീയം (Internationalism) ഇന്നത്തെ യുഗത്തിൽ പിൻതിരിപ്പൻ പ്രസ്താവന മാത്രമത്രേ. സാർവ്വലൗകികമായ മനുഷ്യപ്രേമമാണു കൂടുതൽ ശാസ്ത്രീയവും ആവശ്യവുമായിട്ടുള്ളതു്.

—എം. ഗോവിന്ദൻ.

"പത്തായംപെറും, ചക്കികുത്തും, അമ്മവെയ്ക്കും; ഞാനുണ്ണും". എത്ര അർത്ഥവത്താണു മഹാകവി തോലന്റെ ഈ വാക്കുകൾ! താനൊരു കുഴിമടിയനോ, കൊള്ളരുതാത്തവനോ ആണെന്നല്ല ആ രസികശിരോമണി വിവക്ഷിക്കുന്നതു്. അല്ല, ഇനി അങ്ങിനെതന്നെയാണു കാര്യമെന്നു വെയ്ക്കുക: എന്നാലും പുതിയ അർത്ഥങ്ങൾ ആ വാക്കുകളിൽനിന്നു നമുക്കു അരിച്ചെടുക്കാം. നിങ്ങൾക്കവയിൽ നിരീക്ഷിയ്ക്കാൻ കഴിയും കേരളത്തിലെ പഴയ ഗ്രാമീണജീവിതത്തിന്റെ, 'സ്വയം സമ്പൂർണ്ണ'മായ സാമ്പത്തികരീതിയുടെ നേരിയ നിഴലാട്ടം. ബ്രാഹ്മണന്മാരുടെ ജീവിത സമ്പ്രദായത്തിന്റെ നിദർശനമായിട്ടുപോലും അവയെ വ്യാഖ്യാനിയ്ക്കാവുന്നതത്രെ.

ആർക്കു കഴിയും സത്യസന്ധതയോടെ ഇന്നു തോലന്റെ വാക്കുകൾ ആവർത്തിച്ചു പറയാൻ? പത്തായം പെറ്റ ധാന്യമാണോ നിങ്ങൾ ഭക്ഷിയ്ക്കുന്നതു്? അല്ല, റേഷൻ കടയിലെ ചാക്കു പ്രസവിച്ചതാണു്. നെല്ലു കുത്തുന്നതു ചക്കിയല്ല, നെല്ലൂരിലെ അരിമില്ലിലെ തൊഴിലാളികളാണു്. മിക്കപ്പോഴും, വെയ്ക്കുന്നതുതന്നെ അമ്മയായിരിക്കയില്ല; ഹോട്ടലിലെ പോറ്റിയോ, പിള്ളയോ ആയിരിക്കും. ഒന്നുമാത്രം നിങ്ങൾക്കുറപ്പിച്ചു പറയാം: "ഞാനുണ്ണും" ബാബർ ഹുമയൂണിന്റെ രോഗം ഉഴിഞ്ഞു വാങ്ങിയപോലെ, യയാതിയും പൂരുവും വാർദ്ധക്യം കൈമാറിയതുപോലെ, ഒരാളുടെ വിശപ്പു മറ്റൊരാളിലേക്കു ആവാഹിച്ചെടുപ്പാൻ വയ്യല്ലോ. ഇനി അതു സാധ്യമാണെന്നു തന്നെ വരട്ടെ. എങ്കിലും, അത്തരത്തിലുള്ള ത്യാഗത്തിന്നു അധികമാരും ഒരുമ്പെടുകയില്ല. എട്ടൗൺസരിയല്ലേ കിട്ടുന്നതു്! ആയാൾക്കും വിശപ്പടക്കാൻ സാധിയ്ക്കാതെ പൊറുതി മുട്ടിയിരിക്കുകയായിരിക്കും!

അപ്പോൾ, ആരാണു് ഈ ഞാൻ? "അഹം ബ്രഹ്മാസ്മിൻ" എന്ന തരത്തിലുള്ള പരുക്കൻ വേദാന്തത്തിലേയ്ക്കൊന്നുമല്ല ഞാൻ നിങ്ങളെ ക്ഷണിക്കുന്നതു്, കേട്ടോ! സാധാരണ കാര്യങ്ങൾ അന്യോന്യം പറയുക മാത്രമാണേ. "ഒരു മലയാളി" നിങ്ങൾ പറയും. ഒന്നുകൂടി ഊന്നിപ്പറഞ്ഞാൽ: "ഒരു ഇന്ത്യക്കാരൻ" അല്ലേ?

ഇപ്പോഴും, നിങ്ങൾ പറഞ്ഞതു അർദ്ധസത്യം മാത്രമാണു്; നാണയത്തിന്റെ ഒരു പുറമേ നിങ്ങളുടെ കാഴ്ചപ്പാടിൽ പെട്ടിട്ടുള്ളു. ഇന്ത്യൻമണ്ണിൽ പിറന്നുവെന്നതുകൊണ്ടു എല്ലാമാ

യോ? വളൎന്ന ചുററുപാടുകരംക്കും കല്പിക്കേണ്ട പിറന്ന മണ്ണിനോടൊപ്പം പ്രാധാന്യം? ആവട്ടെ, അപ്പോരം, ഞാൻ മലയാളിയും ഇന്ത്യക്കാരനും, മറെറന്തോ ഒന്നും കൂടിയായേ പൂൎണ്ണനാവുന്നുള്ളു. എന്താണു ആ "മറെറന്തോ ഒന്നു്?"

കാലത്തെഴുന്നേററാൽ നിങ്ങളെന്താണു കഴിക്കുന്നതു്? കാപ്പി. ഒരു ചൈനക്കപ്പിൽ; സിലോണിൽനിന്നു കൊണ്ടുവന്ന കാപ്പി, ആസ്ത്രേലിയൻ പശുക്കളുടെ പാലിലും! 'ബെഡ്കാഫി' യുടെകാര്യം അങ്ങിനെ. പരിഷ്കൃതനായ നിങ്ങരം പത്രം എടുത്തു നിവൎത്തുന്നു. എന്തെല്ലാമാണു വൎത്തമാനങ്ങരം? ബെർല്ലിനിലെ കുഴപ്പങ്ങരം, പലസ്തീൻ തകരാറ്, ഹൊണോലുലു ദ്വീപിലെ അഗ്നിപൎവ്വതം പൊട്ടിത്തെറിയ്ക്കൽ, ആററ്ലിയുടെ പ്രസംഗം,—ഇങ്ങിനെ നമ്മുടെ ദേശക്കാരല്ലാത്തവരുടെ കാര്യങ്ങളൊക്കെ ഉൽക്കണ്ഠയോടെ വായിക്കുന്നു. അമേരിയ്ക്കൻ ബ്രഷും ടൂത്ത്പേസ്റ്റും എടുത്തു പല്ലു തേക്കുന്നു. പ്രാതലെന്താണ്? പൂരിയും ഉരുളക്കിഴങ്ങും. തെന്നിന്ത്യൻ പലഹാരങ്ങരം തന്നെ. പക്ഷെ ഗോതമ്പു ബ്രസീലിൽനിന്നു കൊണ്ടുവന്നതാണ്; പൂരി പൊരിച്ചതു പോരംസൺകമ്പനിക്കാർ ഇംഗ്ളണ്ടിൽനിന്നയച്ച വെണ്ണയിലുമാണ്!

അതെ, നിത്യജീവിതത്തിൽ അറിഞ്ഞും അറിയാതെയും മറുനാടുകളെയും അവിടത്തെ ആചാരമുറകളെപ്പോലും അംഗീകരിക്കുന്നു; അനുകരിക്കുന്നു. മുതലാളിയും തൊഴിലാളിയും, ജന്മിയും കൃഷിക്കാരനും എല്ലാം ഇങ്ങിനെ ചെയ്യുന്നുണ്ടു്. ഇപ്പോരം ഞാൻ ഏതു നാട്ടുകാരനാണ്.? തനി സ്വദേശിയുമല്ല; വെറും വിദേശിയുമല്ല. ദേശീയക്കാരനും അന്തർദ്ദേശീയക്കാരനുമാണ്; ഇന്ത്യക്കാരനും ലോകപൌരനുമാണ്. എന്തുകൊണ്ടു ഇന്ത്യക്കാരനായിമാത്രം ജീവിച്ചുകൂടാ? ഒന്നുകൊണ്ടും അങ്ങിനെ വയ്യ. ശിലായുഗത്തിലല്ല നാം ജീവിക്കുന്നതു്. ആററമിക്‌യുഗത്തിലാണ്. മലയാളത്തറവാട്ടിലെ കുട്ടികരം പറയാറില്ലേ ഒരു മരം കാവല്ലെന്നു്? അതേപോലെ ഒരു ദേശംമാത്രം ദേശവുമല്ല, ഒരൊററ മനുഷ്യൻ മനുഷ്യനും?

നമ്മുടെ പൂൎവ്വികന്മാർ കുരങ്ങന്മാരായിരുന്നുവെന്നു ഡാർവിൻസായ്പും കൂട്ടരും സമൎത്ഥിക്കുന്നു. അന്നും നമ്മുടെ കാരണോന്മാർ ആ മരത്തിൽനിന്നു ഈ മരത്തിലേയ്ക്കും, ഈ മരത്തിൽനിന്നു ആ മരത്തിലേയ്ക്കും അങ്ങിനെ ചാടിയും മറിഞ്ഞും കഴിഞ്ഞിരുന്നു. കൂട്ടംകൂടി വാലും പൊന്തിച്ച് വരിവരിയായി വനാന്തരങ്ങളിൽ സഞ്ചരിച്ചിരുന്നു. അന്നും ഉണ്ടായിരുന്നു, അന്താരാഷ്ട്രീയ—രാഷ്ട്രീയമല്ലെങ്കിൽ വേണ്ട, അന്താവാനരീയ സഹകരണമെങ്കിലും!

എല്ലാ നാടുകളിലും പരസ്പരം ഒത്താശകരം നൽകി ഒത്തൊരുമിച്ചു കഴിയുക, പച്ച മലയാളത്തിൽ പറഞ്ഞാൽ ഇതാണു ആദ്യം ഒരന്തവും കുന്തവും മനസ്സിലാകാത്ത അന്താരാഷ്ട്രീയ സഹകരണ എന്ന നെടുനീളൻ ഗീൎവ്വാണപദത്തിൻെറ അൎത്ഥം. ഒരുദാഹരണം മൂലം നമുക്കിനിയും ലഘൂകരിക്കാം.

രാമൻനായരും ഔസേപ്പും അബ്ദുള്ളയും കുഞ്ഞിമാതയും കൃഷിക്കാരാണ്. വയലിൽ വെവ്വേറെ നിലങ്ങളുണ്ടവൎക്ക്; അവയോരോന്നും വ

രമ്പിട്ടു വകഞ്ഞു വെച്ചിരിക്കുന്നു. അവർ അതിരും വരമ്പും അതിക്രമിച്ചു ലഹള കൂട്ടുന്നില്ല. ഒരാൾക്കു വെള്ളം കിട്ടുന്നില്ലെങ്കിൽ മറേറയാൾ സഹായിക്കുന്നു. നിലങ്ങൾക്കു പകരം രാഷ്ട്രങ്ങളെ എടുക്കുക—ഇന്ത്യാ, അമേരിക്കാ, സോവിയററ് റഷ്യ, ചൈന. നെഹ്രു, ട്രൂമാൻ, സ്റ്റാലിൻ, ചിയാങ്ങ് എന്നീ രാഷ്ട്രപ്രമാണികളെ രാമൻനായരും ഔസേപ്പും അബ്ദുള്ളയും, കുഞ്ഞിമാതയുമായും പരിഗണിക്കുക അവർ തമ്മിലുള്ള സഹകരണം. അതാണു മൊത്തത്തിൽ പറഞ്ഞാൽ അന്താരാഷ്ട്രീയസഹകരണം. വേറൊരു വശവും കൂടിയുണ്ട്: ഈ രാഷ്ട്രങ്ങളിൽ കോടിക്കണക്കിൽ ബഹുജനങ്ങളുണ്ട്. അവരും സന്മനസ്സും സൌഹാർദ്ദവും കലന്ന ന്യോന്യം വർത്തിക്കണം. എന്നാലേ യഥാർത്ഥ സഹകരണം സാധ്യമാവുകയുള്ളൂ. 'ലോകമേ തറവാട്' എന്ന ബോധം ഓരോ വ്യക്തിക്കും വേണം. അതിനെ നമുക്ക് അന്തർമാനുഷബന്ധം (Interhuman Relations) എന്നു വിളിക്കാം. അന്തർമാനുഷ ബന്ധത്തിൻെറ അഭാവത്തിൽ ആന്താരാഷ്ട്രീയ സഹകരണം അസാധ്യമെന്നുതന്നെയല്ല, വെറും അസംബന്ധം കൂടിയാണ്. ഉറച്ച അടിസ്ഥാനത്തിലുള്ള അന്തരാഷ്ട്രീയ സഹകരണം സ്ഥാപിക്കണമെങ്കിൽ ജനതകൾ തമ്മിലടുക്കണം; രാജ്യമേധാവികൾ മാത്രം വട്ടമേശയ്ക്കു ചുററമിരുന്നു വാദിച്ചാൽപ്പോരാ.

"ഞാനും എൻെറ ഭർത്താവും ഒരു തട്ടാനും മതി" എന്നു ചിന്തിച്ച പെൺകിടാവിൻെറ ചപലബോധം ഏതൊരു രാഷ്ട്രത്തിനും മനുഷ്യനും കൊള്ളുകയില്ല. നമ്മുടെ പ്രവർത്തനങ്ങൾ മററുള്ളവരെയും ബാധിക്കുന്നു; അവരുടെ ജീവിതവ്യാപാരങ്ങൾ നമ്മെയും. ഇരുപതാം നൂററാണ്ടിൽ എത്ര തപഃശക്തിയുള്ള വിശ്വാമിത്രനും സാധ്യമല്ല സ്വന്തമായൊരു ത്രിശങ്കുസ്വർഗ്ഗം നിർമ്മിക്കാൻ. പത്തൊമ്പതാം നൂററാണ്ടിലും അതു സാധിച്ചില്ല. 'ഉട്ടോപ്യ' എന്നൊരു വാക്കുണ്ട് ഇംഗ്ലീഷിൽ; സങ്കല്പസ്വർഗ്ഗം എന്നു മലയാണ്മയിലും വ്യവഹരിക്കാം. പഴയകാലത്തെ ചിന്തകന്മാർ അനവധി ഉട്ടോപ്യകൾ ഉല്പാദിപ്പിച്ചു, ഭൂമിയിലല്ല, അവരുടെ ഹൃദയത്തിൽ, പുസ്തകങ്ങളിൽ. എന്നാൽ റോബർട്ട് ഓവൻ അതു നടപ്പിൽ വരുത്താനുദ്യമിച്ചു. ഇംഗ്ലണ്ടിൽ "ന്യൂലനാക്ക്" എന്ന പ്രദേശത്ത് അദ്ദേഹം ഒരു മാതൃകാ സമുദായം ഏർപ്പെടുത്തി. ആ കൊച്ചുകോളണിയിൽ ഒരു കൊച്ചുനാകംതന്നെ ഉണ്ടാക്കണമെന്നായിരുന്നു സാഹസിൻെറ ലക്ഷ്യം. പത്തൊമ്പതു കൊല്ലത്തിനുശേഷം കോളനി പൊളിഞ്ഞു. ലോകവുമായി ബന്ധം പുലർത്താതെയിരുന്നാൽ ഇന്നേതു രാഷ്ട്രത്തിനും "ന്യൂലനാക്ക്" കോളണിയുടെ വിധിയാണു വന്നു ചേരുക. എന്തിനു പരസ്പരബന്ധമില്ലെങ്കിൽ ബ്രഹ്മാണ്ഡകടാഹംതന്നെ പൊടിഞ്ഞു നുറുങ്ങും. അവ പരസ്പരാകർഷണത്താലാണല്ലോ ഇന്നു നിലവിലുള്ളതു്.

ഇന്നു പൊതുവെ അന്താരാഷ്ട്രീയമെന്നു പറയുമ്പോൾ, അതു പരിമിതമായ ഒരർത്ഥത്തിലാണ്. യഥാർത്ഥമായ അന്താരാഷ്ട്രീയബന്ധം സ്ഥാപിക്കുന്നതിന്നുള്ള ചുററുപാടുകൾ ഇനിയും സഞ്ജാതമായിട്ടില്ല. മുതലാളിയുഗത്തിൻെറ കുട്ടികളാണു ദേശീയതകൾ; അവരുടെ കുട്ടുകുടുംബ

വ്യവസ്ഥയാണ് പഴയ അന്താരാഷ്ട്രീയവ്യവസ്ഥ. മുതലാളിത്തരീതി അതിന്റെ ആരംഭദശയിൽ മുഴക്കിയ മുദ്രാവാക്യം സ്വതന്ത്രവ്യാപാരം വേണമെന്നായിരുന്നു. ഇഷ്ടംപോലെ ഏതു രാജ്യത്തും കയറിച്ചെന്നു വ്യാപാരം നടത്തണം; കമ്പോളത്തിൽ മത്സരിയ്ക്കണം. മുതലാളികൾ കമ്പോളങ്ങൾക്കായി കപ്പലോടിച്ചുതെണ്ടി. വാസ്കോഡിഗാമയുടെ ഗമനവും ഗമയും നമുക്ക് അറിയാമല്ലോ. ചുക്കും കുരുമുളകും തെണ്ടിവന്ന ആ കപ്പിത്താൻ ഒടുവിൽ പാശ്ചാത്യസാമ്രാജ്യത്വത്തിന്റെ മുന്നോടിയായിത്തീർന്നു. തുടർന്നു ബ്രിട്ടീഷുകാർ, ലന്തക്കാർ, ഫ്റഞ്ചുകാർ തുടങ്ങിയ പലരുടെയും വരവായി. അന്താരാഷ്ട്രീയമായ ഇടപാടുകൾ വർദ്ധിച്ചു. നിശ്ചേഷ്ടമായ ഏഷ്യാററിക്‌രാജ്യങ്ങളിലും ചലനമുണ്ടായി. കോളണികളുടെ ദയനീയമായ അടിമത്താവസ്ഥ ഇന്നവസാനിച്ചുവരുന്നു. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം പ്രത്യേകിച്ചും അന്താരാഷ്ട്രീയ സഹകരണത്തിന്റെ ആവശ്യകത കൂടുതൽ വ്യക്തമായിത്തുടങ്ങിയിട്ടുണ്ട്. എങ്കിലും അധികാരസ്ഥന്മാരുടെസാമ്പത്തിക ദുർമ്മോഹങ്ങളും സ്ഥാപിതതാല്പര്യങ്ങളും സ്വാർത്ഥോദ്ദേശങ്ങളും കൃത്രിമമായി ജനങ്ങളെ അകററി നിർത്തിയിരിക്കുന്നു.

ഈ അകററിനിർത്തലിൽനിന്നെങ്ങിനെ രക്ഷ പ്രാപിക്കാം? ജീർണ്ണിച്ച സാമ്പത്തിക വ്യവസ്ഥയുടെ ദുഷ്ഫലമാണിതിനു ഹേതുകമായിരിക്കുന്നതു്. എല്ലാ രാജ്യത്തെയും മനുഷ്യർക്ക് യോജിക്കുന്നതിനുള്ള വിഷമതകൾ സാമ്പത്തികരാഷ്ട്രീയ വ്യവസ്ഥയുടെ വിഷമവൃത്തത്തിൽ അവയുടെ കിടക്കേണ്ടിവരുന്നതുകൊണ്ടാണ്. മനുഷ്യരെ നാം മറന്നു; വിശപ്പും വേദനയും ആശയാഭിലാഷങ്ങളുമുള്ള മനുഷ്യനെ.

'പ്രിയംവദ' ഇയ്യിടെ പ്രസ്താവിച്ചപോലെ, നാട്ടുകാരെയോ, മതക്കാരെയോ വർഗ്ഗക്കാരെയോ, മാത്രമേ ഇന്നു കാണാനുള്ളൂ; അല്ലെങ്കിൽ പറഞ്ഞുകേൾക്കാനുള്ള ഹിന്ദു, കൃസ്ത്യൻ, മുസ്ലീം, പാഴ്സി അങ്ങിനെ ഒരുവക: റഷ്യക്കാരൻ, അമേരിക്കൻ, ഇംഗ്ലീഷുകാരൻ, ജർമ്മൻകാരൻ, ഇന്ത്യക്കാരൻ എന്നിങ്ങിനെ മറെറാരുവക. പുതിയതരത്തിലുള്ള ഈ ജാതിവ്യത്യാസവും അയിത്തവും ഇല്ലാതാക്കണം; അതാണാവശ്യം.

സാങ്കേതികതുറയിലും ശാസ്ത്രീയമേഖലയിലും കഴിഞ്ഞ ഒന്നര നൂററാണ്ടിന്നിടയ്ക്കു് മനുഷ്യൻ വളരെ പുരോമിച്ചിട്ടുണ്ട്. വിവേകപൂർവ്വം അവ ആസൂത്രണം ചെയ്തു സുഖസമൃദ്ധമായ ജീവിതരീതി ആവിഷ്ക്കരിക്കാവുന്നതാണ്. നാടുകളും നാടുകളും, മനുഷ്യനും മനുഷ്യനുംതമ്മിൽ പരസ്പരം ചൂഷണം ചെയ്യാതെ, വഞ്ചിക്കുകയും വക്കാണിക്കുകയും ചെയ്യാതെ പൊരുത്തിയോടെ കഴിഞ്ഞുകൂടണമെങ്കിൽ മറെറാരു ഗതിയില്ല. സാമ്പത്തികവിഭവങ്ങൾ സമൃദ്ധമായുണ്ടായതുകൊണ്ടു മാത്രം പോരാ; അവ വകതിരിവോടെ ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പററിയ സാമൂഹ്യവ്യവസ്ഥയും സന്മനസ്സും സഹകരണബോധവുമുള്ള മനുഷ്യരും ആവശ്യമാണ്. ഭൗതികസാഹചര്യങ്ങൾ വികസിച്ചതനുസരിച്ച് മനുഷ്യന്റെ ഹൃദയം വിശാലമായിട്ടില്ല; ആധുനികശാസ്ത്രം വിഭാവനംചെയ്യുന്ന ഐശ്വര്യസമൃദ്ധമായ ലോകത്തിൽ ജീവിക്കുന്നതിനു വേണ്ട പരിശീലന

വും പരിചയവും പരിപക്വബുദ്ധിയും മനുഷ്യവർഗ്ഗത്തിന്നു കൈവന്നിട്ടില്ല! വല്ലാത്തൊരു വൈപരീത്യം! മനുഷ്യൻ അവൻെറ സൃഷ്ടിയോടൊപ്പം വളൎന്നിട്ടില്ലപോലും!

മൂന്നാമത്തും, ഭയാനകമായ ഒരു പൊട്ടിത്തെറിയ്ക്കലുണ്ടാകാനാണ് വട്ടം കൂട്ടിക്കാണുന്നതു്. രണ്ടു പടുകൂററൻ ചേരികളായിത്തിരിയുന്ന മനുഷ്യവർഗ്ഗം പരസ്പര വിനാശത്തിലേയ്ക്കുള്ള പാത വെട്ടുകമാത്രമാണ്. അമേരിയ്ക്കൻചേരി പിൻതിരിപ്പന്മാരുടെയും സോവിയററുചേരി പുരോഗമനവാദികളുടെയുമാണെന്ന പ്രചാരം നമ്മുടെ നാട്ടിൽ തകൃതിയായി നടന്നു വരുന്നുണ്ട്. ഇതിൻെറ പരമാത്ഥം എന്താണ്? രണ്ടു ചേരിയിലും മനുഷ്യത്വത്തിന്നു രക്ഷയില്ല. ഒരിടത്തു അങ്ങേ അററത്തെ സാമ്പത്തിക ചൂഷണത്തിൻെറ പരിപാടികൾ; മറുവശത്താകട്ടെ, അധികാരാത്ഥിയുടേയും പട്ടാളച്ചിട്ടയുടേയും ഘോഷയാത്രയും. വർഗ്ഗസമരത്തിൻെറ വക്താക്കൾക്ക് ഇവിടെ പരമാബദ്ധം പിണഞ്ഞിരിക്കുന്നു. ഇന്നു് ഭീമമായ ഒരു വർഗ്ഗസംഘട്ടനം സ്വാതന്ത്ര്യത്തിലേയ്ക്കോ പുരോഗതിയിലേയ്ക്കോ നയിക്കുകയില്ല. മാർക്സ് തന്നെ കമ്യൂനിസ്റ്റ് മാനിഫെസ്റ്റോവിൽ ആദ്യഭാഗത്തു പ്രസ്താവിക്കുന്നുണ്ട് ഇതേവരെയുണ്ടായ വർഗ്ഗസംഘട്ടനങ്ങൾ രണ്ടു അനന്തര ഫലങ്ങളാണുളവാക്കിയിട്ടുള്ളതെന്നു്. ഒന്നുകിൽ ഒരു നവീന വ്യവസ്ഥയെ ആവിഷ്കരിക്കുക; അല്ലെങ്കിൽ സംഘട്ടനത്തിലിടപെട്ട രണ്ടു ശക്തികളും പരസ്പരം പടവെട്ടി നശിക്കുക. അടുത്ത ഒരാഗോളയുദ്ധത്തിൻെറ ഫലം ഒടുവിൽപ്പറഞ്ഞവിധത്തിലാണു കലാശിക്കുകയെന്നു കരുതാൻ യുക്തിയും ന്യായവുമുണ്ട്. അപ്പോൾ നമുക്ക് ട്രൂമാൻെറയോ, സ്റ്റാലിൻെറയോ ചേരി ചേൎന്നു പററിനില്ക്കുകയല്ല വേണ്ടതു്. ആ രണ്ടു ചേരികളെയും സൃഷ്ടിച്ച പശ്ചാത്തലത്തെ ഇല്ലാതാക്കുകയും, മനുഷ്യവർഗ്ഗത്തിന്നു വഴക്കടിക്കാതെ കഴിയാനുള്ള സാമ്പത്തിക – സാമൂഹ്യ – രാഷ്ട്രീയ സാഹചര്യങ്ങൾ സംഭരിക്കുകയുമാണ്. അതിപ്രധാനമായ ഈ പരിപാടിയെ പിന്നോക്കം തള്ളി, അമേരിയ്ക്കൻ ബ്ളോക്കിലേയ്ക്കും റഷ്യൻബ്ളോക്കിലേയ്ക്കും വെവ്വേറെ ആളുകളെ ചേൎക്കുവാൻ ബദ്ധപ്പെടുന്ന ദല്ലാളികൾ ആപൽക്കരമായ ഒരു ദശാസന്ധിയിലേയ്ക്കാണു ലോകത്തെ ആനയിക്കുന്നതു്.

"ഇനിയുമൊരു യുദ്ധമുണ്ടായാൽ ലോകം മൂന്നേമുക്കാൽ നാഴിക മാത്രം"

ആരാ ഇത് പറഞ്ഞതു്? പ്രൊഫസ്സർ ഐൻസ്റ്റീനോ? ബർണാഡ് ഷായോ? അഥവാ ഹാരോൾഡ് ലാസ്കിയോ? അല്ല. ഈ പ്രവാചകൻ ഒരു പ്രബുദ്ധചിന്തകനെന്ന പ്രശസ്തി നേടിയിട്ടില്ല. ഇയ്യിടെ ഹോട്ടലിൽ ചായകുടിച്ചുകൊണ്ടിരിയ്ക്കെ, ഒരു സാധാരണ മനുഷ്യൻ—ഈ ചേരിതിരിക്കുന്ന കൂട്ടരുടെ കണക്കിലൊന്നും പെടാത്ത ഒരു പച്ചക്കറി വില്പനക്കാരൻ പറഞ്ഞതാണ്. യു. എൻ. ഒ യിൽ കശപിശ കൂട്ടുന്ന രാജ്യതന്ത്രജ്ഞന്മാൎക്ക് ഇത്രത്തോളം വിവേകമുണ്ടായിരുന്നെങ്കിൽ!

'ഒന്നു് അല്ലെങ്കിൽ ഓട്ടപ്പൂജ്യം'. അതാണു നമ്മുടെ മുമ്പിലുള്ള ഗത്യന്തരങ്ങൾ. ഒന്നുകിൽ മനുഷ്യവർഗ്ഗം ഒന്നാകണം, അല്ലായ്കിലോ മുരടോടെ

മുടിഞ്ഞുപോവുകയും. ലോകം ഇന്നു വളരെ ചെറുതാണ്. അരനൂററാണ്ടിന്നു മുമ്പുണ്ടായിരുന്ന പ്രപഞ്ചം ഇന്നു എത്രയോ നൂറിരട്ടി ചുരുങ്ങിയിരിക്കുന്നു. മനുഷ്യന്റെ അത്ഭുതാവഹമായ കഴിവുകളാണങ്ങിനെ ചെയ്തു തീർത്തത്. ലോകത്തിലെ മനുഷ്യർക്കെല്ലാം അയൽവക്കക്കാരുടെ സമ്പർക്കവും സൌഹാർദ്ദവും സമ്പാദിക്കുവാനുള്ള സൌകര്യമുണ്ട്. അബിസീനിയക്കാരോട് അടുത്ത വീട്ടിലെ ആളോടെന്നപോലെ വർത്തമാനം പറയാം. മോസ്ക്കോവിലെ ബോൾഷായ്തിയേററിലെ പാട്ടു ഇവിടെ ഇരുന്നാൽ കേൾക്കാം. ബ്രി: പാർലിമെൻറിലെ പ്രസംഗം ശ്രദ്ധിയ്ക്കാം. ന്യൂയോർക്കിലെ ഓപ്പറാമന്ദിരത്തിലെ നടവടികൾ ശ്രദ്ധിയ്ക്കാം. ടെലിവിഷൻ പ്രചുരപ്രചാരമായാൽ ഇവയെല്ലാം കണ്ണുകൊണ്ടു കാണുകയുമാവാം. ചുരുക്കത്തിൽ വേലിയുടെ ഇരുവശത്തും നിന്നു വിശേഷങ്ങൾ പറയുന്ന നാടൻ പെൺകിടാങ്ങളെപ്പോലെ ലോകത്തിലെ ഏതു മുക്കിലും മൂലയിലുമുള്ളവരുമായി ഇടപാടുകൾ നടത്താം. സമയത്തേയും ദൂരത്തേയും അത്രത്തോളം വെന്നുകഴിഞ്ഞിരിക്കുന്നു. ഇനി നമുക്ക് നമ്മെത്തന്നെ വെല്ലേണ്ടിയിരിക്കുന്നു. കെട്ടുറപ്പും കൂട്ടുറപ്പുമുള്ള മനുഷ്യ സമുദായം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളിലൂടെയുള്ള പ്രയത്നം മൂലമേ ആ ലക്ഷ്യപ്രാപ്തി കൈവരികയുള്ളു.

സുഖസമൃദ്ധവും സമാധാന സമ്പൂർണ്ണവുമായ പുതിയ ജീവിതരീതിയ്ക്കാവശ്യമായ മുൻസ്ഥിതികൾ ഇന്നുണ്ട്. നവലോകത്തിന്റെ അസ്ഥിവാരത്തിന്നു വേണ്ട ഇഷ്ടികയും കുമ്മായവും. പക്ഷെ കെട്ടിടം കെട്ടാനുള്ള ശില്പികളും വിദഗ്ദ്ധന്മാരുമെവിടെ? അതാണു ഏററവും വലിയ പ്രശ്നം. പുതിയലോകം നിർമ്മിയ്ക്കാൻ പുതിയ മനുഷ്യർക്കേ കഴിയൂ. അത്തരം മനുഷ്യരുടെ വളർച്ച്യ്ക്കും വികാസത്തിന്നും വഴി തെളിയിക്കുന്ന ഒരു പുതിയ പ്രസ്ഥാനംതന്നെ ആവശ്യമത്രെ—വിശ്വസംസ്കാരത്തിന്നേ അതേറെറടുക്കാൻ കഴികയുള്ളു. "കോപ്പറേററീവ് കോമൺവെൽത്ത്" "ലോകഗവൺമെൻറ്" "അന്താരാഷ്ട്രീയസാമൂഹ്യ വ്യവസ്ഥ" "ഏകലോകം" "ലോകത്തിലെ നാകം" "വർഗ്ഗരഹിതമായ സമുദായം" എന്നീ വാക്കുകളിൽ മനുഷ്യവർഗ്ഗപ്രേമികളായ പല മഹാത്മാക്കളും ചിന്തകന്മാരും ആ പുതിയ വ്യവസ്ഥയ്ക്ക് നാമകരണം ചെയ്തിട്ടുണ്ട്. പേരെന്തുമാവട്ടെ കാര്യങ്ങളാണു ശരിപ്പെടേണ്ടതു്. കുപ്പിയിലെ ഉള്ളടക്കത്തിന്നു, പുറത്തൊട്ടിച്ചു വെച്ച ലേബലിനെക്കാൾ പ്രാധാന്യം നൽകുകയാണു യുക്തിപരത.

മുതലാളിത്തത്തിന്റെ പഴഞ്ചൻ മുദ്രാവാക്യമായ അന്താരാഷ്ട്രീയത്വത്തിൽനിന്നു സാർവ്വലൌകികമായ മനുഷ്യവർഗ്ഗപ്രേമത്തിലേയ്ക്ക് മുന്നോട്ട്—ഇന്നത്തെ പുരോഗമനവാദിയുടെ മുദ്രാവാക്യം അതായിരിക്കട്ടെ. മുതലാളിയുഗത്തിന്റെ സൃഷ്ടിയാണു ദേശീയത്വവും, അതിന്മേൽ മെടഞ്ഞിട്ട അന്താരാഷ്ട്രീയ വ്യവസ്ഥകളും. നാം ആ ദശയെ പിന്നിടേണ്ടകാലം വൈകി.

—:0:—

# ധൂമാങ്കുര ചിന്തകൾ

(കരി.)

അയ്യോടാ ഇന്നാണല്ലോ ആഗസ്റ്റ് 15-ാംനു-! സ്വതന്ത്ര ഇന്ത്യയുടെ രണ്ടാമത്തെ ജന്മദിനം! ഒരു കൊല്ലം എത്ര പെട്ടെന്നു കഴിഞ്ഞു. കഴിഞ്ഞ ആഗസ്റ്റ് 15-ാംനു- തന്നെ നിശ്ചയിച്ചതാണു സിഗററ്റു വലി നിൎത്തണമെന്നു്. എന്നിട്ടെന്തു ഗുണം? ഇന്നും ഞാൻ സിഗററ്റിൻെറ അടിമയായ് കഴിയുന്നു. ഈശ്വരാ! ഈ കോൺഗ്രസ് ഗവമ്മെൻറ് ഒരു പുകയില വൎജ്ജനംകൂടി തുടങ്ങിയിരുന്നെങ്കിൽ! എടാ വാസൂ! ആ ടിന്നിനകത്തു എത്ര സിഗററ്റുണ്ടെന്നു നോക്കിക്കേ....മൂന്നോ? നല്ല കാൎയ്യം. ഈ മൂന്നു സിഗററ്റു തീൎന്നാൽ പിന്നെ സിഗററ്റു വാങ്ങിക്കയേ വേണ്ടാ. ഇതൊന്നു നിൎത്താമോ എന്നു ഞാൻ നോക്കട്ടെ. ഏതായാലും ഇപ്പോൾ ഒരെണ്ണം ഇങ്ങോട്ടെടു്! തീപ്പെട്ടിയും.... ഹാ കൊള്ളാം.

ഒരു കൊല്ലത്തിനകം എന്തെല്ലാം സംഭവിച്ചു! കഴിഞ്ഞ ആഗസ്റ്റ് 15ാം തീയതി ഇപ്പോഴും എൻെറ മനക്കൺമുമ്പിൽ തെളിഞ്ഞു നിൽക്കുന്നു. ഓരോരുത്തൻെറ ചാട്ടവും കൂത്തും കാണേണ്ടതായിരുന്നു. അന്നേരമേ ഞാൻ നിശ്ചയിച്ചതാണു് അധികം താമസിയാതെ എന്തെങ്കിലും ആപത്തു പിണയുമെന്നു്. ഞാൻ വിചാരിച്ചതുപോലെ പററുകയും ചെയ്തു. എത്ര സഹസ്രം ജനങ്ങളെയാണു് അരിഞ്ഞു വാരിക്കൂട്ടിയതു്! മഹാഭാരതത്തിലെ കുരുക്ഷേത്രയുദ്ധം പോലും ഇത്ര ഭയാനകമായി തോന്നിയിട്ടില്ല. കൌരവപാണ്ഡവന്മാർ തമ്മിലുള്ള യുദ്ധം കുരുക്ഷേത്രത്തിൽവെച്ചു മുസ്ലീങ്ങളും ഹിന്ദുക്കളും തമ്മിലാകട്ടെ, തീവണ്ടികളിൽവെച്ച്, തെരുവുകളിൽ വെച്ച്, പൂജാവേദികളിൽ വെച്ച്. കുരുക്ഷേത്രയുദ്ധത്തിൽ മരിച്ച ധീരാത്മാക്കളുടെ ഭാൎയ്യമാർ ഭൎത്തൃവിരഹസന്തപ്തരായ് ചമഞ്ഞു. ഹിന്ദുമുസ്ലീം സംഘട്ടനത്തിലാകട്ടെ വിരഹസന്താപംപൂണ്ട സ്ത്രീകളെയും കാലപുരിക്കയയ്ക്കാൻ ഘാതകന്മാർ കനിഞ്ഞു. കുരുക്ഷേത്രയുദ്ധം ധൎമ്മാധൎമ്മങ്ങൾ തമ്മിലുള്ള ഒരു പോരാട്ടമായിരുന്നു. ഹിന്ദുമുസ്ലീം ബഹളങ്ങളോ? മതത്തിൻെറ പേരിൽ! മനുഷ്യാത്മാക്കൾ തമ്മിലുള്ള സൗഹാൎദ്ദബന്ധം പുലൎത്താൻ ചുമതലപ്പെട്ട മതത്തിൻെറ പേരിൽ! ഈശ്വരാ- പരിഷ്കാരത്തിൻെറ പോക്കു്.

വാസ്തവത്തിൽ മതത്തിൻെറ പേരിലാണോ ഈ രക്തച്ചൊരിച്ചിൽ? അല്ല. ഒരു ഹിന്ദുവും മുസൽമാനും തമ്മിലുള്ള വ്യത്യാസമെന്താണു്? ഹിന്ദു ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരിലും, മുസൽമാൻ മുഹമ്മദ് പ്രസംഗിച്ച ഏക ദൈവത്തിലും വിശ്വസിക്കുന്നു എന്നുള്ളതാണോ? തീൎച്ചയായും അല്ല. ഹിന്ദു രാവിലെ കുളിച്ചു ദേഹമാസകലം ഭസ്മംപൂശി അമ്പലത്തിൽ തൊഴാൻ പോകുന്നു. മുസൽമാൻ വെള്ളിയാഴ്ച തോറും ആരാധനയ്ക്കു

തലമുടി നീട്ടി മുഖക്ഷൌരം ചെയ്തു നടക്കുന്നു. മുസ്ലീമാകട്ടെ തലമുടി വടിച്ചുകളഞ്ഞു താടി വളർത്തുന്നു. ഇതാണ് വാസ്തവത്തിലുള്ള വ്യത്യാസം. മതങ്ങൾ തമ്മിലുള്ള വ്യത്യാസമല്ല ഈ ബഹളങ്ങൾക്കൊക്കെയുള്ള കാരണം. ആചാരമര്യാദകൾ തമ്മിലുള്ള വ്യത്യാസമാണ്. ഇതിനെന്താണു ഒരു പരിഹാരമാർഗ്ഗം? ഉണ്ട്. മാർഗ്ഗമുണ്ട്. പക്ഷേ അതിനു ധൈര്യമുള്ള ഒരു ഗവർമ്മെൻറുണ്ടാകണം. ഞാൻ ഹിന്ദുവാണെന്നോ മുഹമ്മദനാണെന്നോ ആരെങ്കിലും പറഞ്ഞാലുടനെ അവൻെറ പല്ല് അടിച്ചു താഴെയിടണം. മതം, ജാതി ഇമ്മാതിരി വിവരങ്ങൾ അപേക്ഷാഫാറങ്ങളിൽ നിന്നു എടുത്തു കളയണം. കുടുമ്മി വളർത്തുന്ന കുറെ യാഥാസ്ഥിതികരെ പിടിച്ചു 'രോമസംഹാരി' തലയിൽ പുരട്ടി വിടണം. കസ്തൂരിരങ്ക അയ്യങ്കാരെ, ഹസൻ മരയ്ക്കാരെന്നു പേരു മാററണം. ചാണ്ടി തോമസിനെ കേശവപിള്ളയാക്കണം. പാറുക്കുട്ടി അമ്മയെ ആയിഷാ ബീബി എന്നു വിളിക്കണം. ഇങ്ങനെ ഓരോരോ മതങ്ങൾക്കും ജാതികൾക്കുമുള്ള ആചാരമര്യാദകൾ തച്ചുടയ്ക്കണം. ബഹളങ്ങളുണ്ടാകും. ഗവർമ്മെണ്ടും ജനങ്ങളും തമ്മിൽ സംഘട്ടനമാകും. പക്ഷെ വിടരുത്. ഒരു പ്രത്യേകവിഭാഗത്തിൻേറതു് എന്നു പറയാവുന്ന ആചാരങ്ങൾ മുഴുവൻ നിർമ്മാർജ്ജനം ചെയ്യുന്നതുവരെ ഗവർമ്മെൻറ ഈ നയം തുടരുകയാണെങ്കിൽ ഇന്ത്യ രക്ഷപ്പെട്ടു. പക്ഷെ അതിനു ധൈര്യമുള്ള ഗവർമ്മെണ്ടെവിടെ?

ഇന്ത്യയുടെ സ്വാതന്ത്ര്യജന്മ വത്സരത്തിലെ നിർഭാഗ്യങ്ങൾ ഈ കൂട്ടക്കൊല കൊണ്ടവസാനിച്ചു എന്നാണു

...പ്പോഴാണു ഗോഡ്സെ എന്നൊരു വിദ്വാൻ എവിടെ നിന്നോ ചാടി വന്നതു്. "മി. ഗാന്ധി! നിങ്ങളിന്നു താമസിച്ചു പോയി" മൂന്നു വെടികൾ. മഹാനായ ഗാന്ധി അന്തരിച്ചു. വടക്കേ ഇന്ത്യയിൽ ഒഴുകിക്കൊണ്ടിരുന്ന ചോരപ്പുഴയിൽ കണ്ണുനീർപ്പുഴകൾ ഒന്നിച്ചു ചേർന്നു. പക്ഷെ, വാസ്തവം പറയുകയാണെങ്കിൽ ഇദ്ദേരുടെ ഈ സത്യാഗ്രഹവും ഉടുപ്പിടാതെ നടക്കുന്നതുമൊക്കെ എനിക്കശേഷം രസിച്ചിരുന്നില്ല. ഒരു ഷർട്ടിട്ടാൽ ഇത്ര വലിയ തകരാറു വല്ലതുമുണ്ടോ. ഈ പത്രക്കാരുടെ എഴുത്തു കാണുമ്പോഴാണു ദേഷ്യം തോന്നുന്നതു്. 'മഹാനായ ഷർട്ടിടാത്ത ഗാന്ധി.' ബാക്കിയുള്ളവർ ഷർട്ടിടാതെ വഴിയെ നടന്നാലുടൻ ന്യൂയിസൻസ് കേസു ചാർജ്ജു ചെയ്യുകയായി. പക്ഷെ ഇതൊക്കെ വെളിയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ആളുകൾ എൻെറ കഥ കഴിക്കുകയും ചെയ്യും. ഇതാണു എനിക്കു തീരെ രസിക്കാത്തതു്." ഇന്ത്യക്കു പററിയിട്ടുള്ള വലിയ വിപത്തും ഇതു തന്നെ. നെഹ്രുവെന്നോ ഗാന്ധിയെന്നോ പറയുമ്പോൾ താണുവീണു തൊഴാനും ഇന്ത്യാക്കാർ മടിക്കുകയില്ല. ഈ അതിരു കവിഞ്ഞ ആദരവാണു ഇന്ത്യയുടെ പുരോഗതിക്കു് ഒരു വലിയ തടസ്സം. നെഹ്രു എന്തെങ്കിലും ഒന്നു പറഞ്ഞാലുടനെ അതു പത്രക്കാർ വിപുലീകരിച്ചു പ്രസിദ്ധപ്പെടുത്തി, പ്രാസംഗികന്മാർ പ്രസംഗവേദിയിൽ നിന്നു ഉച്ചത്തിൽ ഉദ്ധരിച്ചു, അതിനെതിരായി ആരെങ്കിലും സാധാരണന്മാർ വല്ലതും പറഞ്ഞുപോയാൽ അവരെ അടിക്കുന്നതിനു ചട്ടമ്പികളെ ശട്ടംകെട്ടി........ഇതൊക്കെക്കഴിയും. എന്തു ചെയ്യാനാണു!

തിരുവിതാംകൂറിലെ പ്രസിദ്ധമായ മെമ്മോറാണ്ഡം പിൻവലിച്ചതു തന്നെ കണ്ടില്ലേ! നമുക്കെന്തിനാ കുഞ്ഞുങ്ങളേ ഈ ഉത്തരവാദിത്വഭരണമൊക്കെ ? പാവം സർ. സി. പി. ഭരിച്ചുകൊള്ളട്ടെ സമാധാനമായിട്ട് എന്നുള്ള മട്ടിൽ ഗാന്ധി എന്തോ പറഞ്ഞു. മൂപ്പരു പറഞ്ഞാൽ പിന്നെ അതിനു എതിർവാക്കുണ്ടോ. മെമ്മോറാണ്ഡം പിൻവലിക്കുകയും ചെയ്തു. ഈ മനോഭാവം അവസാനിക്കുമ്പോൾ ഇന്ത്യയുടെ ശുക്രദശ ആരംഭിച്ചു എന്നു പറയാം. ഇതൊക്കെയാണെങ്കിലും ഗാന്ധി ഒരു മഹാപുരുഷനായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല.

ഗാന്ധിയെ കൊന്ന വെടിയുടെ മാറെറാലി അവസാനിക്കുന്നതിനു മുമ്പാണല്ലോ കാഷ്മീർ കുഴപ്പം തുടങ്ങിയതു്. ഗവമ്മെൻറു നടത്താനുള്ള ബുദ്ധിമുട്ടൊക്കെ അന്നേരമാണു നെഹ്റുവിനും കൂട്ടർക്കുമൊക്കെ മനസ്സിലായതു്. ഈ കാഷ്മീർ ഇത്ര വളരെ തൊന്തരവുണ്ടാക്കുമെന്നു ആരു വിചാരിച്ചു! അരയന്നങ്ങൾ സർവ്വദാ വിഹരിച്ചുകൊണ്ടിരുന്ന തടാകങ്ങളും ഫലപുഷ്പസമൃദ്ധങ്ങളായ തരുസമൂഹങ്ങളും കൊണ്ടു നിറഞ്ഞു്, പ്രകൃതിരമണീയകത കൊണ്ടു് ഹൃദയാവർജ്ജകമായ ഒരു പ്രദേശമെന്നല്ലാതെ കാഷ്മീരിനെക്കുറിച്ചു് ആരും ഒന്നുമറിഞ്ഞിരുന്നില്ല. കാഷ്മീരിലെ ആളുകൾ ആഴ്ചയിൽ എത്ര പ്രാവശ്യം കുളിക്കുമെന്നോ അവിടെ ഹിന്ദുക്കളാണോ മുസ്ലീങ്ങളാണോ കൂടുതലുള്ളതെന്നോ അന്വേഷിക്കുന്നതിനു ആരും ബുദ്ധിമുട്ടിയിരുന്നില്ല. അപ്പോഴാണല്ലോ ആ രാജ്യം പെട്ടെന്നു പത്രങ്ങളുടെ മുൻപേജുകളിലേക്കു ചാടി വീണതു്. പാവം നെഹ്റു എന്തൊരു സാധുവായിട്ടാണു കാഷ്മീർ പ്രശ്നവുമായ് യു. എൻ. ഒ. യിൽ എത്തിനോക്കിയതു്. ഈ യു. എൻ. ഓ. എന്നൊക്കെ പറയുന്നതു വലിയ രാജ്യങ്ങൾക്കു തമ്മിൽ ബലപരീക്ഷ നടത്താൻ ചെറിയ രാജ്യങ്ങളെ ആയുധമാക്കുന്ന വിദ്യയാണെന്നു അദ്ദേഹത്തിനിപ്പോഴെങ്കിലും മനസ്സിലായല്ലോ. യു. എൻ. ഓ. പോലും! ഈശ്വരാ! സാധുക്കളെ കബളിപ്പിക്കാനുള്ള ഈ പണികൾക്കൊക്കെ ഒരവസാനമില്ലെന്നോ ?

ഹൈദ്രബാദ്! ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടതോടുകൂടെ മെർജറെന്നും ഗ്രൂപ്പ് ഫോർമേഷനെന്നും രാജപ്രമുഖനെന്നും ഒക്കെപ്പറഞ്ഞു പട്ടേൽ നാട്ടുരാജ്യങ്ങളെയൊക്കെ പാട്ടിലാക്കി. ദുർവാശി പിടിച്ചുനിന്ന സർ. സി. പി. യും വാൾവീശൽ കണ്ടു ഭയന്നു തിരുവിതാംകൂറിൽ നിന്നു മണ്ടി. അന്നു ഓടിയ ഓട്ടം അമേരിക്കയിൽ ചെന്നാണല്ലോ അവസാനിച്ചതു്. പട്ടേലിൻെറ പണിയൊന്നും നൈസാമിൻെറ അടുത്തു ചെലവായില്ല. കടുവായെക്കണ്ടു കിടുവാ എന്ന മട്ടിലാണു ഇപ്പോൾ നൈസാമിൻെറ ഭാവം. പക്ഷെ ഇപ്പോൾ കിടുവായും വാ പൊളിക്കുന്ന മട്ടാണു കാണുന്നതു്. പാവപ്പെട്ട നൈസാമേ! പക്കിസ്ഥാനു് ഇന്ത്യയിൽക്കടന്നു തിരുമേനിയെ സഹായിക്കാനൊക്കുമോ? വിൻസ്റ്റൺ ചർച്ചിൽ എത്ര വലിയ സമർത്ഥനായിക്കൊള്ളട്ടെ, അയാൾക്കു ഗവമ്മെൻറിൽ അധികാരമില്ലാത്തടത്തോളം കാലം എന്തു ചെയ്യാൻ സാധിക്കും? നൂറോ ഇരുനൂറോ വിമാനങ്ങൾ സ്വീഡനിൽ നിന്നോ ബൽജിയത്തിൽ നിന്നോ വിലയ്ക്കു വാങ്ങിച്ചെന്നു വിചാരിച്ചു് ഇന്ത്യം

ഗവമ്മെൻറ ഭയപ്പെട്ടുപോകുമോ ? ഈ വക കാൎയ്യങ്ങഠം വേണ്ടവണ്ണം ആലോചിച്ചിട്ട വേണ്ടേ ഇമ്മാതിരി പൊല്ലാപ്പിനൊക്കെ ചെന്നു ചാടാൻ ? ഈ ഇരുപതാം നൂററാണ്ടിലും തിരുമേനി പ്രജാഭിലാഷവിഘ്നവും രാജാധികാരസ്ഥാപനവും തുടൎന്ന കൊണ്ടുപോകാൻ ആലോചിക്കുന്നല്ലോ. കഷ്ടം! ഇത്രയും നാളൊക്കെ ബ്രിട്ടീഷുകാരുടെ സഹായംകൊണ്ടു അങ്ങു ഭരിച്ചു. അങ്ങയെപ്പോലെയുള്ള നാട്ടു രാജാക്കന്മാരുടെ കൃപകൊണ്ടാണു ബ്രിട്ടീഷുകാരും ഇത്രയം നാഠം ഭരിച്ചതു്. എങ്കിലും അതൊക്കെ ഭൂതകാലസംഭവങ്ങളല്ലേ. അതോ കാലം മാറിയതു് അങ്ങു അറിഞ്ഞിട്ടില്ലെന്നുണ്ടോ ?

തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദിത്വഭരണം (അതോ ഉത്തരവാതഭരണമാണോ) കൈവന്നതും കഴിഞ്ഞ കൊല്ലമാണല്ലോ. ഈ ഭരണസമ്പ്രദായം നല്ലതാണോ ചീത്തയാണോ എന്നു ഇപ്പോഠം ആൎക്കും പറയാൻ സാധിക്കുന്നതല്ല. പക്ഷെ ഒരു കാൎയ്യം തീച്ച്. തിരുവിതാംകൂറിലെ ജനങ്ങഠം യുദ്ധം ചെയ്തതൊന്നും ഉത്തരവാദിത്വഭരണത്തിനല്ല, സർ. സി. പി. യെ എങ്ങനെയെങ്കിലും തിരുവിതാംകൂറിൽ നിന്നു ഓടിക്കാനാണു്. അതു് എവിടെയും ഞാൻ സധൈര്യം വിളിച്ചുപറയുകയും ചെയ്യും. ഗവമ്മെൻറ ശരിയായി നടക്കണമെന്നേ സാധാരണക്കാൎക്കു് ആഗ്രഹമുള്ളു. കൊച്ചിയിൽ അങ്ങനെയാണോ എന്നറിയാൻ പാടില്ല. ഏതായാലും കൊച്ചിയിലും തിരുവിതാംകൂറിലും പാർട്ടി ഭരണം പരാജയപ്പെടുകയേയുള്ളു എന്നതിനു തൎക്കമില്ല. ഈ പാർട്ടി ഗവമ്മെൻറും ക്യാബിനററ ഭരണവുമൊക്കെ ഏതാണ്ടു ഇരുനൂററമ്പതു കൊല്ലം കൊണ്ടാണു് ഇംഗ്ലണ്ടിൽ വളൎന്നു ശക്തിപ്രാപിച്ചതു്. അതു രണ്ടു രാത്രികൊണ്ടു നമ്മുടെ നാട്ടിൽ വിജയകരമാകും എന്നാശിക്കുന്നതു് അസ്ഥാനത്തിലല്ലേ ? ഐക്യകേരളമന്ത്രം ഉരുവിട്ടുകൊണ്ടിരുന്ന നേതാക്കന്മാർ ഇപ്പോഠം എവിടെ ? പ്രായോഗികവൈഷമ്യങ്ങഠം വരുമ്പോഴാണു അതിബുദ്ധിമാന്മാരുടെയും മനസ്സു മടുക്കുന്നതു്. ഒരു ഗവമ്മെണ്ടിനെ രൂക്ഷമായി വിമശിക്കയും ആക്ഷേപിക്കുകയും ചെയ്യുന്നതിനു വലിയ വിഷമമില്ല. ചുമതലയേറെറടുക്കുമ്പോഴാണു ഓരോ സംഗതികളുടെ കുഴഞ്ഞ വശങ്ങഠം മനസ്സിലാകുന്നതു്.

എന്താ വാസൂ! എന്തു വേണം ? ഓഹോ. ശരിയാണല്ലോ. ഓരോ കാൎയ്യങ്ങഠം ആലോചിച്ചിരുന്നു സമയം പോയതറിഞ്ഞില്ല. ഏതായാലും നീ വന്നു വിളിച്ചതു ഉപകാരമായി. സിഗററ്റും വലിച്ചു തീൎന്നല്ലോ.

---

മാസ്റ്റർ : ഇന്നലെ സ്ക്കൂഠം വിട്ടിട്ടു പോകുമ്പോഠം എന്തിനാടാ സൈക്കിളിൽ ചെന്നു മുട്ടിയതു്. സൈക്കിളു കാണുമ്പോ ഒരു ഭാഗത്തേക്കു മാറണ്ടേ മായാ—

കുട്ടി : സാർ, സ്ക്കൂഠം വിട്ടാൽ 'നേരേ' വീട്ടിലേക്കു വരാനാണു് അച്ഛൻ പറഞ്ഞിരിക്കുന്നതു്.

(തട്ടിപ്പ്)

# തൂലികയോടു !

കെ. പ്യാർ.

തൂലികേ ! പതറാത്ത ജീവിതച്ചൂടേററാലും
കാലിക പ്രശ്നങ്ങളാ ലുള്ളറയെരിഞ്ഞാലും
കാലടി പിഴയ്ക്കാതെ സേവനൌത്സുക്യം കാട്ടി-
പ്പാലൊളി പരത്തു നീ ഭുവിലും നഭസ്സിലും.
കാലത്തിൻ മാറാലയാൽ നിൻ ദ്യുതി പരക്കായ്കിൽ,
കാലികരാം കൈക്കുത്തേല്പി ച്ചടരിന്നടുക്കുകിൽ
നീ ലസിക്കണം പാരം തുഷ്ടിയും വിവേകവും
നീരദനിരയോളം നിരത്തിപ്പുതുക്കവേ !
ഉച്ചനീചത്വം വ്യക്തിവിദ്വേഷ മസൂയയും
നീചനീചമായ് നമ്മെ നയിക്കും ചളിക്കണ്ടിൽ,
ആകയാലടി തെററാ തണവും പിഴച്ചിടാ—
താകുലമെന്യേ ശീഘ്രം തുടരൂ പടതന്നെ !!

ചാരവും ചളിക്കൂട്ടും ചരലും പുരളാം നിൻ-
ചാരായം ചെലുത്തുവോർ, ശബ്ദചിത്രണം ചെയ്വോർ!
എങ്കിലു മനാരതം നാല്കുകില്ലലിവേറ—
മാളുകരാം, പരിഹാസ്യനായി നീ വർത്തിക്കിലും.

ഹൃദയത്തുടിപ്പോടെ പാടു നീ, സാമ്രാജ്യത്വ—
മതിയെ യടിച്ചെങ്ങോ നീക്കിയ നാട്ടിൻ കീർത്തി !
ഭാരതം പ്രസവിച്ചു, ഭുവിനെ വിറപ്പിച്ച-
ധീരരാം നേതാക്കളെ സ്മരിക്കു ! നമിക്കു ! നീ !
പാവനസ്വാതന്ത്ര്യത്തിൻ കല്പടവുയർത്തുമ്പോരം
ജീവിതം നിലച്ചോരെ സ്മരിക്കു ! നമിക്കു ! നീ !
നൂതന പതാകിക വാനിലങ്ങലയുമ്പോരം
പൂതമായുയരൂ നീ പാവനപ്രസൂനമായ് !!
വജ്രമായ് ലസിക്കട്ടെ കേവലം മാമൂലിന്റെ
ജിഹ്വയായ് വർത്തിക്കുന്ന പാമര ജനങ്ങളിൽ !!

തുടരൂ മണിവീണാ മന്ത്രണം, രാഗാർദ്രമായ്-
വിടരൂ കർമ്മക്ഷേത്ര സ്വാതന്ത്ര്യപ്രകാശത്തിൽ !!

—: o :—

# വായനക്കാർ ലോകവാണിയിൽ

[വായനക്കാർക്കു് ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ചു വിമർശിക്കുന്നതിനുള്ള ഒരു പംക്തിയാണു് ഇതു്. ചുരുങ്ങിയ കത്തുകൾ ക്ഷണിച്ചു കൊള്ളുന്നു.]

സർ,

ആദർശങ്ങളെ മുറുകിപ്പിടിച്ചുകൊണ്ടു മററെല്ലാം മറന്നുകളയാനുള്ള വാസന മലയാളികളുടെ ഒരു പ്രത്യേകതയാണെന്നെനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. ഭൗതികരാഷ്ട്രമായി വളരുവാൻ പോകുന്ന ഇന്ത്യയിൽ, മലയാളികൾ മാത്രം യൂട്ടോപ്യയിൽനിന്നു ഊർന്നിറങ്ങിയ ആദർശഭ്രാന്തുമൂലം ഒററപ്പെട്ടു പോകാതിരിക്കുന്നതിനു പര്യാപ്തമായവിധം ശാസ്ത്രീയസംസ്കാരം വളർത്തേണ്ടതു ബോധപൂർവ്വം പ്രവർത്തിക്കുന്ന ഓരോ മലയാള സാഹിത്യകാരന്റേയും കടമയാകുന്നു. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ കഴിഞ്ഞ ഒരു ലക്കം ലോകവാണിയിൽ ശ്രീ ബാലകൃഷ്ണപിള്ളയവർകൾ ഉപദേശിച്ചതനുസരിച്ചു, ഉള്ള ലേഖനങ്ങൾ തുടരെ പ്രസിദ്ധീകരിക്കാനുള്ള ഔത്സുക്യം താങ്കൾ പ്രദർശിപ്പിച്ചതു തികച്ചു സമുചിതവും പ്രശംസാർഹവുമായിട്ടുണ്ടു്.

മററൊരു കാര്യം. തിരുവിതാംകൂറിലും കൊച്ചിയിലും സ്വാതന്ത്ര്യം കൈവന്നുപോയി എന്നു മന്ത്രിമാർ വിചാരിക്കുന്നുണ്ടല്ലോ. ജനങ്ങൾക്കു അതു ബോദ്ധ്യമായിട്ടുമില്ല. അങ്ങനെ, ജനങ്ങളുടേയും മന്ത്രിമാരുടേയും ഇടയ്ക്കു ഒരു വിരോധാഭാസം നാമ്പെടുത്തിരിക്കുന്നു. ഈ വൈരുദ്ധ്യങ്ങളെ തുറന്നുകാട്ടുന്ന പല നല്ല ലേഖനങ്ങളും 'ലോകവാണിയിൽ' കണ്ടതു ഇന്നാട്ടുകാർക്കു എത്രമാത്രം ഹൃദ്യവും ആവേശകരവും ആയിട്ടുണ്ടെന്നോ!

ഇനിയും ഒന്നുകൂടി. സാമ്പത്തികപശ്ചാത്തലത്തിൽ ഇരുന്നുകൊണ്ടു ജീവിതത്തെ പിടിച്ചു വരിഞ്ഞുകെട്ടി ശ്വാസംമുട്ടിക്കുമ്പോൾ, സർ, താങ്കൾക്കു് ഒന്നും തുറന്നു പറയാനില്ലേ? വൻകിട സാഹിത്യനേതാക്കന്മാരെ ക്യാമ്പു മാററിയ കാര്യമാണതു്. എങ്കിലും, ലോകവാണിയുടെ ഓരോ ലക്കത്തിലും ഞാൻ കാണുകയുണ്ടായി, അവധാനപൂർവ്വം നേർവഴിക്കുതന്നെയുള്ള കാൽ വെയ്പിന്റെ നേരിയ നിഴലാട്ടങ്ങൾ! അത്രയ്ക്കു അഭിനന്ദനങ്ങൾ!

കോട്ടയം. കെ. ആർ. രാമകൃഷ്ണൻ.

* * *

സർ,

ലോകവാണി 9-ാം ലക്കത്തിൽ 'വായനക്കാർ ലോകവാണിയിൽ' എന്ന പക്തിയിൽ ശ്രീ. എ. ബാലകൃഷ്ണപ്പിള്ള എഴുതിയ ഒരു കത്തു വാ

ഷിപ്പ്. അതിൽ മാഗസൈസേൻ ടച്ച് എന്ന ഒരു പുതിയ പ്രയോഗം കണ്ടു. അതിന്റെ ആശയം വിശദമായിരുന്നു എങ്കിലും അങ്ങിനെ ഒരു പ്രയോഗം പ്രചാരത്തിലുണ്ടോ എന്നു സംശയംതോന്നുകയാൽ, ഫ്റഞ്ച്, ഇംഗ്ലീഷു എന്നീ ഭഷയുടെ പ്രഫസറന്മാരോടു അന്വേഷണം നടത്തി. അവർ അങ്ങനെയൊന്നു കേട്ടിട്ടുപോലും ഇല്ല എന്നു പറകയുണ്ടായി ശ്രീ. ബാലകൃഷ്ണപ്പിള്ളയുടെ സ്വന്തം സൃഷ്ടി അല്ലെങ്കിൽ, എവിടെനിന്നാണു ഇതിന്റെ ആവിർഭാവം എന്നറിഞ്ഞാൽ കൊള്ളാം.

ആർ. ശിവരാമൻ,

(ഇതിന്നു മറുപടി ശ്രീ. ബാലകൃഷ്ണപിള്ള എഴുതുമെന്നു പ്രതീക്ഷിക്കുന്നു—പത്രാധിപർ)

* * *

പ്രിയപത്രാധിപരേ,

ഇന്ത്യയിൽ പല വ്യവസായങ്ങളും ഗവമ്മെൻറു ഏറ്റെടുത്തു നടത്തിത്തുടങ്ങിയിരിക്കുന്നു. വലിയ മുതലാളിമാക്കു ഇതു ഏററം അസുഖകരമായ ഒരു പരിവത്തനമാണ്. ഇയ്യിടെ അമ്മേരിക്കയിൽനിന്നു മടങ്ങിവന്ന സർ സി. പി. രാമസ്വാമിഅയ്യർ വ്യവസായങ്ങൾ ദേശീയമാക്കുന്നതു ശരിയായ നയമല്ല എന്നു പ്രസ്താവിക്കുകയുണ്ടായി. വ്യക്തികളുടെ കഴിവുകളെ മന്ദിപ്പിക്കുവാൻ അതു പര്യാപ്തമായിരിക്കുമെന്നു അദ്ദേഹം ഭയപ്പെടുന്നു. സമുദായത്തിന്റെ ഉപരിതലത്തിൽ സ്ഥിതിചെയ്യുന്ന ചില വ്യക്തികളുടെ അവകാശ വാദങ്ങളേയാണു സർ സി. പി. ഉൽഘോഷിക്കുന്നതു്. മററുള്ള 95 ശതമാനം വ്യക്തികൾ അദ്ദേഹത്തിന്റെ പരിഗണനയിൽ ഉൾപ്പെടുന്നില്ല. സമത്വസുന്ദരമായ ഒരു പരിതഃസ്ഥിതിയിലേക്കു അതിശീഘ്രം പ്രയാണം ചെയ്യുന്ന ഇന്നത്തെ ലോകത്തിനു ഒരു പക്ഷേ ഇതൊക്കെ ഒരു മന്ദഹാസത്തോടു വീക്ഷിക്കുവാൻ കഴിയുമായിരിക്കും.

തിരുവല്ലാ. എ. വി. ജോർജ്.

* * *

സർ,

"നമ്മുടെ ചലച്ചിത്രങ്ങൾ"

മലയാളത്തിൽ ഇതിനകം 4 ചലച്ചിത്രങ്ങൾ വന്നുകഴിഞ്ഞു. പ്രതീക്ഷിച്ചപോലെ തികവോ മിഴിവോ ഒന്നിന്നും കൈവന്നില്ല. കലാപരമായി, അവ പരാജയങ്ങളായിരുന്നു. എങ്കിൽ അതു അതിശയോക്തി സ്പശമില്ലാത്ത വാസ്തവകഥനം മാത്രമത്രെ. ഇപ്പോൾ ഷൂട്ട് ചെയ്യുവരുന്ന 'വെള്ളിനക്ഷത്ര'ത്തിന്റെ സംവിധായകൻ ഒരു ജമ്മൻകാരനാണു പോലും! അതിനാൽ അതിന്റെ പിറവിയേയും കലാപ്രേമികൾ ഉററുനോക്കുന്നതുകൊണ്ടു ഫലമുണ്ടെന്നു തോന്നുന്നില്ല. രാമരാജ്യവും, കോട് നീസും, അൻമൂൽഘടിയുമൊക്കെ കണ്ടിട്ടു പുറത്തിറങ്ങുന്ന നാം സ്വയം ചോദിക്കുന്നു : "എന്റെ ഭാഷയിലും ഒരുനാൾ ഇത്തരമൊരു പടമുണ്ടാകയില്ലേ?" എന്തുകൊണ്ടുണ്ടായിക്കൂടാ? കേരളത്തിലെ കലാകാരന്മാരും യുവസാഹിത്യകാരന്മാരും മുന്നിട്ടിറങ്ങണം; അത്രമാത്രം. "പീപ്പിൾസ്" തിയേററിന്റെയും " പൃത്ഥ്വിതിയററിന്റെ'യും വിജയങ്ങൾ നമ്മുടെ മുമ്പിലുമുണ്ടു്. ഹൃദയഹാരിയായ ഒരു കഥ. ഭാവപ്രകാശത്തിനു സസമത്ഥരായ നടന്മാർ; കെള്ളന്ന ഒ

രു പശ്ചാത്തലം—ഇവയ്ക്കു നമ്മുടെ
നാട്ടിൽ — 'ബാല്യകാലസഖി'യും
'മൂടുപടവു'മുള്ള നമ്മുടെ മലയാണ്മ
യിൽ—കുന്നുകളും പൂഞ്ചോലകളുമു
ഈ പച്ചപിടിച്ച കേരളത്തിൽ—യാ
തൊരു ക്ഷാമവുമില്ല. പണത്തിനെ
സംബന്ധിച്ച ചോദ്യമുള്ളു. ഒന്നു
സഹൃദയരായ ധനാഢ്യന്മാർ വേ
ണ്ടുന്ന തുക മുഴുവൻ കലാകാരന്മാരു
ടെ ഒരു സമിതിയെ ഏല്പിക്കുക. പ
ടത്തിന്റെ നിർമ്മാണത്തിൽ അവക്കു
യാതൊരു നിയന്ത്രണവുമുണ്ടായിരി
ക്കാൻ പാടില്ല; ലാഭത്തിൽ വലി
യൊരോഹരി അവക്കെടുക്കാം. അ
തല്ലെങ്കിൽ, നാം സ്വന്തമായി പ
ണം പിരിച്ചുണ്ടാക്കി നിർമ്മാണം തു
ടങ്ങുക, കേരളത്തിലെ കലാകന്മാരു
ടെയും സാഹിത്യകാരന്മാരുടെയും
—വിശിഷ്യ മദിരാശി മലയാളികളു
ടെ; കാരണം അവക്കു സാമ്പത്തിക
മായി വളരെയൊക്കെ സഹകരിച്ചു
പ്രവത്തിക്കാനുള്ള സാദ്ധ്യതകളുണ്ടു്
—അഭിപ്രായങ്ങൾ ഇ കാര്യത്തിലെ
ന്താണെന്നറിവാൻ ഞാനാശിക്കുന്നു.
ലോകവാണി പത്രാധിപർ ഈ അഭി
പ്രായത്തോടനുകൂലിക്കുമെന്നു വി
ശ്വസിക്കട്ടെയോ—?

ടി. പത്മനാഭൻ
കൊസിയാൽ ബേൽ.
മംഗലാപുരം.

പ്രിയ പത്രാധിപരെ,

ലോകവാണിയുടെ പത്തു ലക്കങ്ങ
ളും വായിച്ചു. വളരെ നന്നായിട്ടുണ്ടു്.
കേരളത്തിന്നഭിമാനിക്കത്തക്ക കലാ
സമ്പൂണ്ണമായതാണു് ആ ലക്കങ്ങളെ
ല്ലാം തന്നെ എന്നുള്ളതു് എത്രയും
അഭിമാനകരമാണു്.

കക്ഷി വഴക്കുകൾക്കോ മററു് അ
നാവശ്യ വടംവലികൾക്കോ അരു നി
ല്ക്കാതെ കൈരളിയെ ശുശ്രൂഷിച്ചു വ
രുന്ന 'ലോകവാണി' ഒരു വാരികയാ
യിക്കാണുവാൻ ഞാൻ മുമ്പു് ആഗ്ര
ഹിച്ചപ്രകാരം ഇപ്പോഴും അതിയാ
യി ആഗ്രഹിക്കുന്നു. അതിന്റെ കെ
ട്ടും മട്ടും ഒന്നു മാററിയാൽ നന്നായി
രുന്നു. മാററം വരുത്തുന്നുണ്ടെങ്കിൽ
ജനങ്ങളെ ആകഷിക്കത്തക്കതായിരി
ക്കണം. ഇങ്ങനെ പല പ്രകാരത്തി
ലും കൈരളിയെ പോഷിപ്പിക്കുവാൻ
'ലോകവാണി'ക്കു പ്രാപ്തി ഉണ്ടെന്നു
വിശ്വസിക്കുന്നു. അങ്ങിനെ നിങ്ങ
ളിൽ നിന്നു് ഒരു ഓണം വിശേഷാൽ
പ്രതിയും പ്രതീക്ഷിക്കുന്നു.

ഇതു വരെ പ്രവത്തിച്ച പ്രകാരം
യാതൊന്നിന്റേയും കുത്തകയാവാ
തെ എത്രയും കാലം കൈരളിക്കു നേ
തൃത്വവും നൽകി പരിലസിക്കുവാൻ
'ലോകവാണി'ക്കു ശക്തിയുണ്ടായി
ത്തീരുവാൻ സവ്വേശ്വരനോടു പ്രാ
ത്ഥിക്കുന്നു.

പള്ളിക്കുന്നു്. പി. വി. മുകുന്ദൻ.

---

Printed by V. Balasubramanian at The Jaya Kerala Press
1/16 Royapettah High Roaod, Madras.
Edited and Published by K. M. George M. A.,
1/16 Royapettah High Road, Madras.

# റേഡിയോ നാടകങ്ങൾ

(കെ. എം. ജോർജ്ജ്)

മദിരാശി കേന്ദ്രത്തിൽ നിന്നും പ്രക്ഷേപണം ചെയ്ത അഞ്ചു നാടകങ്ങൾ.

കവിയുടെ കാമുകി

മരുമകൾ

സംഗീതരാഗം

ശ്രീമതി ഇത്തിക്കണ്ണി

മാത്തുവിന്റെ മാററം

കൂടാതെ റേഡിയോ നാടകരചനയിലും, പ്രകടനത്തിലും ആദരിക്കേണ്ട സാങ്കേതിക നിയമങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്ന ഒരു ലേഖനവും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു.

വില ഒരു രൂപാ.

താഴെ ചേർക്കുന്ന വിലാസത്തിൽ ഉടനെ എഴുതുക:

**The Geo Book Depot,**

**Kottayam,**

**TRAVANCORE.**

Regd. No M. 5100



LABORATORY Equipment

The

CENTRAL SCIENTIFIC SUPPLIES. CO. LTD.,

TRIVANDRUM.. H.O. TAMBARAM... BANGALORE.

ശാസ്ത്രപഠനത്തിനു ഉപയോഗമുള്ള ലാബറട്ടറി ഉപകരണങ്ങൾ,
മാപ്പുകൾ, ചിത്രങ്ങൾ, മരുന്നുകൾ, എന്നിങ്ങനെ പല
സാമഗ്രികളും, മിതമായ വിലക്കു ഈ കമ്പനിയിൽ
നിന്നും ലഭിക്കുന്നതാണ്.

# ലോകവാണി

(പ്രതിപക്ഷ പത്രിക)

**ആവശ്യമുണ്ട്.**

1. കൊല്ലം, ആലപ്പുഴ, തൊടുപുഴ, മാവേലിക്കര, കുന്നംകുളം, ആലുവാ, തലശ്ശേ ി, പാലക്കാട് എന്നീ സ്ഥലങ്ങളിലേക്കു ഏജന്റന്മാരെ ആവശ്യമുണ്ട്. വ്യവസ്ഥകൾക്കു എഴുതുക.

2. സാമർത്ഥ്യവും പരിച വുമുള്ള ഒരു സബ് എഡിറ്ററെ ആവശ്യമുണ്ട്. യോഗ്യതകളും, സ്വീകരിക്കാവുന്ന കുറഞ്ഞ ശമ്പളവും കാണിച്ചു എഴുതുക.

The Editor,
LOKAVANI Office
Tambaram.

Cover printed at Lodhra Press, Madras.